
# മലങ്കരസഭ

ഫെബ്രുവരി 2000



പരിശുദ്ധ ബസ്സേലിയോസ് മാർത്തോമ്മാ മാത്യൂസ് ദ്വിതീയൻ
കാതോലിക്കാ ബാവായുടെ 86 – ാം ജന്മദിനത്തോടനുബന്ധിച്ച്
ദേവലോകം അരമന ചാപ്പലിൽ നടന്ന ചടങ്ങിൽ
ബാവാ കേക്ക് മുറിക്കുന്നു.

പ. പരുമല തിരുമേനിയുടെ
മദ്ധ്യസ്ഥതയിൽ
അഭയം പ്രാപിച്ചുകൊണ്ട്



K.M. VARGHESE & FAMILY
Kuzhiparambil
Pathanamthitta



# മലങ്കരസഭ

ദേവലോകം കോട്ടയം-686 038
ലക്കം: 2 പുസ്തകം 56
ഫെബ്രുവരി 2000




PATRON SAINT


## പത്രാധിപസമിതി

*പ്രസിഡന്റ്*
**ഫീലിപ്പോസ് മാർ യൗസേബിയോസ്**
ഫോൺ: 0473-322243 (Off) 325942 (Res)

*വൈസ് പ്രസിഡന്റ്*
**പൗലൂസ് മാർ മിലിത്തിയോസ്**
ഫോൺ: 0488-523001

*ചീഫ് എഡിറ്റർ*
**ഫാ. ഡോ. ജേക്കബ് കുര്യൻ**
ഫോൺ: 0481-568046

*അംഗങ്ങൾ*
**ഫാ. റ്റി.ജെ. ജോഷ്വ**
**ഫാ. കെ.എം. ജോർജ്ജ്**
**ഫാ. ജോസഫ് സാമുവൽ കറുകയിൽ**
**ഫാ. ജോൺ തോമസ് കരിങ്ങാട്ടിൽ**
**എ.കെ. തോമസ് (സഭാ സെക്രട്ടറി)**
**ഡോ. സാമുവേൽ ചന്ദനപ്പള്ളി**
**അഡ്വ. പി.സി. മാത്യു, പുലിക്കോട്ടിൽ**
**പോൾ മണലിൽ**
**കെ.വി. മാമ്മൻ**

*മാനേജർ*
**ഫാ. റ്റി.ജി. സഖറിയ**
ഫോൺ: 0481-578234

*മാനേജിംഗ് എഡിറ്റർ*
**ഫാ. റ്റി.എ. ഇടയാടി**
ഫോൺ: 0473-360421 (Res.)

*സർക്കുലേഷൻ കൺസൾട്ടന്റ്*
**ഒ.ജി. തരകൻ**

*ബിസിനസ്സ് മാനേജർ*
**ഡീക്കൻ. ഷൈജു കുര്യൻ**



*ഡി.റ്റി.പി.*
**എം.എസ്. ഗ്രാഫിക്സ്, ദേവലോകം**


## ഉൾത്തുടിപ്പുകൾ


**എഡിറ്റോറിയൽ**
4 അമേരിക്കയിൽനിന്ന് ഒരു പച്ച ഒലിവില
ഫാ. ഡോ. ജേക്കബ് കുര്യൻ

5 മഹാപുരോഹിത സന്ദേശം

**ധ്യാനപംക്തി**
7 സുവിശേഷ സന്ദേശം
ഫാ. കുര്യൻ ഡാനിയേൽ

**ബൈബിൾപഠനം**
15 പത്രോസ് എഴുതിയ ഒന്നാം ലേഖനം
ഫാ. ഒ.പി. വർഗ്ഗീസ്

**ബാലസഭ**
12 യേശുനാഥന്റെ പൂന്തോട്ടം
കുഞ്ഞിച്ചായൻ

**ലേഖനങ്ങൾ**
14 അമേരിക്കൻ മെത്രാസനത്തിന് ഒരു പുതിയ.....
ഫാ. ഫിലിപ്പ് സി. എബ്രഹാം

16 നമ്മുടെ മനസ്സലിവ് അളക്കുന്ന ഒറീസ്സായിലെ...
ഡോ. ഗീവർഗ്ഗീസ് മാർ ഒസ്താത്തിയോസ്

18 പേരിനെ അന്വർത്ഥമാക്കിയ മാർ അന്തോണിയ
വെരി. റവ. കെ.ജെ. കുര്യാക്കോസ്

19 Values of a Mature Personality
Dr. Yakob Mar Irenaios

21 The Mystery of Time
Mathews Mar Barnabas Metropolitan

25 "എല്ലാവരേയും തന്നെക്കാൾ ശ്രേഷ്ഠരായി.......
ഡീ. തോംസൺ റോബി

**പുസ്തകാഭിപ്രായം**
26 "ശൂന്യമാക്കുന്ന മ്ലേച്ഛത"
ഫാ. മാത്യൂസ് തരകൻ, നെല്ലിമൂട്ടിൽ

**കാർട്ടൂൺ**
26 ആനുകാലികം
ഡീക്കൺ കോശി വൈദ്യൻ

**കവിത**
13 ഒരു കുഞ്ഞുപൂവ്
എൽസി ചെറുവത്തൂർ, ചാട്ടുകുളം

14 സ്നാപകശിരഃഛേദം
കെ.സി. അലക്സാണ്ടർ, പുനലൂർ

27 വാർത്തകൾ

പ. പരുമലതിരുമേനിയുടെ
മദ്ധ്യസ്ഥതയിൽ
അഭയം പ്രാപിച്ചുകൊണ്ട്



K.M. VARGHESE & FAMILY
Kuzhiparambil
Pathanamthitta



# മലങ്കരസഭ

ദേവലോകം കോട്ടയം-686 038
ലക്കം: 2 പുസ്തകം 56
ഫെബ്രുവരി 2000




PATRON SAINT


## പത്രാധിപസമിതി

*പ്രസിഡന്റ്*
ഫീലിപ്പോസ് മാർ യൗസേബിയോസ്
ഫോൺ: 0473-322243 (Off) 325942 (Res)

*വൈസ് പ്രസിഡന്റ്*
പൗലൂസ് മാർ മിലിത്തിയോസ്
ഫോൺ: 0488-523001

*ചീഫ് എഡിറ്റർ*
ഫാ. ഡോ. ജേക്കബ് കുര്യൻ
ഫോൺ: 0481-568046

*അംഗങ്ങൾ*
ഫാ. റ്റി.ജെ. ജോഷ്വ
ഫാ. കെ.എം. ജോർജ്ജ്
ഫാ. ജോസഫ് സാമുവൽ കറുകയിൽ
ഫാ. ജോൺ തോമസ് കരിങ്ങാട്ടിൽ
എ.കെ. തോമസ് (സഭാ സെക്രട്ടറി)
ഡോ. സാമുവേൽ ചന്ദനപ്പള്ളി
അഡ്വ. പി.സി. മാത്യു, പുലിക്കോട്ടിൽ
പോൾ മണലിൽ
കെ.വി. മാമ്മൻ

*മാനേജർ*
ഫാ. റ്റി.ജി. സഖറിയ
ഫോൺ: 0481-578234

*മാനേജിംഗ് എഡിറ്റർ*
ഫാ. റ്റി.എ. ഇടയാടി
ഫോൺ: 0473-360421 (Res.)

*സർക്കുലേഷൻ കൺസൾട്ടന്റ്*
ഒ.ജി. തരകൻ
*ബിസിനസ്സ് മാനേജർ*
ഡീക്കൻ. ഷൈജു കുര്യൻ



*ഡി.റ്റി.പി.*
എം.എസ്. ഗ്രാഫിക്സ്, ദേവലോകം


## ഉൾത്തുടിപ്പുകൾ


എഡിറ്റോറിയൽ
4 അമേരിക്കയിൽനിന്ന് ഒരു പച്ച ഒലിവില
ഫാ. ഡോ. ജേക്കബ് കുര്യൻ

5 മഹാപുരോഹിത സന്ദേശം

ധ്യാനപംക്തി
7 സുവിശേഷ സന്ദേശം
ഫാ. കുര്യൻ ഡാനിയേൽ

ബൈബിൾപഠനം
15 പത്രോസ് എഴുതിയ ഒന്നാം ലേഖനം
ഫാ. ഒ.പി. വർഗ്ഗീസ്

ബാലസഭ
12 യേശുനാഥന്റെ പൂന്തോട്ടം
കുഞ്ഞിച്ചായൻ

ലേഖനങ്ങൾ
14 അമേരിക്കൻ മെത്രാസനത്തിന് ഒരു പുതിയ.....
ഫാ. ഫിലിപ്പ് സി. എബ്രഹാം

16 നമ്മുടെ മനസ്സലിവ് അളക്കുന്ന ഒറീസ്സായിലെ...
ഡോ. ഗീവർഗ്ഗീസ് മാർ ഒസ്താത്തിയോസ്

18 പേരിനെ അന്വർത്ഥമാക്കിയ മാർ അന്തോണിയ
വെരി. റവ. കെ.ജെ. കുര്യാക്കോസ്

19 Values of a Mature Personality
Dr. Yakob Mar Irenaios

21 The Mystery of Time
Mathews Mar Barnabas Metropolitan

25 "എല്ലാവരേയും തന്നെക്കാൾ ശ്രേഷ്ഠരായി.......
ഡീ. തോംസൺ റോബി

പുസ്തകാഭിപ്രായം
26 "ശൂന്യമാക്കുന്ന മ്ലേച്ഛത"
ഫാ. മാത്യൂസ് തരകൻ, നെല്ലിമൂട്ടിൽ

കാർട്ടൂൺ
26 ആനുകാലികം
ഡീക്കൺ കോശി വൈദ്യൻ

കവിത
13 ഒരു കുഞ്ഞുപൂവ്
എൽസി ചെറുവത്തൂർ, ചാട്ടുകുളം

14 സ്നാപകശിരഃഛേദം
കെ.സി. അലക്സാണ്ടർ, പുനലൂർ

27 വാർത്തകൾ

എഡിറ്റോറിയൽ

# അമേരിക്കയിൽനിന്ന് ഒരു പച്ച ഒലിവില

**ഫാ. ഡോ. ജേക്കബ് കുര്യൻ**

പ്രളയശേഷം നോഹ പുറത്തേക്കുവിട്ട പ്രാവു അവസാനം ഒരു പച്ച ഒലിവില കൊത്തിക്കൊണ്ടുവന്നു. "അതിനാൽ ഭൂമിയിൽ വെള്ളം കുറഞ്ഞു എന്നു നോഹ അറിഞ്ഞു." ഇപ്പോഴിതാ അമേരിക്കൻ ഭദ്രാസനാന്തരീക്ഷത്തിൽനിന്ന് ഒരു പച്ച ഒലിവില. അമേരിക്കൻ ഭദ്രാസനത്തിന് അഭിമാനാർഹമായ ഒരു ഭദ്രാസനകേന്ദ്രം രൂപപ്പെടുന്നു (തത്സംബന്ധമായി പ്രസ്തുത പ്രോജക്ട് മാനേജരുടെ ലേഖനം ഈ ലക്കത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നു). മനോഹരമായ ഒരന്തരീക്ഷത്തിൽ എല്ലാ സൗകര്യങ്ങളും ഉള്ള വിശാലമായ ഒരു കെട്ടിടസമുച്ചയം സഭയ്ക്കുവേണ്ടി വാങ്ങുവാൻ നടപടികൾ പൂർത്തിയായിക്കൊണ്ടിരിക്കുന്നു. ചാപ്പൽ, കോൺഫ്രറൻസ്ഹാൾ, താമസസൗകര്യം, ഭക്ഷണശാല, ലൈബ്രറി, ഓഫീസ് കോംപ്ലക്സ്, പാർക്കിംങ് മുതലായ എല്ലാ സജ്ജീകരണങ്ങളും ഉള്ള ഈ ഭദ്രാസനകേന്ദ്രം സഭയ്ക്കുമുഴുവൻ അഭിമാനവും, അമേരിക്കൻ സഭാപ്രവർത്തനചരിത്രത്തിൽ ഒരു പുതിയ അദ്ധ്യായവും ആയിരിക്കുമെന്നതിനും രണ്ടുപക്ഷമില്ല. ഇതിനുപിന്നിൽ പ്രവർത്തിക്കുന്ന എല്ലാവരെയും അഭിനന്ദിക്കുന്നു.

പുതിയ ഭദ്രാസനാസ്ഥാനം ഉണ്ടാകുന്നതോടെ പ്രവർത്തനങ്ങൾക്ക് പുതിയ മാനവും ശൈലിയും രൂപപ്പെടുവാൻ പ്രാർത്ഥിക്കാം, ആശിക്കാം. ഇതിനോടുബന്ധപ്പെട്ട ചില കാര്യങ്ങൾ ചൂണ്ടിക്കാട്ടുന്നത് ചിലർക്കിഷ്ടപ്പെടാതെ വന്നേക്കാം. സദയം ക്ഷമിക്കുക.

1. വളരുന്തോറും പിളരുകയും, പിളരുന്തോറും വളരുകയും ചെയ്യുന്ന ഒരു ഘട്ടം ഇതുവരെയും ഉണ്ടായിരുന്നു. അതിനിയും തുടരുവാൻ അനുവദിച്ചുകൂടാ. ഒരുപക്ഷേ, രാഷ്ട്രീയത്തിൽ ഈ പ്രതിഭാസം സഹിക്കാമെങ്കിലും, സഭയിൽ ഇത് അപമാനകരമാണ്. ഒരിടവക രൂപപ്പെടണമെങ്കിൽ അതിന് ചില മിനിമം യോഗ്യതകൾ ഉണ്ടായിരിക്കണം. അംഗസംഖ്യ, സമീപസ്ഥ ഇടവകകളുമായുള്ള നല്ല ബന്ധം, മുഴുസമയ വൈദിക ശുശ്രൂഷാസാധ്യത മുതലായ ഒട്ടനവധി കാര്യങ്ങൾ ഈ യോഗ്യതാനിർണ്ണയത്തിൽ ഉൾപ്പെട്ടിരിക്കണം.

2. ഇതുവരെയും അമേരിക്കയിൽ ലഭ്യമായിരിക്കുന്ന വൈദികശുശ്രൂഷ ഒരു ഓണററിസ്റ്റാറ്റസിൽ ഉള്ളതാണ്. ഇടവകയ്ക്ക് വലിയ സാമ്പത്തികഭാരം ഉണ്ടാകാത്ത വിധത്തിലുള്ള പല വൈദികരുടെയും ത്യാഗപൂർണ്ണമായ നേതൃത്വം ആണ് അമേരിക്കയിൽ ഇത്രയധികം ഇടവകകൾ ഉണ്ടാകുവാൻ കാരണം എന്നതിന് തർക്കമില്ല. എന്നാൽ എക്കാലവും ഇങ്ങനെ തന്നെയാകണമെന്നില്ല. ക്ലിപ്തകാലം മുഴുവൻസമയ വികാരിത്വംവഹിച്ച് സ്ഥലംമാറിപ്പോകുന്ന വൈദികശുശ്രൂഷാ ശൈലിയുള്ളിടത്തേ സഭാപരമായ അച്ചടക്കം സാധിക്കൂ. സാവധാനം ഈ ക്രമീകരണത്തിലേക്ക് വരുവാനുള്ള ഒരു ദീർഘകാല ആസൂത്രണത്തിൽ മുഴുവൻസമയ വികാരിത്വത്തോടുചേർന്ന് നിലവിലുള്ള ഓണററി വൈദികസേവനത്തെയും മാന്യമായി ഉൾക്കൊള്ളാവുന്നതാണ്.

3. അമേരിക്കൻ യുവതലമുറയെ ലാക്കാക്കി, അമേരിക്കൻ സാഹചര്യത്തിൽതന്നെ നടത്തപ്പെടുന്ന വൈദികപരിശീലനവും നേതൃത്വസജ്ജീകരണവും പുതിയ ഭദ്രാസന ആസ്ഥാനത്ത് അടിയന്തിരമായി ആരംഭിക്കേണ്ട പ്രവർത്തനങ്ങളാണ്.





മഹാപുരോഹിത സന്ദേശം

# വിശുദ്ധീകരണം അനിവാര്യം – അത്ഭുതാനുഗ്രഹങ്ങൾ തൊട്ടുകൂടെ

വാത്സല്യമക്കളേ,

കർത്താവിൽ പ്രിയരായ സഹോദരങ്ങളേ, സഹൃദയരായ സ്നേഹിതരേ, നിങ്ങൾക്കെല്ലാവർക്കും അനുഗ്രഹങ്ങൾ നിറഞ്ഞ ഒരു പുതുവർഷവും പുതിയ നൂറ്റാണ്ടും പുതിയ സഹസ്രാബ്ദവും ബലഹീനനായ നാം ആശംസിയ്ക്കുന്നു.

ഈ പുതിയ കാലഘട്ടത്തിലേക്ക് പ്രവേശിയ്ക്കാൻ ദൈവം നമുക്ക് അവസരവും ഭാഗ്യവും നല്കിയ ദൈവത്തെ നമുക്ക് സ്തുതിയ്ക്കാം. ഈ നവാവസരം കാണുവാൻ കാത്തിരുന്ന അനേകർ ശരീരം വെടിഞ്ഞ് ആത്മലോകത്തിൽ അംഗങ്ങളും അംശികളുമായിത്തീർന്നു. അവരെല്ലാവരെയും കൃതജ്ഞതയോടെ നാം സ്മരിയ്ക്കുകയും അവർക്കുവേണ്ടി പ്രാർത്ഥിയ്ക്കുകയും അവരുടെ പ്രാർത്ഥനകളിലും അനുഗ്രഹങ്ങളിലും സങ്കേതപ്പെടുകയും ചെയ്യുന്നു. അവരുമായിട്ടുള്ള ഐക്യം പരസ്പരം പ്രോത്സാഹനവും സഹായവുമായിത്തീരട്ടെ.

സ്നേഹിതരേ, ഏതൊരു കാലഘട്ടത്തിലേക്ക് നാം പ്രവേശിച്ചാലും അതിന് വ്യക്തമായ ഒരു ഒരുക്കം അനിവാര്യമാണ്. നമ്മുടെ കർത്താവുതന്നെ രണ്ടരയോ മൂന്നോ വർഷമുള്ള ശുശ്രൂഷാകാലത്തിനുവേണ്ടി മുപ്പതുവർഷമാണ് ഒരുങ്ങിയത്. തൊട്ടുപിന്നാലെ മൂന്നുവർഷം തുടങ്ങുമ്പോഴും നാല്പതുദിവസം ഭക്ഷണപാനീയങ്ങൾ വർജ്ജിച്ചു പിതാവുമായി ഉറ്റബന്ധത്തിൽ കഴിഞ്ഞു. കർത്താവിനതാവശ്യമായിരുന്നെങ്കിൽ നമുക്കെത്രയധികം!

ദൈവത്തിന്റെ ജനമായ ഇസ്രായേലിനെ ഫറവോന്റെ അടിമത്വത്തിൽനിന്ന് വീണ്ടുകൊള്ളുവാൻ മോശയെ യഹോവ നിശ്ചയിച്ച് കല്പിച്ചയച്ചു. മോശയ്ക്കും അതിനുള്ള ഒരുക്കം അനിവാര്യമായിരുന്നു. മോശ, യഹോവയുടെ വിളികേട്ടു. അനുസരിച്ചു, സമർപ്പിച്ചു. 'നീ പോക, ഞാൻ നിന്നോടുകൂടെയുണ്ട്" എന്ന ദൈവത്തിന്റെ വാഗ്ദാനം അവനെ ശക്തിപ്പെടുത്തി. ഫറവോന്റെ അടിമത്വത്തിൽനിന്ന് വിമുക്തരാകേണ്ടതിന് ജനത്തിന്റെയും ഒരുക്കം ആവശ്യമായിരുന്നു. ദൈവദാസനായ മോശ അവരെ സജ്ജമാക്കി. ദൈവത്തിന്റെ പലപല വ്യാപാരങ്ങൾ മുഖാന്തിരം എന്നാലൊടുവിൽ പെസഹായും പെസഹാക്കുഞ്ഞാടും മുഖാന്തിരമായും അവർ വിമുക്തരായി, വീണ്ടെടുക്കപ്പെട്ടു. വാഗ്ദത്തനാട്ടിലേക്ക് പ്രയാണം തുടങ്ങി. എന്നാൽ ദീർഘമായ നാല്പതു വർഷം യാത്രയ്ക്കുവേണ്ടി വന്നു. മോശ മാർഗ്ഗമദ്ധ്യേ വാഗ്ദത്തനാട് കണ്ടതല്ലാതെ പ്രവേശിപ്പാൻ കഴിഞ്ഞില്ല. ഉത്തരവാദിത്വം അർഹനായ തന്റെ പിൻഗാമിയുടെ ചുമലിൽ അർപ്പിച്ചു. മോശയെപ്പോലെ ജനത്തിന്റെ അംഗീകൃത നേതാവായിത്തീർന്ന യോശുവ യോർദ്ദാന്റെ ഇക്കരെ നദികടന്ന് വാഗ്ദത്തനാട്ടിലേക്ക് പ്രവേശിയ്ക്കുന്നതിനായി ജനത്തെ കൂട്ടുകയുണ്ടായി. ജീവിതത്തിൽ അത്യന്താപേക്ഷിതവും അനിവാര്യവുമായ ഈ സാഹചര്യത്തിൽ യോശുവ ജനത്തോട് ആജ്ഞാപിച്ച വചസ്സുകൾ യോശുവയുടെ പുസ്തകം മൂന്നാമദ്ധ്യായത്തിൽ 5-ാം വാക്യം മുതൽ ഇപ്രകാരം കാണുന്നു. "നമ്മൾ വാഗ്ദത്തനാട്ടിലേക്ക് പ്രവേശിയ്ക്കാൻ പോവുകയാണ്. നമുക്ക് ഒരു ഒരുക്കം ആവശ്യമാണ്. അത് മറ്റൊന്നുമല്ല. നിങ്ങളെത്തന്നെ നഖശിഖാന്തം വിശുദ്ധീകരിപ്പിൻ. എങ്കിൽ മാത്രമേ ദൈവത്തിന്റെ അത്ഭുതം കാണുവാൻ കഴിയുകയുള്ളു. വിശുദ്ധീകരിച്ചാൽ, സംശയിക്കേണ്ടാ. ദൈവത്തിന്റെ അത്ഭുതം നമ്മൾ കാണും, നിശ്ചയം." പരിശുദ്ധനായ യോശുവായുടെ ഹൃദയം നമുക്ക് ലഭിയ്ക്കണമേ എന്ന് ദൈവത്തോട് നമ്മൾ പ്രാർത്ഥിയ്ക്കണം. ബലഹീനനായ ഞാനും പ്രാർത്ഥിയ്ക്കുന്നു.

യോശുവായുടെ ദൈവകല്പന ജനം അക്ഷരംപ്രതി പാലിയ്ക്കാൻ ശ്രമിച്ചു. അവരെത്തന്നെ വിശുദ്ധീകരിച്ചു. ദൈവഹിതപ്രകാരം സജ്ജമായ അവർ വിശ്വാസത്തോടും ദൈവാശ്രയത്തോടും യാത്ര തുടർന്നു. യോശുവാ ജനത്തോട് കല്പിച്ചു: "ഭയപ്പെടേണ്ടാ, ജീവനുള്ള ദൈവം നമ്മുടെ ഇടയിലുണ്ട്. ദൈവത്തിന്റെ വ്യാപാരം നിങ്ങൾ കാണും." സർവ്വഭൂമിയുടെയും നാഥനായ യഹോവയുടെ പെട്ടകം ചുമക്കുന്ന പരിശുദ്ധ പുരോഹിതന്മാർ യോർദ്ദാൻ നദിയുടെ അരികിൽ വെള്ളത്തിൽ ചവിട്ടിയപ്പോൾ നദിയുടെ മേലിൽനിന്നുള്ള ഒഴുക്കുനിന്നു. വെള്ളം ചിറപോലെ കെട്ടിനിന്നു. നദിയുടെ മദ്ധ്യേ ഉണങ്ങിയ കരയുണ്ടായി. പെട്ടകവാഹികളായ പരിശുദ്ധ പുരോഹിതന്മാർ യോർദ്ദാൻ നദിയുടെ നടുക്ക് യിസ്രായേൽ കടന്നുപോകുന്നതുവരെ നിശ്ചലമായി നിന്നു. ജനമെല്ലാം ഉണങ്ങിയ കരയിലൂടെ യാത്രചെയ്തു; മറുകരയിലെത്തി, വാഗ്ദത്ത നാട്ടിലേക്ക് പ്രവേശിച്ചു. ഇത് നിസ്സാരമായി വായിച്ചുകളയേണ്ട സംഭവമല്ല. ഇത് എന്തൊരു വലിയ വിസ്മയം, ദൈവത്തിന്റെ അത്ഭുതമല്ലേ? ദൈവത്തിന്റെ വിശുദ്ധന്മാർ കണ്ടു, രുചിച്ചു, ആസ്വദിച്ചു. ഇത് സത്യമായ ജീവിതാനുഭവങ്ങളുടെ സാക്ഷ്യമാണ്. നിങ്ങളും ബലഹീനനായ നാമും ഈ കയറ്റുപടിയിലെത്തിയാൽ ഈവക അത്ഭുതങ്ങളെ കാണാതിരിയ്ക്കില്ല. കാണുകതന്നെ ചെയ്യും. അതാസ്വദിയ്ക്കും, ദൈവത്തെ സ്തുതിയ്ക്കുകയും മഹത്വം പാടുകയും ചെയ്യും.

സഹോദരങ്ങളേ, നമുക്കും വാഗ്ദത്തനാട്ടിൽ പ്രവേശിയ്ക്കണമെങ്കിൽ ഒരുക്കം അത്യന്താപേക്ഷിതമാണ്. ഒരുക്കമുള്ളവർ ബുദ്ധിയുള്ള കന്യകമാരെപ്പോലെ വാഗ്ദത്ത നാട്ടിൽ പ്രവേശിയ്ക്കും. ഒരുക്കമില്ലാത്തവർക്ക് വാതിൽ തുറന്നുകിട്ടില്ല. നിങ്ങളെ അറിയുന്നില്ല എന്ന ഘോരശബ്ദമായിരിയ്ക്കും ശ്രവിയ്ക്കുവാൻ ഇടയാകുന്നത്. ദൈവം നമുക്ക് നല്കിയിരിയ്ക്കുന്ന ഈ പുതുദിവസങ്ങളിൽ ഈ കാലഘട്ടത്തിൽ ബലഹീനനായ ഞാനും നിങ്ങൾ ഏവരും ദൈവത്തിന്റെ അത്ഭുതം കാണണം. ആസ്വദിയ്ക്കണം. സങ്കീർത്തനക്കാരൻ പ്രവചിയ്ക്കുന്നതുപോലെ യഹോവയെ രുചിച്ചറിയണം. അവൻ നല്ലവനാണെന്ന് ബോദ്ധ്യമാകണം. നമ്മുടെ കർത്താവ് എഴുന്നെള്ളുമ്പോൾ എന്റെ പിതാവിനാൽ അനുഗ്രഹിയ്ക്കപ്പെട്ടവരേ, നിങ്ങൾ വരുവിൻ, ലോകസ്ഥാപനം മുതൽ നിങ്ങൾക്കായി ഒരുക്കിയിരിയ്ക്കുന്ന രാജ്യം അവകാശമാക്കിക്കൊൾവിൻ" (വി. മത്തായി 25:34) എന്ന നമ്മുടെ കർത്താവിന്റെ മാധുര്യശബ്ദം ശ്രവിപ്പാൻ നിശ്ചയമായും സംഗതിയാകും. ആകയാൽ നമ്മെത്തന്നെ ഒരുക്കാം. ദൈവാത്ഭുതം കാണുവാനും ആസ്വദിയ്ക്കുവാനും നിങ്ങൾക്കും ബലഹീനനായ എനിയ്ക്കും അവസരം ലഭിയ്ക്കട്ടെ.

വിശുദ്ധീകരണം എന്നാൽ എന്താണെന്നു ചിന്തിയ്ക്കാൻ സംഗതി വരുമല്ലോ. സ്നേഹിതരെ, വിശുദ്ധീകരണം എന്നുപറഞ്ഞാൽ ദൈവസന്നിധിയിൽ പരിപൂർണ്ണമായി സമർപ്പിച്ച ഒരു ജീവിതമാണ്. ദൈവത്തിനുവേണ്ടിയും ദൈവം നിമിത്തവും ദൈവത്തിൽകൂടിയും ദൈവികമായും ഒരു ജീവിതമാണ് വിശുദ്ധജീവിതം. ദൈവത്തിൽനിന്നന്യമായ ഒരു കാര്യവും ചിന്തയിലോ സംസാരത്തിലോ പ്രവർത്തനത്തിലോ വരുവാൻ പാടില്ല. ആ വ്യക്തിയുടെ കേന്ദ്രം ദൈവമാണ്. അശുദ്ധമായോ അനീതിയായോ ഒന്നും ചെയ്യുവാൻ അങ്ങനെയുള്ള വ്യക്തിയോ സമൂഹമോ ഇഷ്ടപ്പെടുകയില്ല. നേരെമറിച്ച് ദൈവപ്രസാദമുള്ള എല്ലാ കാര്യങ്ങളിലും ഈ വ്യക്തി, ഈ സമൂഹം ശ്രദ്ധാലുക്കളാണ്. എന്നു മാത്രമല്ല അവയെല്ലാം ഉൾക്കൊണ്ട് അതിനുവേണ്ടി ജീവിതം അർപ്പിയ്ക്കുകയും ചെയ്യും. ഇതുപോലെയുള്ള വേർതിരിച്ച കുറ്റമറ്റതും ശരിയായതുമായ സമർപ്പിതജീവിതമാണ് വിശുദ്ധീകരണംകൊണ്ട് ദൈവം ആഗ്രഹിയ്ക്കുന്നത്. ഇതുകൊണ്ട് കഷ്ടതയോ ക്ലേശമോ വരില്ല എന്ന് തെറ്റിദ്ധരിയ്ക്കരുത്. കർത്താവിനെക്കാൾ കഷ്ടതയനുഭവിച്ച ആരും ലോകത്തിലുണ്ടെന്ന് വിശ്വസിയ്ക്കാൻ സാദ്ധ്യമല്ല. കൃപകളും സിദ്ധികളും ധാരാളമുണ്ടാകും. ഒരു തുള്ളി കഷ്ടതയും വ്യർത്ഥമാകില്ല. ഇതുപോലെയുള്ള സമർപ്പിത ജീവിതമാണ് ദൈവദാസരായ ബലഹീനനായ എന്നിൽനിന്നും നിങ്ങളിൽനിന്നും പൊതുവേ നമ്മളിൽനിന്നും ദൈവം പ്രതീക്ഷിയ്ക്കുന്നതെന്ന് പ്രത്യാശിയ്ക്കുന്നു. അങ്ങനെ ചെയ്താൽ നിങ്ങളും ഞാനും സ്വർഗ്ഗരാജ്യത്തിലാകും. സമാധാനം കണ്ടെത്തും. ഇപ്പോഴത്തെ സമാധാനാലോചനകളിലും ദൈവാനുഗ്രഹം കണ്ടെത്തേണ്ടിയിരിക്കുന്നു. ഭക്തരുണ്ടാകട്ടെ. ഭക്തി നടമാടട്ടെ. കള്ളഭക്തിയും ബുദ്ധിപൂർവ്വമായ ഭക്തിയും മാറ്റി ആത്മാർത്ഥമായ ഭക്തി ഉണ്ടാകട്ടെ. പണ്ഡിതരെക്കാൾ പരിശുദ്ധരുണ്ടാകട്ടെ. പണ്ഡിതർ പരിശുദ്ധരാകട്ടെ. അന്നു മാത്രമേ സഭയിൽ ശാന്തിയുണ്ടാവുകയുള്ളു. സമാധാനം നിശ്ചയമായും ഉണ്ടാവുകയും ചെയ്യും. പരിശുദ്ധരായ സഭാമേലധികാരികളുടെ ലക്ഷ്യം സ്നേഹവും സേവനവുമാണ്. അധികാരമോഹമല്ല; അധികാരത്തെ ചുറ്റിപ്പറ്റി ഒന്നുമല്ല ദൈവം എടുത്ത് ഉപയോഗിപ്പാൻ നമ്മൾ യോഗ്യരായി ഭവിയ്ക്കട്ടെ. ദൈവം മാറില്ല, മാറ്റില്ല. ദൈവം ഇടപെടും. നമ്മളെല്ലാം അത്ഭുതം കാണും. വീണ്ടും എല്ലാവർക്കും എന്റെ സ്നേഹം, ആശംസകൾ. ദൈവം അനുഗ്രഹിയ്ക്കട്ടെ.

2000 ഫെബ്രുവരി 1-ാം തീയതി
കാതോലിക്കേറ്റ അരമനയിൽനിന്ന്

ബസേലിയോസ് മാര്‍ത്തോമ്മാ മാത്യൂസ് ദ്വിതീയൻ (signature)

പ. ബസ്സേലിയോസ് മാർത്തോമ്മാ മാത്യൂസ് ദ്വിതീയൻ കാതോലിക്കാ ബാവാ

## ഗിവ്സൈറ്റ് പ്രോജക്ട് - കാര്യമ്പാടി കണ്ണാശുപത്രി

**M.O.S.C. Medical Mission Eye Hospital, Kariambadi P.O., Pin-673 591, Wayanad, Kerala, India.**

തിമിരംമൂലം അന്ധരായ പാവപ്പെട്ട രോഗികൾക്ക് സൗജന്യ ഓപ്പറേഷനിലൂടെ കാഴ്ചനല്കുന്ന പദ്ധതിയാണ് ഗിവ്സൈറ്റ്. ഇൻട്രാ ഒക്കുലർ ലെൻസ് അഥവാ 10L കണ്ണിനുള്ളിൽ നിക്ഷേപിച്ചു നടത്തുന്ന ഓപ്പറേഷൻ ഇന്ന് സർവ്വവ്യാപകമായിരിക്കുന്നു. വ്യക്തവും സൂക്ഷ്മവുമായ കാഴ്ച ലഭിക്കുമെന്നുള്ളതാണ് ഇതിന്റെ പ്രത്യേകത. ഈ ആശുപത്രിയിൽ ഏറ്റവും കൂടുതൽ നടക്കുന്ന ഓപ്പറേഷനും ഇതുതന്നെയാണ്. സന്മനസ്സുള്ളവരിൽ നിന്നും സംഭാവനകൾ സ്വീകരിച്ച് പാവപ്പെട്ട അന്ധരോഗികളുടെ ചികിത്സയ്ക്കായി പ്രയോജനപ്പെടുത്തുന്നു.

താല്പര്യമുള്ള ആർക്കുവേണമെങ്കിലും ഗിവ്സൈറ്റ് പദ്ധതിയിൽ അംഗങ്ങളാകാം. ലെൻസ്വച്ചുള്ള ഓപ്പറേഷന് 1000 (ആയിരം) രൂപയും സാധാരണ ഓപ്പറേഷന് 500 (അഞ്ഞൂറു) രൂപയും വീതം സംഭാവന നല്കിയാൽ നിങ്ങളുടെ പേരിൽ ഞങ്ങൾ ഏതെങ്കിലും പാവപ്പെട്ട ഒരന്ധനു കാഴ്ചനല്കുന്നു. കാഴ്ച ലഭിച്ചയാളെ കുറിച്ചുള്ള വിവരം യഥാസമയം നിങ്ങളെ അറിയിക്കുകയും ചെയ്യും.

1986-ലാണ് ഈ കണ്ണാശുപത്രി ആരംഭിച്ചത്. പ്രസിഡണ്ടും രക്ഷാധികാരിയും പരിശുദ്ധ കാതോലിക്കാ ബാവാ തിരുമേനിയും, വൈസ് പ്രസിഡണ്ട് സുൽത്താൻ ബത്തേരി ഭദ്രാസനാധിപൻ കുര്യാക്കോസ് മാർ ക്ലീമീസ് തിരുമേനിയുമാണ്. M.S. (ophthal) ബിരുദമുള്ള 4 വിദഗ്ദ്ധ ഡോക്ടർമാരും സേവനസന്നദ്ധരായ പാരാമെഡിക്കൽ സ്റ്റാഫും, താക്കോൽ ദ്വാരശസ്ത്രക്രിയ ഉപകരണമായ ഫേക്കോ ഉൾപ്പെടെയുള്ള എല്ലാ അത്യാധുനിക ഉപകരണങ്ങളുമുള്ള ഒരു സൂപ്പർ സ്പെഷ്യാലിറ്റി ഐ ഹോസ്പിറ്റലായി ഈ സ്ഥാപനം വളർന്നു കഴിഞ്ഞു.

ഈ സാമ്പത്തിക വർഷം 782053-ഉം രൂപയുടെ സൗജന്യചികിത്സ അർഹിക്കുന്നവർക്കായി നല്കുകയുണ്ടായി. 7031 ഓപ്പറേഷൻ ആകെ നടത്തിയതിൽ 2488-ഉം സൗജന്യമായിരുന്നു. ഇൻട്രാ ഒക്കുലർ ലെൻസുവച്ച് ഇതിനകം 1304 പേർക്ക് സൗജന്യ ഓപ്പറേഷനിലൂടെ കാഴ്ചനല്കാനും സാധിച്ചു.

അനേകരുടെ വിലപ്പെട്ട സഹായം ലഭിക്കുന്നതുകൊണ്ടാണ് ഞങ്ങൾക്കിതു സാധിക്കുന്നത്. സഹായിച്ച എല്ലാവരോടും നന്ദി അറിയിക്കുന്നു. മേലിലും സഹായസഹകരണങ്ങൾ അഭ്യർത്ഥിക്കുന്നു.

ജന്മദിനം, വിവാഹദിനം, പ്രിയപ്പെട്ടവരുടെ ഓർമ്മദിനം കൂടാതെ മറ്റേതെങ്കിലും വിശേഷദിനം വരുമ്പോൾ നമ്മുടെ കർത്താവിന്റെ സൗഖ്യദാനശുശ്രൂഷയുടെ ഭാഗമായ ഈ ആതുരശുശ്രൂഷയിൽ ഒരു ജീവകാരുണ്യപ്രവർത്തിയെന്ന നിലയിൽ **ഗിവ്സൈറ്റ് പ്രോജക്ടിലേക്ക്** സംഭാവനകൾ നല്കാൻ അഭ്യർത്ഥിക്കുന്നു.

വിദേശങ്ങളിൽനിന്നുമുള്ള സംഭാവനകൾ സ്വീകരിക്കുന്നതിന് കേന്ദ്രസർക്കാരിന്റെ F.C.R.A. അനുവാദവും ലഭിച്ചിട്ടുണ്ട്.

നിങ്ങളുടെ സംഭാവന ട്രഷറാർ, **ഗിവ്സൈറ്റ് പ്രോജക്ട്, M.O.S.C. മെഡിക്കൽ മിഷൻ ഐ ഹോസ്പിറ്റൽ, കാര്യമ്പാടി പി.ഒ. 673 591, വയനാട്, കേരള, ഇൻഡ്യ** എന്ന അഡ്രസ്സിൽ ചെക്ക്/ ഡി.ഡി./എം.ഒ. ആയി അയച്ചുതരുന്നത് ഉപകാരമായിരുന്നു. ആശുപത്രി അക്കൗണ്ട് കാനറാ ബാങ്ക് മീനങ്ങാടി ശാഖയിലാണ്.

ഫാദർ അബ്രഹാം മാത്യു എടേക്കാട്ട് (സെക്രട്ടറി ഗവേണിംഗ്ബോർഡ്)





# സുവിശേഷസന്ദേശം

ഫാ. കുര്യൻ ഡാനിയേൽ



**13-2-2000 വാങ്ങിപ്പോയ വൈദികരുടെ ഞായറാഴ്ച.**
**വി. വേദഭാഗം:**
**വി. മത്തായി 24:42-51**

വിശ്വാസജീവിതത്തിൽ വലിയ പോരാട്ടത്തിന്റെ സന്ദർഭമാകുന്ന പരിശുദ്ധ വലിയ നോമ്പുകാലം ആരംഭിക്കുന്നതിനു മുമ്പുള്ള രണ്ട് ആഴ്ചകൾ വാങ്ങിപ്പോയ സകല വൈദികഗണങ്ങളെയും സഹവിശ്വാസികളെയും സ്മരിക്കുവാനായി സഭ പ്രത്യേകം വേർതിച്ചിരിക്കുന്നു. ഇന്ന് കൊഹനെ ഞായർ അഥവാ പട്ടക്കാരുടെ ഞായർ എന്ന് അറിയപ്പെടുന്നു.

വി. മത്തായിയുടെ സുവിശേഷം 24:37-51 വരെയുള്ള വേദഭാഗത്തിന് പൊതുവെ നല്കുന്ന തലക്കെട്ട് "ആത്മീയജീവിതത്തിൽ ജാഗ്രതയുടെ ആവശ്യം" (The need of watchfulness in spiritual life) എന്നാണ്. ഇവിടെ സുനിശ്ചിതമായിരിക്കുന്ന (Certain) ഒരു കാര്യവും അനിശ്ചിതമായിരിക്കുന്ന ഒരു കാര്യവും (Uncertain) പറയപ്പെട്ടിരിക്കുന്നു. സുനിശ്ചിതമായിരിക്കുന്ന കാര്യം കർത്താവിന്റെ രണ്ടാമത്തെ വരവാണ്. എന്നാൽ അനിശ്ചിതമായിരിക്കുന്ന കാര്യമാവട്ടെ വരവിന്റെ സമയവും. ജാഗ്രതയുടെ ആവശ്യകതയെപ്പറ്റി ഇവിടെ ഊന്നൽകൊടുക്കുവാൻ കാരണം വരവിന്റെ അടയാളങ്ങൾ വെളിവായിരിക്കുന്നു എന്നതാണ്.

കർത്താവിന്റെ രക്ഷണ്യമായ ദൗത്യനിർവഹണത്തിന് ഉദ്ദേശിക്കപ്പെട്ടിരിക്കുന്ന പരിശുദ്ധ സഭയെ സംബന്ധിച്ചിടത്തോളം ദൈവീകമർമ്മങ്ങളുടെ പരികർമ്മികളും കാര്യവിചാരകത്വം ഭരമേല്പിക്കപ്പെട്ടിരിക്കുന്നവരുമായ വൈദികർ, വിളിച്ചുവേർതിക്കപ്പെട്ടവരും നിയോഗിക്കപ്പെട്ടവരുമാണ്. യജമാനനായ യേശുവുമായുള്ള ബന്ധത്തിൽ യഥാർത്ഥ ദാസരൂപമുൾക്കൊണ്ടുകൊണ്ട് ചുമതലയോടെ പ്രവർത്തിക്കുവാൻ അവർ ബാദ്ധ്യസ്ഥരാണ്. കാര്യവിചാരജീവിതത്തിൽ ജാഗ്രതയുടെ ദൃശ്യമായ അനുഭവങ്ങൾ 2 തലങ്ങളിലൂടെ വെളിവാക്കപ്പെടുന്നു. അത് രണ്ട് മുന്നറിയിപ്പുകളായി ഇവിടെ നല്കിയിരിക്കുന്നു.

**1. ഉണർന്നിരിപ്പിൻ (Be awake):** വി. മത്തായി 24:42 "നിങ്ങളുടെ കർത്താവ് ഏതു ദിവസത്തിൽവരുന്നുവെന്ന് നിങ്ങൾ അറിയായ്കകൊണ്ട് ഉണർന്നിരിപ്പിൻ." ഉണർവിന്റെ ആഹ്വാനത്തിന് ഏറെ പ്രസക്തിയുണ്ടാവുന്നത് രാത്രിയുടെ യാമങ്ങളിലാണ്. നിദ്ര നമ്മുടെ കൺപോളകളെ തഴുകുവാനും നാം അഗാധനിദ്രയിലേക്കു പ്രവേശിക്കുവാനും ഇടയായിയെന്നിരിക്കും എന്നാൽ രാത്രിയും അതിന്റെ അനുഭവങ്ങളും ഏറെ പ്രിയമായിരിക്കുന്ന മോഷ്ടാവ് ഈ ബലഹീനത ചൂഷണംചെയ്ത് നമ്മുടെ ഭവനം കവർച്ചചെയ്യാൻ സാധ്യതയുണ്ട്. യോഹന്നാൻ 10:10 "മോഷ്ടിപ്പാനും അറുപ്പാനും മുടിപ്പാനുമല്ലാതെ കള്ളൻ വരുന്നില്ല." തിരുവചനത്തിൽ പകൽ എന്നത് വെളിച്ചത്തിന്റെയും മര്യാദയുടെയും അനുഭവമായി ചിത്രീകരിച്ചിരിക്കുന്നുവെങ്കിൽ രാത്രി എന്നത് ഇരുളിന്റെയും നമ്മെ കടന്നാക്രമിക്കുന്ന ദുഷ്ടശക്തികളുടെയും അനുഭവമായിട്ടാണ് പറയപ്പെട്ടിട്ടുള്ളത്. ഇരുളിന്റെ ഭീതിദമായ മറവിൽ കവർച്ച നടക്കപ്പെടുമെന്നതിനാൽ ഉണർന്നിരിക്കേണ്ടതാണ്.

**2. ഒരുങ്ങിയിരിപ്പിൻ (Be ready):** മത്തായി 24:44 "അങ്ങനെ നിങ്ങൾ നിനയ്ക്കാത്ത നാഴികയിൽ മനുഷ്യപുത്രൻ വരുന്നതുകൊണ്ട് നിങ്ങളും ഒരുങ്ങിയിരിപ്പിൻ." യജമാനൻ താൻ കല്പിച്ചാക്കിയിരിക്കുന്ന വിശ്വസ്ഥനും ബുദ്ധിമാനുമായ ദാസനിൽനിന്നും പ്രതീക്ഷിക്കുന്നത് ഇപ്രകാരമുള്ള ഒരുക്കമാണ്. ഒരുക്കത്തിന്റെ ലക്ഷണവും പ്രതിഫലവും ഇവിടെ വിവരിക്കുന്നുണ്ട്. ഭവനക്കാർക്ക് തത്സമയത്ത് ഭക്ഷണം നല്കുന്നുവെന്നതാണ് ഒരുക്കത്തിന്റെ ലക്ഷണം. ഇവിടെ മടികൂടാതെയുള്ള കർത്തവ്യനിർവഹണവും കാലികമായി ഉത്ഭവിക്കപ്പെടുന്ന ഫലങ്ങളുമാണ് അർത്ഥമാക്കുന്നത്. ഒരുക്കമുള്ള ദാസൻ ഭാഗ്യവാനാണ്. അവന് ലഭിക്കുന്ന പ്രതിഫലമാവട്ടെ യജമാനപദവിയും മത്തായി 24:47 "അവൻ അവനെ തനിയ്ക്കുള്ള സകലത്തിന്മേലും യജമാനൻ ആക്കിവയ്ക്കുമെന്ന് ഞാൻ സത്യമായിട്ട് നിങ്ങളോടു പറയുന്നു."

ഉണർവിനും ഒരുക്കത്തിനും സംഭവിക്കുന്ന വികലത അത്യന്തം ദുഃഖകരവും അതിന്റെ പരിണിതഫലം വേദനാജനകവുമാണ്. ഹൃദയംകൊണ്ട് യജമാനനെ അകലത്താക്കി നിർത്തുന്ന സാഹചര്യത്തിലാണ് ഈ ദുസ്തിതിയുണ്ടാവുക. ഇവിടെ ജീവിതക്രമങ്ങൾ താളംതെറ്റുന്നു. ജീവിതചര്യ കളങ്കപ്പെടുന്നു. കപടഭക്തി പിടികൂടുന്നു. നമ്മുടെ കർത്താവ് തന്റെ പരസ്യശുശ്രൂഷയിൽ അതീവ വിമർശനമുതിർത്തത് കപടഭക്തർക്കു നേരേയാണെന്നോർക്കണം.

ഈ സന്ദർഭം അനുകരണീയ മാതൃക അവശേഷിച്ചു കടന്നുപോയ, വിശ്വസ്ത ഭൃത്യരായിരുന്ന വൈദികശ്രേഷ്ഠരെ നാം സ്മരിക്കണം. അതോടൊപ്പം അപകടകരവും കെണികളുള്ളതുമായ ഭൗമലോകേ അവരുടെ അജപാലന ദൗത്യത്തിൽ സംഭവിച്ചുപോയ പിഴവുകളുടെ പൊറുതിയ്ക്കായി നാം പ്രാർത്ഥിക്കയും വേണം. കർത്താവിന്റെ മുന്തിരിത്തോപ്പിൽ അദ്ധ്വാനിച്ച ആ ധന്യാത്മാക്കളുടെ പ്രാർത്ഥനയിൽ സങ്കേതപ്പെട്ടുകൊണ്ട്, വീര്യമുൾക്കൊണ്ടുകൊണ്ട് പരിശുദ്ധ നോമ്പിലേക്കു നമുക്ക് പ്രവേശിക്കാം.

**20-2-2000 സകല മരിച്ചവരുടെയും ഞായറാഴ്ച.**
**വി. വേദഭാഗം:**
**വി. ലൂക്കോസ് 12:32-48**

ഇന്ന് പരിശുദ്ധ വലിയനോമ്പിന് മുമ്പുള്ള ഞായർ; പരിശുദ്ധ സഭ സകല വാങ്ങിപ്പോയവരെയും സ്മരിക്കുന്നു. ഭൗമവാസംവിട്ട് സഭയുടെ അദൃശ്യതലത്തിലേക്ക് കടന്നവരുടെ വിശ്വാസജീവിതത്തിൽനിന്ന് ആത്മധൈര്യവും പ്രചോദനവും കൈക്കൊള്ളുവാനും അവരുടെ അനുഗ്രഹാശ്ശിസുകളോടെ നോമ്പിന്റെ അനുഭവത്തിലേക്കു പ്രവേശിക്കുവാനും സാധിക്കുന്നത് അഭികാമ്യംതന്നെ. എന്നാൽ ദുഷ്ടതയും കപടതയും നിറഞ്ഞ ഈ ലോകത്തിൽ അവരുടെ ജീവിതത്തിൽ സംഭവിച്ചിരിക്കാൻ സാദ്ധ്യതയുള്ള മലിനതകളുടെ പൊറുതിയ്ക്കായി പ്രാർത്ഥിക്കുവാനും ക്ഷണികവും അപകടപൂർണ്ണവു

മായ ലോകജീവിതത്തിൽ പ്രത്യാശയും ധൈര്യവുമുൾക്കൊള്ളുവാനും ഈ ദിനം നമുക്ക് സാധിക്കേണ്ടതാണ്.

ലക്ഷ്യത്തിൽനിന്ന് വ്യതിചലിച്ച് അത്യധികമായി ആകുലപ്പെടുന്ന മനുഷ്യസമൂഹത്തിന്റെ പ്രതിനിധികളെ ദൈവം പുലർത്തുന്ന കാക്കയോടും ദൈവം ചമയിച്ചിരിക്കുന്ന താമരയോടും താരതമ്യപ്പെടുത്തിയിട്ടുള്ള പ്രബോധനം ചിന്താർഹമാണ്. ദൈവദത്തമായ പ്രത്യാശയും അത് സ്വായത്തമാക്കുന്നതിനുള്ള ജീവിതമാർഗ്ഗവും "ചെറിയ ആട്ടിൻകൂട്ടത്തോട്" കർത്താവ് ഉപദേശിക്കുകയാണ്. ചെറിയ ആട്ടിൻകൂട്ടമെന്ന സംബോധന വി. ലൂക്കോസിന്റെ സുവിശേഷത്തിൽ മാത്രമേ കാണുന്നുള്ളൂ. "ഈ തൊഴുത്തിൽ ഉൾപ്പെടാത്ത വേറെ ആടുകളും എനിയ്ക്കുണ്ട്. അവയെയും ഞാൻ പാലിക്കേണ്ടതാകുന്നു" എന്നു കല്പിച്ച കർത്താവ് അന്നും ഇന്നും ന്യൂനപക്ഷമായിരിക്കുന്ന സ്വന്തമായതിനെ ഇപ്രകാരം സംബോധന ചെയ്തതിൽ അതിശയിപ്പാനില്ല. സ്വതവേ ദരിദ്രരും സാമൂഹ്യപശ്ചാത്തലത്തിൽ പിന്നോക്കക്കാരുമായിരുന്ന ശിഷ്യന്മാർ ഒരുവിധത്തിൽ ആ വിളിക്ക് അർഹരുമായിരുന്നു.

എന്നാൽ, നല്കപ്പെട്ടിരിക്കുന്ന പ്രത്യാശയുടെ സന്ദേശമെന്താണ്? അത് സ്വായത്തമാക്കുന്നതിനുള്ള ജീവിതമാർഗ്ഗമെന്താണ്? "ഭയപ്പെടേണ്ട! നിങ്ങളുടെ പിതാവ് രാജ്യം നിങ്ങൾക്കു തരുവാൻ പ്രസാദിച്ചിരിക്കുന്നു" (Fear not, for it is your Fathers pleasure to give you the Kingdom) എന്നതാണ് പ്രത്യാശയുടെ സന്ദേശം. ദൈവരാജ്യത്തിന്റെ ഉൾപ്രവേശനംകൊണ്ട് ദൃശ്യമാവേണ്ട മൂന്ന് സ്വഭാവവിശേഷങ്ങളാണ് തുടർന്നു വായിക്കാനാവുക.

1. **സ്ഥിരത (Constancy):** നിത്യതയുള്ള സ്വർഗ്ഗത്തിൽ നിക്ഷേപങ്ങൾ സ്ഥിരപ്പെടുത്തണമെന്നും അപ്പോൾ ഹൃദയങ്ങൾ അവിടെ സ്ഥിരപ്പെട്ടുകൊള്ളുമെന്നുമാണ് യേശു പഠിപ്പിച്ചത്.

2. **വിനയം (Humility):** നിങ്ങളുടെ അര കെട്ടിയിരിക്കട്ടെ (let your loins be girded) എന്ന് താൻ കല്പിക്കുന്നു. ഇത് ശുശ്രൂഷാമനോഭാവമാണ്.

3. **സന്നദ്ധത (Readiness):** നിങ്ങളുടെ വിളക്ക് കത്തിക്കൊണ്ടിരിക്കട്ടെ (let your lamps burning) എന്ന് യേശു കല്പിച്ചു. ഈ വാക്കുകൾ അലസതയെയല്ല മറിച്ച് ഔത്സുക്യത്തെയാണ് സൂചിപ്പിക്കുന്നത്.

സ്ഥിരതയോടും വിനയത്തോടും ഔത്സുക്യത്തോടുംകൂടി ദൈവരാജ്യത്തിലായിരിക്കുന്ന ഒരുവന് ലഭിക്കുന്ന പ്രതിഫലമാണ് തുടർന്ന് കാണുക. യജമാന-ദാസബന്ധത്തിന്റെ ഉദാത്തവും ഉന്നതവുമായ തലം, ഭാഗ്യവാനായ ദാസന് ലഭിക്കുന്ന വലിയ പരിഗണന, യജമാനൻ ദാസനെപ്പോലെ അരകെട്ടി അവർക്ക് ശുശ്രൂഷ ചെയ്യുന്ന വലിയ അനുഭവം.

> **ചെറിയ ആട്ടിൻകൂട്ടമെന്ന സംബോധന വി. ലൂക്കോസിന്റെ സുവിശേഷത്തിൽ മാത്രമേ കാണുന്നുള്ളൂ. "ഈ തൊഴുത്തിൽ ഉൾപ്പെടാത്ത വേറെ ആടുകളും എനിയ്ക്കുണ്ട്. അവയെയും ഞാൻ പാലിക്കേണ്ടതാകുന്നു" എന്നു കല്പിച്ച കർത്താവ് അന്നും ഇന്നും ന്യൂനപക്ഷമായിരിക്കുന്ന സ്വന്തമായതിനെ ഇപ്രകാരം സംബോധന ചെയ്തതിൽ അതിശയിപ്പാനില്ല.**

പിതാവാം ദൈവം തന്റെ രാജ്യത്തിലാക്കിവച്ചിരിക്കുന്ന ആട്ടിൻപറ്റമാണ് പരിശുദ്ധസഭ. ഭാരതത്തിൽ നാമിന്ന് കേവലം മൂന്നു ശതമാനത്തിൽ താഴെ മാത്രമാണ്. എന്നാൽ കാര്യവിചാരകത്വത്തിന്റെ ഉന്നതമാനങ്ങളിലൂന്നി നാം ചരിച്ചാൽ വിശ്വസ്ഥതയും ബുദ്ധിയുമുള്ള ഗൃഹവിചാരകന്റെ സ്ഥാനമാണ് ലഭിക്കുക. എന്നാൽ, അലസതയും ഉദാസീനതയും നമുക്കു നേടിത്തരിക ദണ്ഡനവും അവിശ്വാസികളോടുകൂടിയുള്ള ഓഹരിയുമാണ്. നിത്യതയുള്ള അവകാശത്തിനായി നമ്മെയും നമ്മുടെ വാങ്ങിപ്പോയവരെയും പിതാവിന്റെ രാജ്യത്തിലാക്കിവച്ച ക്രിസ്തുവിന്റെ മഹാകരുണയെ സ്മരിച്ചുകൊണ്ട് പരിശുദ്ധ വലിയനോമ്പിലേക്ക് നമുക്കു പ്രവേശിക്കാം.

**27-2-2000 കൊത്ത്നെ ഞായറാഴ്ച.**
**വി.വേദഭാഗം:**
**വി. യോഹന്നാൻ 2:1-11**

കൊത്ത്നെ ഞായർ എന്ന് അറിയപ്പെടുന്ന ഇന്നത്തെ ദിവസത്തിന്റെ പ്രാധാന്യം ഇത് പ. വലിയനോമ്പ് ആരംഭിക്കുന്ന ഞായറാഴ്ചയാകുന്നുവെന്നതാണ്. ഗലീലയിലെ കാനാവിൽ യേശുവും തന്റെ മാതാവും ശിഷ്യന്മാരും സംബന്ധിക്കുന്ന ഒരു വിവാഹമാണ് പ്രതിപാദന വിഷയം. തിരുവചനത്തിൽ വി. യോഹന്നാന്റെ സുവിശേഷത്തിൽ മറ്റ് രണ്ട് സ്ഥലങ്ങളിൽകൂടി മാത്രം പറയപ്പെട്ടിരിക്കുന്ന സ്ഥലനാമമാണ് ഗലീലയിലെ കാനാ (4:30-54, 21:2) യേശു തന്റെ പരസ്യശുശ്രൂഷയിൽ ഒന്നാമത്തേതും രണ്ടാമത്തേതും അടയാളങ്ങൾ പ്രവർത്തിച്ച പട്ടണവുമാണ്. വിവാഹസൽക്കാരവേളയിൽ ഭവനക്കാർക്കുണ്ടാകാമായിരുന്ന അപമാനം യേശു പരിഹൃതമാക്കുന്ന വിധവും അതിൽ വിരുന്നു പ്രമാണിയ്ക്കുണ്ടാകുന്ന ആനന്ദവുമാണ് ഈ വി. വേദഭാഗത്ത് കാണാവുന്നത്.

അതിഥികൾക്ക് വിളമ്പുന്നതിന് വീഞ്ഞ് പോരാതെ വന്നുവെന്നത് ഒരു പ്രതിസന്ധിയോ പോരായ്മയോ ആയിതന്നെ കരുതണം. എന്നാൽ പ്രതിസന്ധികൾ കൃപയുടെ അനർഗ്ഗളമായ പ്രവാഹത്തിന് വഴിമാറിക്കൊടുക്കുന്ന അതിശയകരമായ അനുഭവമാണ് നമുക്കിവിടെ ദർശിക്കാവുന്നത്. പരിണിതഫലമോ എല്ലാവരും ഒരുമിച്ചു സന്തോഷിക്കുന്ന അനുഭവവും. നമ്മുടെ നിത്യജീവിതത്തിൽ വിവിധതലങ്ങളിൽ സംഭവിച്ചുകൊണ്ടിരിക്കുന്ന അനുഭവമായി വേണം ഇതിനെ കാണുവാൻ. സർവ്വവ്യാപിയും സർവ്വജ്ഞനുമായ യേശുവിന്റെ സാന്നിദ്ധ്യം ജീവിതത്തിന്റെ എല്ലാ അവസ്ഥകളിലും നമുക്കുണ്ടെങ്കിലും പ്രശ്നസങ്കീർണ്ണതയ്ക്കു പരിഹാരമുണ്ടായി ജീവിതം നന്മയിലും സമൃദ്ധിയിലും കലാശിക്കുവാൻ പ്രചോദകങ്ങളായ ചില കാര്യങ്ങളുണ്ടാവണം. അവ എന്തൊക്കെയാണെന്നു ചിന്തിക്കാം.

1. **അന്വേഷണം (Seeking):** കാനാവിലെ കല്യാണവീട്ടിൽ പ്രതിസന്ധിയുടെ സന്ദർഭം അന്വേഷിച്ചറിഞ്ഞ് അർത്ഥപൂർണ്ണ



ധ്യാനപംക്തി

മായി അതിനോടു പ്രതികരിച്ച ഒരാളുണ്ടായിരുന്നു; യേശുവിന്റെ മാതാവായ വിശുദ്ധ മറിയം. വീട്ടുകാർ ആവശ്യപ്പെടാതെതന്നെ പ്രശ്നസങ്കീർണ്ണത മറിയാം യേശുവിനെ ബോദ്ധ്യപ്പെടുത്തുന്നു. "മകനേ അവർക്കു വീഞ്ഞ് ഇല്ല" ഇവിടെ കേവല സഹതാപത്തിന്റെ അനുഭവമല്ല, മറിച്ച് ഉൾതലങ്ങളിലേക്കിറങ്ങിച്ചെന്നിട്ടുള്ള പ്രശ്നപരിഹാരമാണ് (Empathy) ലക്ഷ്യം.

2. **ആത്മവിശ്വാസം (Confidence):** "അവന്റെ അമ്മ ശുശ്രൂഷക്കാരോട്: അവൻ നിങ്ങളോട് എന്തെങ്കിലും കല്പിച്ചാൽ അതു ചെയ്‌വിൻ എന്നു പറഞ്ഞു." യോഹന്നാൻ 2:5. അവിടെ കൽപാത്രങ്ങളും വെള്ളവുമുണ്ടായിരുന്നു. വീഞ്ഞാണ് ഇല്ലാതിരുന്നത്. എന്നാൽ ലഭ്യമായ എല്ലാ സാഹചര്യങ്ങളെയും പ്രശ്നപരിഹാരത്തിനായി ഉപയോഗപ്പെടുത്താൻ യേശു മതിയായവനാണെന്നുള്ള ആത്മവിശ്വാസം മറിയാമിനുണ്ടായിരുന്നു.

3. **അനുസരണം (Obedience):** അസാധാരണത്വവും ദൈവീകമഹത്വവും തന്നിൽ ഗോപ്യമായിരുന്ന സാധാരണക്കാരൻ ചെറുപ്പക്കാരൻ യേശുവിന്റെ വാക്കുകൾ നിറഞ്ഞ മനസ്സോടെ അനുസരിക്കുവാൻ ശുശ്രൂഷക്കാർ സന്നദ്ധരാവുകയാണ്. "യേശു അവരോട് ഈ കൽപാത്രങ്ങളിൽ വെള്ളം നിറപ്പിൻ" എന്നു പറഞ്ഞു. അവർ വക്കോളവും നിറച്ചു.

അന്വേഷണം, ആത്മവിശ്വാസം, അനുസരണം എന്നീ സദ്ഗുണങ്ങൾക്ക് അനുബന്ധമായി കാനാവിൽ സംഭവിച്ചത് മഹാവലിയ അത്ഭുതമാണ്. രൂപത്തിലും ഭാവത്തിലും വ്യത്യാസം സംഭവിച്ച വെള്ളം ലഹരിപ്പിക്കുവാൻ മതിയാകുന്ന നല്ല വീഞ്ഞായിട്ട് വിരുന്നുവാഴി സാക്ഷിക്കുന്നുണ്ട്. നമ്മുടെ ബലഹീനത ജീവിതത്തിലും നിറഞ്ഞുനില്ക്കുന്ന ഈശ്വരസാന്നിദ്ധ്യം നമ്മുടെ ജീവിതത്തെതന്നെ മഹാത്ഭുതമാക്കി മാറ്റും അന്വേഷണബുദ്ധിയോടും ആത്മവിശ്വാസത്തോടുംകൂടി അനുസരണയിൽ മുന്നേറാൻ നമുക്കു സാധിച്ചാൽ.

**5-3-2000 നോമ്പിലെ രണ്ടാം ഞായറാഴ്ച (കുഷ്ഠരോഗികളുടെ ഞായറാഴ്ച)**
**വി. വേദഭാഗം:**
**വി. ലൂക്കോസ് 5:12-16, 4:40-41**

ഗലീല കടൽത്തീരത്ത് യേശുവിന്റെ പരസ്യശുശ്രൂഷാപ്രവർത്തനങ്ങൾ കേന്ദ്രീകരിക്കപ്പെട്ടിരുന്ന പട്ടണമായ കപർന്നഹൂമിൽ നടന്ന സംഭവമാണ് ഇന്നത്തെ വി. വേദഭാഗത്ത് വിവരിച്ചിട്ടുള്ളത്. നിറഞ്ഞ പ്രതീക്ഷയോടുകൂടി യേശുവിന്റെ സന്നിധിയണയുന്ന കുഷ്ഠരോഗി യേശുവിന്റെ കരസ്പർശത്താൽ പൂർണ്ണസൗഖ്യം പ്രാപിക്കുന്നു. കുഷ്ഠരോഗികളെ പ്രത്യേകം സ്മരിക്കുന്ന ഈ ഞായറാഴ്ച നാം അവർക്കുവേണ്ടി പ്രത്യേകം പ്രാർത്ഥിക്കുവാനും യേശുവിന്റെ കരങ്ങളാലെന്നവിധം നമ്മുടെ കരങ്ങളാൽ അവർ സാന്ത്വനം അനുഭവിക്കുവാനും കടപ്പെട്ടിരിക്കുന്നു. കുഷ്ഠരോഗികളുടെ സമാശ്വാസത്തിനായും അവരുടെ കുഷ്ഠമില്ലാത്ത കുഞ്ഞുങ്ങളെ മാറ്റിപ്പാർപ്പിച്ച് ഒരു പുതിയ തലമുറ സജ്ജമാക്കുവാനും വടക്കേ ഇന്ത്യയിൽ പ്രത്യേകിച്ചും സഭ മുൻകൈയെടുത്തിരിക്കുന്ന പ്രവർത്തനങ്ങൾക്ക് മിഷൻ ബോർഡിലൂടെ സഹായം എത്തിക്കണം. സർക്കാർ ചുമതലയിൽ പ്രവർത്തിക്കുന്ന കുഷ്ഠരോഗാശുപത്രികൾ സന്ദർശിക്കുന്നതും അന്തേവാസികൾക്ക് സഹായമെത്തിക്കുന്നതും അഭികാമ്യമാണ്.

ഔപചാരികതകൾക്കും പ്രമാണങ്ങൾക്കുമപ്പുറം മനുഷ്യത്വത്തെ മനസ്സിലാക്കി, അതിനെ അംഗീകരിച്ച മനുഷ്യസ്നേഹിയും മനസ്സിലുള്ളവനുമായ യേശുവാണ് ഇന്നത്തെ വി. വേദഭാഗത്തിന്റെ ധ്യാനതന്തു. "യേശു കൈനീട്ടി അവനെ തൊട്ടു. എനിക്കു മനസ്സുണ്ട്, ശുദ്ധമാക എന്നു പറഞ്ഞു" ലൂക്കോസ് 5:13. തുടർന്ന് നാം വായിക്കുന്നു "ഉടനെ കുഷ്ഠം അവനെ വിട്ടുമാറി." യേശുവിന്റെ കരസ്പർശവും കുഷ്ഠരോഗിപ്രാപിച്ച സൗഖ്യവും നമ്മുടെ വ്യക്തിഗത, സാമൂഹ്യജീവിതത്തിന് കാലികപ്രാധാന്യമുള്ള ഒരു വെല്ലുവിളിയാണ്. ദൃശ്യമാവാത്ത വിധത്തിൽ ആന്തരികകുഷ്ഠമാകുന്ന നമ്മുടെ കഠോര പാപങ്ങൾക്ക് യേശുവിന്റെ കരസ്പർശമേൽക്കണം. കുഷ്ഠരോഗിയെ സംബന്ധിച്ചിടത്തോളം ദൈവികസ്പർശനം (Divine touch) മൂന്നു മാനങ്ങളിൽ അവന് അനുഭവപ്പെട്ടു.

1. **സ്നേഹസ്പർശം (Loving Touch):** ലേവ്യപുസ്തകം 13, 14 അദ്ധ്യായങ്ങളിൽ കുഷ്ഠരോഗി പാലിക്കേണ്ട അകൽച്ചയുടെ പ്രമാണങ്ങൾ വിവരിക്കുന്നു. പാളയത്തിനു പുറത്താണ് അവന്റെ വാസം നിശ്ചയിച്ചിട്ടുള്ളത്. (സംഖ്യാ 5:1-4) എന്നാൽ തന്നെ സ്പർശിച്ച ദൈവപുത്രന്റെ കരത്തിൽ പ്രമാണങ്ങൾക്കതീതമായ സ്നേഹത്തിന്റെ ചൂട് കുഷ്ഠരോഗി അനുഭവിച്ചു.

2. **കരുതൽ സ്പർശം (Caring Touch):** കുഷ്ഠരോഗി ആഗ്രഹിച്ചതിനുതന്നെ യേശു തിരുമനസ്സായി. അവന്റെ ശുദ്ധത യേശുവിന്റെ താല്പര്യവും ആഗ്രഹവുമായിരുന്നു. സമൂഹത്തിൽ അനുഭവിക്കേണ്ട സ്ഥാനവും ദേവാലയത്തിൽ അവനു ലഭിക്കേണ്ട സാക്ഷ്യവും യേശുവിന്റെ ആഗ്രഹമായിരുന്നു. തന്നെ കരുതുന്ന കരങ്ങളായി യേശുവിന്റെ കരങ്ങൾ അവന് അനുഭവപ്പെട്ടു.

3. **സൗഖ്യസ്പർശം (Healing Touch):** ആന്തരികമായി ആവിർഭവിക്കുന്ന, അംഗങ്ങളെ സമൂഹം കാർന്നുതിന്നുന്ന ഒറ്റപ്പെടുത്തലിന്റെ ഭീകരത അനുഭവിപ്പിക്കുന്ന രോഗത്തെ ക്ഷണത്തിൽ ഉന്മൂലനം ചെയ്ത സമ്പൂർണ്ണ സൗഖ്യത്തിന്റെ കരമായി യേശുവിന്റെ കരം അവന് അനുഭവപ്പെട്ടു.

ആത്മീയ കുഷ്ഠവും പാപ്പരത്വവും സാധിച്ചിരിക്കുന്നവർക്ക് ഈ കരസ്പർശം കൂടിയേ തീരു. എന്നാൽ അതിന് ആ കുഷ്ഠരോഗിയെ ഒരുക്കിയ അനുഭവങ്ങളെന്താണ്? ലജ്ജ കൂടാതെ അവൻ യേശുവിനെ സമീപിച്ചുവെന്നതാണ് ഒന്നാമത്തെ കാര്യം (a shameless approach). അവൻ വിനയാന്വിതനായി കവിണ്ണു വീണുവെന്നതാണ് രണ്ടാമത്തെ കാര്യം (a humble be sought). ദൈവം തിരുമനസ്സാകുന്ന ഒരു ശുദ്ധതയ്ക്ക് പൂർണ്ണമായും തന്നെ ഏല്പിച്ചുകൊടുത്തുവെന്നതാണ് മൂന്നാമത്തെ കാര്യം (a perfect surrender).

"അദ്ധ്വാനിക്കുന്നവരും ഭാരംചുമക്കുന്നവരുമേ നിങ്ങൾ എന്റെ അടുക്കൽ വരുവിൻ ഞാൻ നിങ്ങളെ ആശ്വസിപ്പിക്കാം" (മത്തായി 11:28) എന്നരുളിയ യേശു പാപത്തെ വെറുക്കുന്നവനും പാപിയെ സ്നേഹിക്കുന്നവനുമാണ്. നാം ആയിരിക്കുന്ന അവസ്ഥയിൽതന്നെ സമീപിച്ചാൽ നാം ആയിത്തീരേണ്ട അനുഭവത്തിലേക്ക് അവൻ നമ്മെ നയിക്കും. ആത്മീയ ജീവിതത്തെ വൈകൃതമാക്കുന്ന കുഷ്ഠങ്ങൾ തലമുറകൾക്കു സംക്രമിപ്പിക്കാതെ സൗഖ്യദായകനിൽനിന്നു ശുദ്ധിയും സൗഖ്യവും പ്രാപിക്കാൻ ശ്രമിക്കാം.

**12–3–2000 നോമ്പിലെ മൂന്നാം ഞായറാഴ്ച. (പക്ഷവാതക്കാരൻ, രോഗികളുടെ ഞായറാഴ്ച)**
**വി. വേദഭാഗം:**
**വി. മർക്കോസ് 2:1–12**

തന്റെ രക്ഷണ്യമായ പരസ്യശുശ്രൂഷയിൽ അനേക സംഭവങ്ങൾക്കു വേദിയായ ഗലീലയയിലെ കപർന്നഹൂമിൽ യേശു ഒരു പക്ഷവാതക്കാരനെ പൂർണ്ണമായും സുഖപ്പെടുത്തുന്ന അനുഭവമാണ് ഇന്നത്തെ വിശുദ്ധ വേദഭാഗം. രോഗത്തിലും പ്രയാസത്തിലുമായി വിവിധ ആശുപത്രികളിലും ഭവനങ്ങളിലും ആയിരിക്കുന്നവരെ പ്രത്യേകം ഓർത്തു പ്രാർത്ഥിക്കുവാൻ ഈ ഞായറാഴ്ചയിൽ ഉദ്ദേശിക്കപ്പെട്ടിരിക്കുന്നു.

പരസഹായം ആവശ്യമായിരുന്ന പക്ഷവാതക്കാരനെ യേശുവിന്റെ സന്നിധിയിലെത്തിക്കുവാൻ നാലുപേർ നടത്തിയ സാഹസീകയത്നങ്ങൾ ഇവിടെ പരാമർശിക്കപ്പെട്ടിരിക്കുന്നു. നേരിട്ട സകല പ്രതിസന്ധികളെയും തരണംചെയ്ത് അവർ ലക്ഷ്യംനേടി. പക്ഷവാതക്കാരന്റെ ആന്തരീകവും ബാഹ്യവുമായ സകല കെട്ടുകളെയും യേശു അഴിച്ചു. എല്ലാവർക്കും വിസ്മയമുളവാക്കിക്കൊണ്ട് രോഗി എഴുന്നേറ്റു കിടക്കയെടുത്ത് പുറപ്പെട്ടു. ഇങ്ങനെ ഒരു നാളും കണ്ടിട്ടില്ലായെന്നു പറഞ്ഞ് എല്ലാവരും ദൈവത്തെ മഹത്വപ്പെടുത്തി.

യേശു പ്രവർത്തിച്ച അത്ഭുതങ്ങളിലൊന്ന് എന്നതിലുമുപരിയായി ഈ മഹാസംഭവം വിളിച്ചോതുന്ന ചില സത്യങ്ങളെപ്പറ്റി നമുക്കു ചിന്തിക്കാം.

അവനവന്റെ വിശ്വാസംകൊണ്ടല്ലെങ്കിലും ദൈവം തിരുമനസ്സായാൽ പാപങ്ങൾക്കും രോഗങ്ങൾക്കും പൊറുതിയുണ്ടാകും. "യേശു അവരുടെ വിശ്വാസം കണ്ടിട്ട് പക്ഷവാതക്കാരനോട്; മകനേ നിന്റെ പാപങ്ങൾ മോചിച്ചു തന്നിരിക്കുന്നു" എന്നു പറഞ്ഞു. മദ്ധ്യസ്ഥത സഹായത്തിന്റെ സുനിശ്ചിതത്വവും ഇവിടെ ദർശിക്കാവുന്നതാണ്. രോഗിയെ യേശുവിനു മുമ്പിലെത്തിച്ച നാലുപേരിൽ യേശു ദർശിച്ച ദൈവീകസ്വഭാവങ്ങൾ ഇവയാണ്:

1. **പ്രദീപ്തമായ വിശ്വാസം (Glowing faith):** വേദപുസ്തകഭാഷയിൽ വിശ്വാസം എന്നത് ആശ്രയമാണ് (Faith is dependence). അത് ജ്വലിക്കേണ്ടതും ആഴമാകേണ്ടതുമാണ്. "ആശിക്കുന്നതിന്റെ ഉറപ്പും കാണാത്ത കാര്യങ്ങളുടെ നിശ്ചയ"വുമെന്ന് (എബ്രാ. 11:1) വിശ്വാസത്തിന് നല്കിയിരിക്കുന്ന നിർവ്വചനം ഈ നാലാളുകളുടെ കാര്യത്തിൽ എത്രയോ അന്വർത്ഥമായിരുന്നു. യേശുവിന്റെ സാമീപ്യവും സൗഖ്യവും ക്ഷമയും നല്കുമെന്ന് അവർ വിശ്വസിച്ചു അതിനായി അവർ യത്നിച്ചു. അവർ അതിന്റെ ഫലം കണ്ടു.

2. **സാഹോദര്യപരമായ കരുതൽ (Brotherly care):** ചലനശേഷിയും ആരോഗ്യവുമുണ്ടായിരുന്ന നാലാളുകൾക്ക് തങ്ങളുടെ സമസൃഷ്ടനായ വ്യക്തിയ്ക്കും അതുണ്ടാവണമെന്നുള്ള ആഗ്രഹം. ഈ നല്ല ആഗ്രഹത്തെ സാക്ഷാത്ക്കരിക്കുവാനുള്ള പ്രവർത്തനശൈലി. യേശു അവരിൽ കണ്ട വിശ്വാസജീവിതത്തിന്റെ പ്രതിഫലനമാണിത്. സ്നേഹിക്കുക എന്നാൽ കരുതുക എന്നാണ്, കരുതുക എന്നാൽ പങ്കുവയ്ക്കുക എന്നാണ് (To love is to care, to care is to share).

**അവനവന്റെ വിശ്വാസംകൊണ്ടല്ലെങ്കിലും ദൈവം തിരുമനസ്സായാൽ പാപങ്ങൾക്കും രോഗങ്ങൾക്കും പൊറുതിയുണ്ടാകും. "യേശു അവരുടെ വിശ്വാസം കണ്ടിട്ട് പക്ഷവാതക്കാരനോട്; മകനേ നിന്റെ പാപങ്ങൾ മോചിച്ചു തന്നിരിക്കുന്നു" എന്നു പറഞ്ഞു. മദ്ധ്യസ്ഥത സഹായത്തിന്റെ സുനിശ്ചിതത്വവും ഇവിടെ ദർശിക്കാവുന്നതാണ്.**

3. **നിതാന്തനിപുണത (Eternal Activism):** പുരുഷാരം യേശുവിനെ തിക്കിക്കൊണ്ടിരുന്നത് അവരുടെ ലക്ഷ്യപ്രാപ്തിയ്ക്ക് തടസ്സമായി നിന്നപ്പോൾ അവർ പിൻവാങ്ങിയില്ല മറിച്ച് അവർ മുകളിലേക്കുനോക്കി പുരയുടെ മേൽക്കൂരയിൽ കയറി മേല്പുര പൊളിച്ച് രോഗിയെ കർത്താവിന്റെ പാദപീഠത്തിലെത്തിച്ചു. നന്മനിറഞ്ഞ ലക്ഷ്യങ്ങൾക്കുവേണ്ടിയുള്ള സഹനസമരങ്ങളിൽ പിൻവാങ്ങിപ്പോകരുത്.

"മോഷ്ടിപ്പാനും അറുപ്പാനും മുടിപ്പാനുമല്ലാതെ കള്ളൻ വരുന്നില്ല. അവർക്കു ജീവൻ ഉണ്ടാകുവാനും സമൃദ്ധിയായിട്ട് ഉണ്ടാകുവാനുമത്രെ ഞാൻ വന്നിരിക്കുന്നത്" (യോഹന്നാൻ 10:10) ഏവർക്കും സമൃദ്ധിയായ ജീവൻ എന്നതാണ് ക്രിസ്തുവിന്റെ പദ്ധതി. ജീവന്റെ കെടുതി സംഭവിച്ചവരെ ക്രിസ്തുവിങ്കലേക്ക് അടുപ്പിക്കുവാൻ സഭയ്ക്ക് കടമയുണ്ട്. ഇത് വിശ്വാസികളുടെ വ്യക്തിഗത സാക്ഷ്യവും കൂടിയാണ്. വിശ്വാസത്തിന്റെ ആധാരത്തിൽ സാഹോദര്യപരമായ കരുതൽ മുൻനിർത്തിയുള്ള നിപുണത വലിയ വ്യത്യാസങ്ങൾക്ക് വഴിയൊരുക്കും.

**19–3–2000 നോമ്പിലെ നാലാം ഞായറാഴ്ച (കനാന്യസ്ത്രീ)**
**വി. വേദഭാഗം:**
**വി. മത്തായി. 15:21–31**

സോർ, സീദോൻ എന്നീ പുറജാതി പ്രവിശ്യകളിൽ സഹായ അഭ്യർത്ഥനയുമായി യേശുവിനെ സമീപിച്ച കനാന്യസ്ത്രീയ്ക്ക് അവളുടെ വിശ്വാസത്തിന്റെ ആഴം മനസ്സിലാക്കിയ താൻ അനുഗ്രഹങ്ങൾ വർഷിക്കുന്നതാണ് ഇന്നത്തെ വേദധ്യാനം.

മത്തായി 15:22 "കർത്താവേ ദാവീദുപുത്രാ എന്നോടു കരുണ തോന്നേണമേ" ഇത് കനാന്യസ്ത്രീയുടെ അപേക്ഷയാണ്. അവളെ നേരിട്ടിരിക്കുന്ന പ്രയാസം അവളുടെ മകൾക്ക് പിടിപെട്ടിരിക്കുന്ന കഠിനമായ ഭൂതോപദ്രവമാണ്. മത്തായി 15:28 "സ്ത്രീയേ നിന്റെ വിശ്വാസം വലിയത് നിന്റെ ഇഷ്ടംപോലെ നിനക്കു ഭവിക്കട്ടെ" ഇത് യേശു കനാന്യസ്ത്രീയ്ക്ക് നല്കുന്ന മറുപടിയാണ്. യേശുവിൽനിന്ന് ഈ മറുപടി കേട്ട നാഴികമുതൽ അവളുടെ മകൾക്ക് സൗഖ്യം ലഭിക്കുകയും ചെയ്തു.

യേശുവിനെ സമീപിച്ച കനാന്യസ്ത്രീ ഒരിക്കലും അവളുടെ വിശ്വാസത്തിന്റെ സാക്ഷ്യം യേശുവിൽനിന്നു പ്രതീക്ഷിച്ചിരുന്നില്ല. അവളുടെ ഏക ആഗ്രഹം മകളുടെ സൗഖ്യം മാത്രമായിരുന്നു. അതു മാത്രമാണവൾ യാചിച്ചതും. എന്നാൽ അവൾക്കു ലഭിച്ച ഇരട്ട വിജയത്തിന്റെ രഹസ്യമെന്താണ്? വിശ്വാസജീവിതത്തിന് ബലക്കുറവ് സംഭവിപ്പിക്കാൻ സാധ്യതയുള്ള മൂന്ന് സാഹചര്യങ്ങൾ യേശു അവൾക്കു മുന്നിൽവച്ചു. എന്നാൽ അവൾ അവയെ തരണംചെയ്തു. വിശ്വാസികളെന്നഭിമാനിക്കുന്ന നാം പലപ്പോഴും തകർന്നു തരിപ്പണമായിപ്പോയേക്കാവുന്ന ആ സാഹചര്യങ്ങൾ ഏവയെന്നു പരിശോധിക്കാം.

1. **നിസ്സംഗതി (Indifference):** മത്തായി 15:23 "അവൻ അവളോട് ഒരു വാക്കും ഉത്തരം പറഞ്ഞില്ല." എന്നാൽ ഈ നിസ്സംഗത പിന്മാറ്റത്തിന്റെ അനുഭവം അവയിലുളവാക്കുന്നില്ലയെന്നതാണ് സത്യം. ദൈവീകബന്ധത്തിൽ നാം പലപ്പോഴും ആഗ്രഹിക്കുന്നതും ക്ഷണത്തിലുള്ളതും അനുകൂലവുമായ മറുപടിയല്ലേയെന്നു ചിന്തിക്കണം. ആഗ്രഹം അംഗീകാര യോഗ്യവും ദൈവയിഷ്ടപ്രകാരമുള്ളതുമെങ്കിൽ നിസ്സംഗത ഒരുപക്ഷേ, നമുക്ക് ഒരു ശോധനയായിക്കൂടെന്നില്ല.

2. **തിരസ്ക്കാരം (Negation):** മത്തായി 15:24"അതിന് അവൻ: യിസ്രായേൽ ഗൃഹത്തിലെ കാണാതെപോയ ആടുകളുടെ അടുക്കലേക്കല്ലാതെ എന്നെ അയച്ചിട്ടില്ല എന്ന് ഉത്തരം പറഞ്ഞു.'' കനാന്യസ്ത്രീയ്ക്ക് അനുകൂലമായി ശിഷ്യന്മാർ യേശുവിനോട് ശുപാർശചെയ്തപ്പോൾ യേശുവിന്റെ മറുപടിയാണിത്. ഈ വാക്കുകൾക്ക് ഒരു തിരസ്ക്കാരത്തിന്റെ ചുവയുണ്ട്. എന്നാൽ അവൾ പിൻവാങ്ങിപ്പോകേണ്ടതിനുപകരം വീണ്ടും "കർത്താവേ എന്നെ സഹായിക്കേണമേ" എന്നു പറഞ്ഞ് അവനെ നമസ്ക്കരിക്കയത്രെ ചെയ്യുന്നത്. ഭൗമജീവിതത്തിൽ നമുക്കും അനുഭവപ്പെടാവുന്ന ചില അവസ്ഥാവിശേഷങ്ങൾ ദൈവീകതിരസ്ക്കാരങ്ങളായി നാം ഗണിക്കാറുണ്ട്. അവ നമ്മെ ആഴമായ അടുപ്പത്തിലേക്കാണോ അതോ അകൽച്ചയിലേക്കാണോ പ്രേരിപ്പിക്കാറുള്ളതെന്ന് ചിന്തിക്കേണ്ടതാണ്.

3. **അപമാനം (Humiliation):** മത്തായി 15:26 "അവനോ മക്കളുടെ അപ്പം എടുത്ത് നായ്ക്കുട്ടികൾക്ക് ഇട്ടുകൊടുക്കുന്നത് നന്നല്ല എന്ന് ഉത്തരം പറഞ്ഞു." അകറ്റുന്തോറും തന്നിലേക്ക് അടുത്തുകൊണ്ടിരുന്ന പുറജാതിക്കാരിയോടാണ് യേശു ഇപ്രകാരം പറഞ്ഞത്. വ്യക്തിപരമായോ ജാതീയമായോ അപമാനത്തിന്റെ വാക്കുകളായി വ്യാഖ്യാനിക്കാവുന്ന വാക്കുകളാണിത്. എന്നാൽ ആ സ്ത്രീയിൽ നിന്നുയിരുന്നത് സമ്പൂർണ്ണസമർപ്പണത്തിന്റെ തേങ്ങലുകളും അപേക്ഷാസ്വരവുമാണ്. ''അതേ കർത്താവേ നായ്ക്കുട്ടികളും ഉടയവന്റെ മേശയിൽനിന്നു വീഴുന്ന നുറുക്കുകൾ തിന്നുന്നുണ്ടല്ലോ" ഗിരിപ്രഭാഷണത്തിൽ യേശു കല്പിച്ചു. ''എന്റെ നിമിത്തം നിങ്ങളെ പഴിക്കയും ഉപദ്രവിക്കയും നിങ്ങളെക്കൊണ്ട് എല്ലാ തിന്മയും കളവായി പറകയും ചെയ്യുമ്പോൾ നിങ്ങൾ ഭാഗ്യവാന്മാർ. സ്വർഗ്ഗത്തിൽ നിങ്ങളുടെ പ്രതിഫലം വലുത്" (മത്തായി 5:11).

യഥാർത്ഥമായ ആത്മീയ ജീവിതം സകല പ്രതിസന്ധികളെയും അതിജീവിക്കുന്നതാണ്. ദൈവം അനന്യൻ എന്നും ബോധ്യമുള്ള ഒരു വിശ്വാസിയ്ക്ക് ദൈവികഭാവങ്ങളിൽ അതൃപ്തരാകേണ്ട സാഹചര്യമുണ്ടാകുന്നില്ല. ഇനി ദോഷമായത് സംഭവിച്ചാൽതന്നെ "എന്റെ ശരീരം നശിച്ചാലും ദേഹരഹിതനായി ദൈവത്തെ കാണും" എന്നു ഇയ്യോബിന്റെ സ്ഥൈര്യമാണു വേണ്ടത്. പ്രധാന ശിഷ്യനായ പത്രോസിനെപ്പോലും കർത്താവ് ഒരവസരത്തിൽ സംബോധന ചെയ്യുന്നത് അല്പവിശ്വാസിയെ എന്നാണ്. എന്നാൽ കനാന്യസ്ത്രീയുടെ വലിയ വിശ്വാസം അതുൾക്കൊള്ളുന്ന അർത്ഥത്തിൽ സ്വായത്തമാക്കുവാൻ കഴിഞ്ഞാൽ നമ്മുടെ ആഗ്രഹങ്ങളും അഭിഷ്ടങ്ങളും സർവ്വശക്തൻ നിറവേറ്റിക്കൊള്ളും.

◆

**മദ്ധ്യസ്ഥതയിൽ അഭയം പ്രാപിച്ചുകൊണ്ട്**





GEM GEORGE
SOUTH AFRICA

# യേശുനാഥന്റെ പൂന്തോട്ടം

കുഞ്ഞിച്ചായൻ

കുഞ്ഞനുജന്മാരേ
കുഞ്ഞനുജത്തിമാരേ

പുതിയ നൂറ്റാണ്ടിന്റെയും പുതിയ സഹസ്രാബ്ദത്തിന്റെയും പുലരിത്തുടിപ്പ് കുഞ്ഞിച്ചായനെ ആഹ്ലാദഭരിതനാക്കുന്നു. 1999 ഉം, 20–ാം നൂറ്റാണ്ടും, രണ്ടാം സഹസ്രാബ്ദവും നമ്മോട് എന്നേക്കുമായി യാത്ര പറഞ്ഞു. 21–ാം നൂറ്റാണ്ടും, മൂന്നാം സഹസ്രാബ്ദവും നമ്മുടെ ജീവിതത്തിലേക്കു കടന്നുവന്നിരിക്കുന്നു.

കുഞ്ഞനുജന്മാർക്കും കുഞ്ഞനുജത്തിമാർക്കും നവവത്സരത്തിന്റെയും ശതാബ്ദത്തിന്റെയും നവസഹസ്രാബ്ദത്തിന്റെയും നന്മകൾ നേരുന്നു. ദിവസങ്ങളും മാസങ്ങളും വർഷങ്ങളും ശതാബ്ദങ്ങളും സഹസ്രാബ്ദങ്ങളും കാലപ്രവാഹത്തിൽ അലിഞ്ഞുചേരുന്നു.

തീരംകാണാത്ത ഒരു മഹാസമുദ്രമാണു കാലം. കടൽത്തീരത്തെ വെള്ളമണൽത്തിട്ടയിലൂടെ യാത്രചെയ്യുന്നതുപോലെ ഭൂമിയിലെ ജീവിതം കടൽത്തീരത്തു പതിയുന്ന കാൽപ്പാടുകൾ തിരകൾ മായിച്ചുകളയുന്നു. വീണ്ടും യാത്രക്കാരുടെ കാൽപ്പാടുകൾ വെള്ള മണൽത്തിട്ടയിൽ പതിയ്ക്കുന്നു. ശിശുക്കളുടെയും യുവതീയുവാക്കളുടെയും വൃദ്ധജനങ്ങളുടെയും കാൽപ്പാടുകൾ അവിടെ തെളിഞ്ഞുകാണാം.

കടലലകൾ വീണ്ടും ആ കല്പാടുകൾ മായിച്ചു കളയുന്നു. ഭൂമിയിലെ ജീവിതത്തിന്റെ തന്നെ തെളിഞ്ഞ ഒരു ചിത്രമാണിത്. പക്ഷേ, യേശുനാഥനോടു ചേർന്നുള്ള യാത്ര നിത്യ യാത്രയാണ്. അനുഗ്രഹീതവും ആനന്ദപൂർണ്ണവും ആയ യാത്ര.

'യേശുനാഥനോടൊത്ത് പുതുവത്സരപ്പിറവിയിൽ' എന്ന ഒരു ഉപന്യാസമത്സരം നടത്തുന്ന വിവരം ഈ പേജിൽ ചേർത്തിട്ടുണ്ട്. നിബന്ധനകൾ വായിച്ചു മനസ്സിലാക്കുക.

കഴിഞ്ഞ വർഷം 'മദർതെരേസയോടൊത്ത് ഒരു ദിവസം' എന്നതായിരുന്നല്ലോ ഉപന്യാസമത്സരത്തിന്റെ വിഷയം. ഇപ്രാവശ്യം കൂടുതൽ കുട്ടികൾ ഉപന്യാസമത്സരത്തിൽ പങ്കുകൊള്ളണം എന്നാണ് കുഞ്ഞിച്ചായന്റെ ആഗ്രഹം.

യേശുനാഥന്റെ പൂന്തോട്ടം മലങ്കരസഭയിൽ ആരംഭിച്ചിട്ട് മൂന്നുപതിറ്റാണ്ടു കാലമായി. 1968 നവംബർ ഒന്നാംതീയതിയാണ് കുഞ്ഞുങ്ങൾക്കുവേണ്ടി ആദ്യത്തെ കത്ത് കുഞ്ഞിച്ചായൻ എഴുതിയത്. 2000 നവംബർ ആകുമ്പോൾ 32 വർഷം പൂർത്തിയാകും.

ബാലപംക്തി എഴുതിത്തുടങ്ങിയപ്പോൾ കുഞ്ഞിച്ചായൻ ശരിക്കും കുഞ്ഞിച്ചായൻ ആയിരുന്നു. ഇപ്പോൾ വല്യച്ചായൻ ആയി. എങ്കിലും കുഞ്ഞിച്ചായൻ എന്നുവിളിക്കുന്നതു കേൾക്കാനാണ് കുഞ്ഞിച്ചായനിഷ്ടം. ആ വിളിക്കും പ്രത്യേകമാധുര്യം ഉണ്ട്.

ഇനി ഒരു കഥ പറയാം. വർധമാനൻ എന്ന നാടകകൃത്തിന്റെ ഒരു നാടകത്തിൽ നിന്നും ആനന്ദ് എന്ന പ്രശസ്ത സാഹിത്യകാരൻ തന്റെ നോവലിൽ എടുത്തു ചേർത്ത ഒരു നീതികഥയാണിത്.

ശ്രീബുദ്ധന്റെ കാലത്താണ് കഥ നടക്കുന്നത്. അംബപാലി എന്ന യുവതിക്ക് ഒരു മാന്തോപ്പുണ്ട്. വിവിധതരം മാവുകൾ പൂത്തുലഞ്ഞുനില്ക്കുന്ന സുന്ദരമായ മാന്തോപ്പ്. ശ്രീബുദ്ധൻ ഒരു ദിവസം അംബപാലിയുടെ മാന്തോപ്പിലെത്തി.

അംബപാലിക്ക് ശ്രീബുദ്ധനോട് അത്യധികം സ്നേഹവും ആദരവും ഉണ്ട്.

യേശുനാഥനോട് മഗ്ദലനമറിയത്തിനും ബഥാന്യയിലെ മാർത്ത, മറിയം എന്നിവർക്കും സ്നേഹവും ആദരവും ഉണ്ടായിരുന്നല്ലോ.

അംബപാലിയുടെ മാന്തോപ്പിൽ ഇരുന്നുകൊണ്ട് പരീശന്മാർക്കു സമന്മാരായ സമുദായ പ്രമാണിമാരോട് ശ്രീബുദ്ധൻ ഒരു നീതികഥ പറഞ്ഞു.

ആ കഥ ആനന്ദിന്റെ ഭാഷയിൽ കേൾക്കുക:

"പണ്ട് ഈ മാന്തോപ്പ് ഉണ്ടായിരുന്നിടത്ത് ഒരു കാട് ആയിരുന്നു. കാടിന് ഒരിക്കൽ തീപിടിച്ചു. വൃക്ഷലതാദികളും, ഓടി രക്ഷപ്പെടാൻ കഴിയാത്ത മൃഗങ്ങളും അതിൽ വെന്തുമരിച്ചു. പറന്നുപോകാൻ സാധിച്ച പക്ഷികൾ രക്ഷപ്പെട്ടു. അവയ്ക്കിടയിൽ ഒരു ചെറുകിളിമാത്രം രക്ഷപ്പെടുന്നതിനുപകരം അടുത്തുള്ള അരുവിയിൽ പോയി വെള്ളത്തിൽ മുങ്ങി കാട്ടുതീയിനു മീതെ പറന്ന് ചിറകിലെ വെള്ളം കുടഞ്ഞ് തീകെടുത്തുവാൻ ശ്രമിച്ചുകൊണ്ടിരുന്നു. ആവർത്തിച്ചാവർത്തിച്ച് ഈ കൃത്യം ചെയ്യുന്ന കിളിയെ നോക്കി ഇന്ദ്രൻ പരിഹസിച്ചു ചിരിച്ചു."

"എന്തിനാണ് കിളീ ഈ വൃഥാ പ്രയത്നം." ഇന്ദ്രൻ ചോദിച്ചു.

"പ്രയത്നം ഫലം നല്കുന്നതായിരിക്കണം. അല്ലെങ്കിൽ അതു ചെയ്യാതിരിക്കുന്നതാണ് ബുദ്ധി."

കിളി പറഞ്ഞു: "മഴയുടെ നാഥാ അങ്ങു വിചാരിച്ചാൽ ഈ തീ കെടുത്തുവാൻ ഒരു പ്രയാസവുമില്ല. ഫലം നല്കുന്ന പ്രയത്നത്തെ ചെയ്യാതിരിക്കുന്നതിലാണ് അങ്ങു ബുദ്ധികാണുന്നത്. ഫലം നല്കാത്തതെങ്കിലും അത് ചെയ്യുന്നതിലാണ് ഞാൻ ആനന്ദം അനുഭവിക്കുന്നത്."

ശ്രീബുദ്ധൻ പറഞ്ഞ ആ കഥയിൽ ഒരു വലിയ സന്ദേശമുണ്ട്. ദുഃഖവും ദുരിതവും പാപവുംകൊണ്ട് ഈ ലോകമെങ്ങും ഇരുൾ പരക്കുന്നു. കാട്ടുതീയ്പോലെ തിന്മ കത്തിപ്പടരുന്നു. അപ്പോൾ ആ ചെറുകിളിയെപ്പോലെ നന്മയുടെ ജലകണികകൾ വിതറാൻ നമുക്കു കഴിയണം.

തിന്മയുടെ നടുവിൽ നന്മയുടെ നെയ്വിളക്ക് ആയിരുന്നു മദർതെരേസാ. കഴിഞ്ഞ നൂറ്റാണ്ടുകണ്ട ഏറ്റവും വലിയ കാരുണ്യദീപം. യേശുനാഥന്റെ ഉത്തമശിഷ്യ.

ഇരുട്ടിനെ പഴിക്കാതെ ഒരു മെഴുകുതിരിയെങ്കിലും കൊളുത്തിവയ്ക്കുക എന്ന മഹദ്വചനം നാം കേട്ടില്ലേ.

നന്മയുടെ കൊച്ചുകൊച്ചു കൈവിളക്കുകൾ ഏന്തി ഈ ലോകത്തെ പ്രകാശപൂർണ്ണം ആക്കാം.

ഒരിക്കൽകൂടി നവസഹസ്രാബ്ദമംഗളങ്ങൾ നേർന്നുകൊണ്ട്

സ്വന്തം
കുഞ്ഞിച്ചായൻ

## യേശുനാഥന്റെ പൂന്തോട്ടത്തിലെ കുട്ടികൾക്ക് ഉപന്യാസമത്സരം

പുതുവത്സരപ്പിറവിയിൽ യേശുനാഥനോടൊത്ത് സന്തോഷകരമായി കുറെ സമയം ചെലവിടുന്നതായി സങ്കല്പിക്കുക.

ആ സുന്ദരസങ്കല്പം നിങ്ങളുടെ മനസ്സിൽ വിരിയിക്കുന്ന ആശയങ്ങൾ കോർത്തിണക്കി ഒരു ഉപന്യാസം രചിക്കുക.

യേശുനാഥൻ നിങ്ങളോട് എന്തു പറഞ്ഞു? നിങ്ങൾ യേശുനാഥനോട് എന്തുപറഞ്ഞു? ഇതെല്ലാം നിങ്ങൾക്കെഴുതാം.

18 വയസ്സു പൂർത്തിയാകാത്ത ആർക്കും ഈ മത്സരത്തിൽ പങ്കെടുക്കാം.

***ഒന്നാം സമ്മാനം 1001 രൂ.***
***രണ്ടാം സമ്മാനം 501 രൂ.***
***മൂന്നാം സമ്മാനം 301 രൂ.***

***ഉപന്യാസം ലഭിക്കേണ്ട അവസാന തീയതി ഏപ്രിൽ 15***

*വിഷയം*
**പുതുവത്സരപ്പിറവിയിൽ യേശുനാഥനോടൊത്ത്**

### ഒരു കുഞ്ഞുപൂവ്

എൽസി ചെറുവത്തൂർ
ചാട്ടുകുളം

**ഒരു കുഞ്ഞ് പൂവായ് വിടർന്നു ഭൂവിൽ**
**ഒരു പ്രാർത്ഥനാഗാനമാ**
**യൊഴുകി കാറ്റിൽ**
**ചെറുകാറ്റിനാൽ തഴുകിയപ്പോൾ**
**കൊടുംകാറ്റിനാൽ ഉലഞ്ഞുപോയി**
**കൊടും വേനലിൽ തളർന്നുവീണു**
**ചെറുമഴയിൽ കിളിർത്തുവീണ്ടും**
**കാലങ്ങളോരോന്നായ്**
**വന്നുപോയീടവെ**
**കാലക്കേടുകൾ ഒന്നൊന്നായ്**
**വന്നുചേർന്നു**
**യേശുവിൻ പാതയിലൂന്നി**
**നിന്നീടിനാൽ**
**ദുഃഖങ്ങളൊന്നൊന്നായ്**
**പോയ് മറഞ്ഞു**

7TH & 3RD DEATH ANNIVERSARY
17-02-2000
IN LOVING MEMORY OF



**Mr. Chacko Koshy & Mrs. Thankamma Koshy**
**Edayirathumalayil, Kaipattoor, Pathanamthitta Dt.**
*Inserted by members of the Family*

# അമേരിക്കൻ മെത്രാസനത്തിന് ഒരു പുതിയ ആസ്ഥാനം

ഫാ. ഫിലിപ്പ് സി. ഏബ്രഹാം (പ്രോജക്ട് ഓഫീസ് മാനേജർ)

ദൈവകൃപയാൽ മലങ്കര ഓർത്തഡോക്സ് സഭയ്ക്ക് അമേരിക്കയിൽ ഒരു മെത്രാസനം രൂപീകൃതമായിട്ട് ഇപ്പോൾ 20 വർഷമായിരിക്കുന്നു. 1993–ൽ ഒരു ചെറിയ മെത്രാസന കേന്ദ്രം നമ്മൾ വാങ്ങിച്ചത് അത്യാവശ്യസംഗതികൾ നിറവേറ്റാൻ ഇപ്പോഴും ഉപകരിക്കുന്നു. സഭയിലെ എല്ലാ ആത്മീയ പ്രസ്ഥാനങ്ങളും ഏറ്റവും പ്രശംസനീയമായ നിലയിൽ തന്നെ ഈ മെത്രാസനത്തിലും പ്രവർത്തിച്ചു വരുന്നു എന്നുള്ളത് അഭിമാനത്തിന് വകനല്കുന്നു. എങ്കിലും, ഈ പ്രസ്ഥാനങ്ങളുടെ വിവിധങ്ങളായ പ്രവർത്തനപരിപാടികൾക്ക് ഇപ്പോഴുള്ള നമ്മുടെ കേന്ദ്രം അപര്യാപ്തമാണ്. ദൈനംദിന പുരോഗതി പ്രാപിച്ചുകൊണ്ടിരിക്കുന്ന ഈ മെത്രാസനത്തെക്കുറിച്ച് ദീർഘവീക്ഷണത്തോടെ ചിന്തിക്കുമ്പോൾ സാമാന്യം വിപുലമായ സൗകര്യങ്ങളോടുകൂടിയതും മലങ്കര സഭയ്ക്ക് അഭിമാനിക്കത്തക്കതുമായ പുതിയ കേന്ദ്രം ഉയർന്നുവരേണ്ടത് ഇന്നിന്റെ അത്യാവശ്യമായിത്തീർന്നിരിക്കുന്നു.

ഈ സംരംഭത്തിന് ആക്കം വർദ്ധിപ്പിക്കത്തക്കവിധത്തിൽ ന്യൂയോർക്കിന്റെ കണ്ണായ സ്ഥലത്ത് ഗാർഡൻ സിറ്റിയിൽ എപ്പിസ്കോപ്പൽ (ആംഗ്ലിക്കൻ) ചർച്ചിന്റെ ഉടമസ്ഥതയിലുള്ള കത്തീഡ്രൽ ഹൗസ് വാങ്ങിക്കുവാനുള്ള സാഹചര്യം ഇപ്പോൾ കൈവന്നിരിക്കുകയാണ്. രണ്ടു വലിയ ഓഡിറ്റോറിയവും 20 മുറികളും ഒരു ചാപ്പലും ഉൾക്കൊള്ളുന്ന 40,000 ചതുരശ്ര അടി വിസ്തീർണ്ണമുള്ള ഒരു വലിയ കെട്ടിടവും 120 കാർ പാർക്കു ചെയ്യുവാൻ സൗകര്യമുള്ള പാർക്കിംഗ് ലോട്ടും ഉൾപ്പെടെ വളരെ ആകർഷകമായ $2^1/_2$ ഏക്കർ സ്ഥലം 1.5 മില്യൻ ഡോളർ ($6^1/_2$ കോടി രൂപ) വിലയ്ക്ക് ലഭിക്കുവാനുള്ള ഒരു സാദ്ധ്യത കൈവന്നിരിക്കുന്നു.

ഇതിനുസമീപം പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന പ്രസ്തുത സഭയുടെ തിയോളജിക്കൽ സെമിനാരി നമ്മുടെയുംകൂടെ ഉപയോഗത്തിനു ലഭിക്കുവാൻ സാദ്ധ്യതയുണ്ട്. അമേരിക്കയിൽ ജനിച്ചുവളരുന്ന നമ്മുടെ യുവതലമുറയ്ക്ക് വേദശാസ്ത്രപഠനം നടത്തുന്നതിനു ഭാവിയിൽ ഈ മെത്രാസനത്തിലേക്ക് ആവശ്യമായ വൈദികരേയും മറ്റു പ്രവർത്തകരേയും ഇവിടെത്തന്നെ പരിശീലിപ്പിക്കുന്നതിനും ഉപകരിക്കും എന്നുള്ളത് പ്രസ്താവ്യമായ നേട്ടങ്ങളിലൊന്നാണ്. കൂടാതെ ഈ മെത്രാസനത്തിലും പരിസരപ്രദേശങ്ങളിലും ഉള്ള സമൂഹത്തിന്റെ സർവ്വതോന്മുഖമായ ഉയർച്ചയ്ക്ക് ഈ ആസ്ഥാനം പ്രയോജനപ്പെടുമെന്ന് പ്രത്യാശിക്കുന്നു.

പ. ബാവാതിരുമേനി 1999 സെപ്തംബർ, ഒക്ടോബർ മാസങ്ങളിൽ അമേരിക്കൻ മെത്രാസനം സന്ദർശിച്ച വേളയിൽ ഈ സ്ഥലം നേരിട്ടു കാണുകയും ഇതു വാങ്ങിക്കണമെന്ന് നിർബന്ധമായി കല്പിക്കുകയും പ. പിതാവു സന്ദർശിച്ച സ്ഥലങ്ങളിൽ താത്പര്യപൂർവ്വം ഉദ്ബോധിപ്പിക്കുകയും ചെയ്തിട്ടുള്ളത് ഈ സംരംഭത്തിന് ഒരു വലിയ പ്രചോദനമായി തീർന്നിട്ടുണ്ട്. ഇടവക മെത്രാപ്പോലീത്താ അഭി. മാത്യൂസ് മാർ ബർണബാസ് തിരുമനസ്സിലെ അക്ഷീണ പരിശ്രമത്താൽ ദൈവപരിപാലനത്തിൽ ഉന്നതി പ്രാപിച്ചുകൊണ്ടിരിക്കുന്ന ഈ മെത്രാസനത്തിനും സഭയ്ക്കും ഇത് ഒരു മുതൽക്കൂട്ടായിത്തീരട്ടെ എന്നു പ്രാർത്ഥിക്കാം. ഈ വലിയ സംരംഭത്തിന് ആവശ്യമായ ധനശേഖരണം ഊർജ്ജിതമായി നടന്നുകൊണ്ടിരിക്കുന്നു. ആയതിലേക്ക് സഭാമക്കൾ ഏവരുടേയും പ്രാർത്ഥനാപൂർവ്വമായ സഹായസഹകരണങ്ങൾ അഭ്യർത്ഥിക്കുന്നു. ◆

## സ്നാപകശിരഃഛേദം

കെ.സി. അലക്സാണ്ടർ, പുനലൂർ

മന്നവനാകും ഹേരോദാ
അന്നൊരുകാലം കോപത്താൽ
അഴിയതിലാക്കി സ്നാപകനെ
കുറ്റംചൂണ്ടിക്കാട്ടിയതാൽ
കൊല്ലാനവസരമാരാഞ്ഞു
മരുവി; മന്നൻ മൃഗതുല്യൻ
ദിവ്യനായി സ്നാപകനെ–
ക്കരുതിപ്പോന്നു ജനതതിയും
നരപതിതന്നുടെ ജന്മദിനേ
വിരുന്നവനേകി ബഹുകേമം
നൃപനുടെ പുത്രിയുമതുനേരം
ആടിനടന്നു അതിരമ്യം
നൃത്തം പാർത്തൊരു രാജാവും
മത്തനതായിട്ടങ്ങോതി
മകളേ! കേൾക്കുനിന്നിഷ്ടം
ചെയ്വേനെന്തും ഞാനിപ്പോൾ
പെറ്റോൾ തന്നുടെ നിർദ്ദേശം
കേട്ടവളോതിയതുനേരം
നമ്മുടെ രിപുവാം സ്നാപകനെ–
ക്കൊന്നേകേണം തലയിപ്പോൾ
ദുഃഖിതനായി രാജാവും
വാർത്തകൾ കാതിൽ കേട്ടപ്പോൾ
പാലിപ്പാനായ്വാഗ്ദാനം
കരുണാഹീനൻ അതിനീചൻ
കല്പനയേകി വധിപ്പാനായ്
നിർമ്മലനാകും സ്നാപകനെ.
താലംതന്നിൽ തലയേന്തി
കിങ്കരനെത്തിയതിവേഗം
കൊണ്ടവളേകിയമ്മയ്ക്ക്
മോദം വളരാൻ വലുതായി ◆



# ബൈബിൾ പഠനം

ഫാ. ഒ.പി. വർഗീസ്, മാർ പക്കോമിയോസ് മൗണ്ട്, മീമ്പാറ, പുത്തൻ കുരിശ്, കൊച്ചി–682 308

## പ. പത്രോസ് എഴുതിയ ഒന്നാം ലേഖനം

### ചോദ്യം (അദ്ധ്യായം 1, 2)

1. ഈ ലേഖനത്തിലെ പ്രധാന ആശയം എന്ത്?
2. ഏതു കൂദാശ സ്വീകരണത്തോട് അനുബന്ധിച്ച് സ്വീകാരകർക്കു നല്കിയിരുന്ന വിശ്വാസപരവും ധാർമ്മികവുമായ പ്രബോധനങ്ങളുമാണി ലേഖനത്തിലുള്ളത്?
3. ഗ്രന്ഥകർത്താവ് ആര് എന്നാണ് സഭാപിതാക്കന്മാരുടെ അഭിപ്രായം?
4. 'അപ്പൊസ്തലൻ' എന്നതിന്റെ അർത്ഥം എന്ത്? ഇത് ഏതു ഭാഷയിലെ വാക്ക്? ഇതിന്റെ സുറിയാനി വാക്ക് ഏത്?
5. 1:2–ാം വാക്യത്തിൽ ത്രിത്വത്തിലെ മൂന്നു ആളത്വങ്ങളുടെ പ്രവർത്തനങ്ങൾ വർണ്ണിക്കുന്നത് ഏതെല്ലാം?
6. മാമോദീസ (വീണ്ടും ജനനത്താൽ)യാൽ നാം എന്തെല്ലാം അനുഗ്രഹങ്ങൾ പ്രാപിക്കുന്നു എന്നാണ് 1:1–12 വരെയുള്ള വാക്യങ്ങളിൽ പറയുന്നത്?
7. "ഞാൻ വിശുദ്ധനായിരിക്കുന്നതുപോലെ നിങ്ങളും വിശുദ്ധരായിരിക്കുക" എന്നത് പഴയ നിയമത്തിലെ ഏതു പുസ്തകത്തിൽ എവിടെ പറയുന്ന ഉദ്ധരണിയാണ്?
8. പുല്ല് വാടി, പൂവുതിർന്നുപോയി. എന്നാൽ കർത്താവിന്റെ വചനമോ?
9. 2:1–3 വരെയുള്ള ഭാഗത്ത് വീണ്ടും ജനിച്ചവരുടെ മൂന്നു കടമകൾ വിവരിക്കുന്നു. അവ ഏതെല്ലാം?
10. ക്രിസ്ത്യാനികളുടെ പദവികൾ എന്തെല്ലാമാണെന്നാണ് പത്രോസ് ശ്ലീഹാ പറയുന്നത്?
11. അതിനായിട്ടല്ലോ നിങ്ങളെ വിളിച്ചിരിക്കുന്നത്. എന്തിനായിട്ട്?
12. ക്രിസ്തു എന്തിനാണ് കുരിശിൽ കയറിയത്?

### ഉത്തരം I തിമൊഥെയൊസ് 5, 6

1. നമ്മുടെ അപ്പൻ, അമ്മ, സഹോദരൻ, സഹോദരി എന്നിവരോടു പെരുമാറുന്നപോലെ സ്നേഹത്തിലും നിർമ്മലതയിലും ഇടപെടണം. (5:1–2)
2. തനിക്കുള്ളവർക്കും പ്രത്യേകം സ്വന്തകുടുംബക്കാർക്കും വേണ്ടി കരുതാത്തവൻ വിശ്വാസം തള്ളിക്കളഞ്ഞു...(5:8)
3. ആദ്യവിശ്വാസം തള്ളുകയാൽ അവർക്കു ശിക്ഷാവിധിയുണ്ട്. (5:12)
4. ന്യായമല്ല.
5. 5:17, 18.
6. അല്ല. ആരോഗ്യപരിപാലനത്തെക്കുറിച്ചാണ് പറഞ്ഞിരിക്കുന്നത്.
7. ദൈവഭക്തിയെ ആദായസൂത്രം എന്നു വിചാരിക്കുന്നു. അലംഭാവത്തോടുകൂടിയ ദൈവഭക്തി വലുതായ ആദായം ആകുന്നുതാനും. (6:6)
8. ദ്രവ്യാഗ്രഹം സകലവിധ ദോഷത്തിനും മൂലമല്ലോ. (6:10)
9. (a) നല്ല ഫലങ്ങളെ മുറുകെ പിടിക്കണം. (6:11, 12)
   (b) വിശ്വാസത്തിൽ നല്ലപോർ പൊരുതുക. (12)
   (c) സാക്ഷികളുടെ മുമ്പാകെ വിശ്വാസം ഏറ്റുപറയുക. (12)
10. (a) സമ്പത്തിന്റെ പേരിൽ അഹങ്കരിക്കരുത്.
    (b) നശ്വരമായ സമ്പത്തിൽ പ്രത്യാശവയ്ക്കരുത്.
    (c) ജീവിതസന്ധാരണത്തിന് ആവശ്യമായ സമ്പത്ത് നല്കിയ ദൈവത്തിൽ പ്രത്യാശ വയ്ക്കുക.
    (d) സമ്പത്ത് മറ്റുള്ളവരുമായി പങ്കുവയ്ക്കണം.
    (e) നശ്വരമായ സമ്പത്ത് പങ്കുവയ്ക്കുമ്പോൾ അനശ്വരമായ ജീവനു അവകാശികളാകുന്നു.

### ഡിസംബറിലെ എല്ലാ ഉത്തരങ്ങളും ശരിയാക്കിയവരുടെ പേരുവിവരം താഴെ പറയുന്നു

1. Mrs. Mariamma Varghese, Kottayil, Aluva.
2. Mrs. Annie Oommen, Vaniyapurakal, Niranam.
3. Mrs. Valsa Mathai, T.C. 2/1077, Trivandrum-11
4. Mrs. Moley Mathew, Naranganam.
5. Yasmine George, Panthaplackal, Aluva-1.
6. Mrs. Alice Abraham, Anthariathu, 19 N.S.R. Road, Coimbatore-641 011.
7. Mrs. Elizabeth Thambi, Koothoor, Cochin-36.
8. Mrs. Annamma Mathai, H.No. XIII/70, Aluva.


**3RD DEATH ANNIVERSARY**
**22.02.2000**



MR. K.I. THOMAS
**Bhopal**

*Till memory fade's and life departs:*
*You will always remain in our hearts*
*A tribute of love from his family*

Mrs. Thomas,
Plot No. 49, Mahabali Nagar,
Netaji Housing Society,
Kolar Road, Bhopal-462 016

# നമ്മുടെ മനസ്സലിവ് അളക്കുന്ന ഒറീസ്സായിലെ ദുരിതനിവാരണം

**ഡോ. ഗീവർഗ്ഗീസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്ത**

രണ്ടാം സഹസ്രാബ്ദത്തിന്റെ നടുവിൽ 1999 ഒക്ടോബർ 29-ന് ഒറീസ്സായിൽ ആഞ്ഞടിച്ച സൂപ്പർ ചുഴലിക്കാറ്റിനെക്കുറിച്ച് കേൾക്കാത്തവരോ, അതിന്റെ ചിത്രങ്ങൾ മാധ്യമങ്ങളിലൂടെ കാണാത്തവരോ, ഇന്ത്യയിലെ പട്ടിണിപ്പാവങ്ങൾ മാത്രാമായിരിക്കും. ജാതിമതവ്യത്യാസം കൂടാതെ, ഭാരതീയരെ മാത്രമല്ല ലോകത്തെത്തന്നെ ഞെട്ടിച്ച ഈ സംഭവം ഭാരതം കണ്ടിട്ടുള്ള ഏറ്റവും വലിയ പ്രകൃതിക്ഷോഭത്താലുള്ള ദുരിതമാണെന്നുതന്നെ പറയാം. 1977-ൽ ആന്ധ്രായിലെ കൃഷ്ണ ജില്ലയിൽ ഇപ്രകാരം ചുഴലിക്കാറ്റും വെള്ളപ്പൊക്കവുമുണ്ടായപ്പോൾ ഒരു ജില്ല മാത്രമേ ഇതിനു തുല്യമായ ദുരിതമനുഭവിച്ചിട്ടുള്ളു. അവിടെ 68 ബലമായ വീടുകൾ പണിതുകൊടുക്കുവാൻ മലങ്കരസഭാമക്കൾതന്ന 6,00,000 ലക്ഷം രൂപയിൽ 4,00,000 രൂപ മാത്രമേ ചിലവഴിച്ചുള്ളു. ബാക്കി 2,00,000 രൂപാകൊണ്ടാണ് ഇപ്പോഴും ഏവരുടേയും സഹായം ലഭിച്ചുകൊണ്ടിരിക്കുന്ന സെന്റ് ഗ്രീഗോറിയോസ് ബാലഗ്രാം യാച്ചാരം ആരംഭിച്ചത്.



ദുരന്തഭൂമിയുടെ ഒരു ദൃശ്യം — *ഫോട്ടോ ഫാ. കുര്യൻ ഏബ്രഹാം*

ഒറീസ്സായിൽ 14 ജില്ലകളിലാണ് കൊടുങ്കാറ്റ് താണ്ഡവമാടി 3 ലക്ഷം കന്നുകാലികളേയും 25000 മനുഷ്യരേയും ഹിംസിച്ച ദാരുണസംഭവം. അടുത്ത 50 വർഷങ്ങൾകൊണ്ട് ഒറീസ്സാ പഴയ നിലയിൽ എത്തുകയില്ലപോലും. ഉപ്പുവെള്ളം കയറി നിലങ്ങൾ മുങ്ങിപ്പോയതിനാൽ ഉപ്പു വിമുക്തമാക്കാതെ ഇനി കൃഷിനടത്തുവാൻ സാദ്ധ്യമല്ല. രണ്ടായിരം കോടിരൂപായിൽ കൂടുതൽ ഗവണ്മെന്റ് വഴിയായി ഒറീസ്സായിലേക്ക് പല രാജ്യങ്ങളിൽനിന്നും ഒഴുകിക്കഴിഞ്ഞുവെന്നാണ് റിപ്പോർട്ട്. ഇതുകൂടാതെ ആർ.എസ്.എസ്., റെഡ്ക്രോസ് മുതലായ പല സ്വതന്ത്ര ഏജൻസികളും അവിടെ സേവനം ആരംഭിച്ചുകഴിഞ്ഞു. മലങ്കരസഭ ചുഴലിക്കാറ്റിന്റെ അടുത്തയാഴ്ചതന്നെ വെരി. റവ. കെ.എം. ഫിലിപ്പ് റമ്പാച്ചനെ ഭുവനേശ്വറിൽ വിടുകയും, ഭുവനേശ്വർ, കട്ടക്ക്, പാരദ്വീപ് പ്രദേശങ്ങൾ അദ്ദേഹം സന്ദർശിച്ച് ശരിയായ പ്രാഥമിക റിപ്പോർട്ടും അനേകം ചിത്രങ്ങളും ശേഖരിക്കുകയും, നവംബർ 23-ാം തീയതി പരിശുദ്ധ ബാവാതിരുമേനിയുടെ അദ്ധ്യക്ഷതയിൽ മാവേലിക്കര സെന്റ് പോൾസ് എം.റ്റി.സി.യിൽ കൂടിയ മിഷൻ സൊസൈറ്റിയുടെ മീറ്റിംഗിൽ അവതരിപ്പിച്ചതിന്റെ ഫലമായി ഒരു കോടി രൂപായുടെ ഒരു ബഡ്ജറ്റ് അന്നുതന്നെ അംഗീകരിക്കുകയുമുണ്ടായി. സഭയുടെ എമർജൻസി ഫണ്ടിൽനിന്ന് പ. ബാവാതിരുമേനി മിഷൻ ബോർഡ് പ്രസിഡന്റിനെ 3 ലക്ഷം രൂപായുടെ ഡ്രാഫ്റ്റ് ഏല്പിച്ച് ഫണ്ട്പിരിവ് ഉദ്ഘാടനം ചെയ്യുകയും ചെയ്തു. കഴിഞ്ഞ ഒന്നരമാസംകൊണ്ടുതന്നെ ഈ തുക പത്തുലക്ഷത്തോളം കവിഞ്ഞു എന്നുള്ളത് മലങ്കരസഭയുടെ ചരിത്രത്തിൽത്തന്നെ ആദ്യമായിട്ടാണെന്ന് തോന്നുന്നു. ഒരു സ്നേഹിതൻതന്നെ ഒരു ലക്ഷം രൂപാ എന്നെ ഏല്പിക്കുകയും അദ്ദേഹത്തിന്റെ പേര് പ്രസിദ്ധീകരിക്കരുതെന്ന് ആവശ്യപ്പെടുകയും ചെയ്തു. മറ്റൊരാൾ പരുമലയിൽവെച്ച് എന്നെ കണ്ടപ്പോൾ ഒരു ലക്ഷം രൂപാ വാഗ്ദാനം ചെയ്തു. അരലക്ഷം, കാൽലക്ഷം, നാല്പതിനായിരം (ഒരു വീടിന് ആവശ്യമായ തുക) എന്നീപ്രകാരം വലുതും ചെറുതുമായ തുകകൾ ഞാനാവശ്യപ്പെടാതെതന്നെ അയച്ചു തരുന്നവർ മലങ്കരസഭയിലുള്ളത് നമ്മുടെ മനസ്സലിവ് വറ്റിപ്പോയിട്ടില്ല എന്നുള്ളതിന്റെ തെളിവാണ്. ഒരു സ്നേഹിതൻ 16,000 രൂപ തിരുവല്ല ബഥനി അരമനയിൽ കൊണ്ടുതരികയും അദ്ദേഹത്തിന്റെ ഫണ്ടിൽനിന്നും ദശാംശം ഇനിയും തരാമെന്ന് വാഗ്ദാനം ചെയ്യുകയും ചെയ്തിട്ടുണ്ട്. ദശാംശം കൊടുക്കണമെന്ന് പഠിപ്പിച്ചതിലുള്ള നന്ദി വാചാമഗോചരമായി എന്നെ അറിയിക്കുകയും ചെയ്തു. യഥാർത്ഥത്തിൽ മൂന്നാം സഹസ്രാബ്ദത്തിലെ മലങ്കരസഭ കാരുണ്യത്തിന്റേയും, സ്നേഹത്തിന്റെയും മിഷൻ, അഭൂതപൂർവ്വമായി ചെയ്യുന്ന ഒരു സംഭവമാണ് മലങ്കര ഓർത്തഡോക്സ് സഭയുടെ Orissa cyclone relief projects.

ആദ്യത്തെ ഗ്രാമം ഗവണ്മെന്റ് തന്നിരിക്കുന്നത് ഇന്ദിരാ വില്ലേജിലെ പാറങ്കെ ബ്ലോക്കിലുള്ള 42 വീടുകൾ നശിച്ച ആദിവാസികളുടെ ഗ്രാമമാണ്. എനിക്കവിടെ തല്ക്കാലം പോകുവാൻ പ്രയാസമുള്ളതിനാൽ ഈ മാസം 24-ാം തീയതി വെരി.റവ. ഫിലിപ്പ് റമ്പാൻ അവിടെ ആദ്യത്തെ വീടിന് കല്ലിടുന്നതും പണി ആരംഭിക്കുന്നതാണ്. 42 വീടുകൾക്ക് 1,68,000 രൂപാ മതിയാകും. പള്ളികളിൽനിന്നും ആത്മീയസംഘടനകളിൽനിന്നും സ്വദേശത്തും വിദേശത്തുമുള്ള വ്യക്തികളിൽനിന്നും കാര്യമായ സംഭാവനകൾ വന്നുകൊണ്ടിരിക്കുന്നതിനാൽ രണ്ടാമത്തെ ഗ്രാമം താമസിയാതെ ദത്തെടുക്കുവാൻ സാധിക്കുമെന്നാണ് കർത്താവിൽ ശരണപ്പെടുന്നത്. ആദ്യത്തെ നാം പണിയുന്ന ഗ്രാമത്തിൽ ഇന്ദിരാഗാന്ധി അനുവദിച്ച കൊച്ചുകൊച്ചു വീടുകളാണ് ഇപ്പോൾ നാമാവശേഷമായിരിക്കുന്നത്. വീടുകളുടെ അടിസ്ഥാനംപോലും ഇപ്പോൾ കാണുവാനില്ല. ഇനിയൊരു ചുഴലിക്കാറ്റുണ്ടായാൽ നശിക്കുവാൻ സാദ്ധ്യതയില്ലാത്ത കോൺക്രീറ്റ് വീടുകൾ പണിയണമെന്നാണ് ഗവണ്മെന്റും ആവശ്യപ്പെട്ടിരിക്കുന്നത്.

ദൈവം കഴിവും മനസ്സിലുവും തന്നിട്ടുള്ള വായനക്കാർ ഓരോരുത്തരും 40,000 രൂപാവച്ചു തന്നാൽ അവരുടെ പേരിൽത്തന്നെ ഓരോ വീടുകൾ പണിതുകൊടുക്കാവുന്നതാണ്. നമ്മുടെ സഭയിൽ അങ്ങനെ കഴിവുള്ളവർ എല്ലാവരും ഈ സംരംഭത്തിൽ സസന്തോഷം പങ്കുചേരുകയാണെങ്കിൽ ആദ്യം പ്രതീക്ഷിച്ച 150 വീടുകൾക്ക് പകരം എത്രയധികം പണിയാമെന്ന് വായനക്കാർക്ക് ഊഹിക്കാവുന്നതാണല്ലോ. ആദ്യം പ്രതീക്ഷിച്ചത് കലഹണ്ടിയിലെ നമ്മുടെ കെട്ടിടങ്ങളിൽ അവിടുത്തെ അനാഥരായ കുഞ്ഞുങ്ങളെ കൊണ്ടുവന്ന് താമസിപ്പിച്ച് വളർത്തുവാനായിരുന്നു. എന്നാൽ കലഹണ്ടി ഡിസ്ട്രിക്റ്റ് ഒറീസ്സായിലാണെങ്കിലും, കലഹണ്ടി ചുഴലിക്കാറ്റ് അടിക്കാത്ത ഡിസ്ട്രിക്റ്റ് ആകയാൽ അവിടെ കുഞ്ഞുങ്ങളെ കൊണ്ടുപോകുവാൻ അവിടുത്തെ മാതാപിതാക്കളോ, ഗവണ്മെന്റോ അനുവദിക്കുന്നില്ല. 25,000 വീടുകളെങ്കിലും നശിച്ചുപോയതിനാൽ കൂടുതൽ വീടുകൾ പണിതുകൊടുക്കണമെന്നാണ് ഗവണ്മെന്റിന്റെ താല്പര്യം.

കലഹണ്ടിയിലെ മുൻ കളക്ടർ ശ്രീജിനാ ഐ.എ.എസ്. ഇപ്പോൾ ഭുവനേശ്വറിലെ കളക്ടർ ആകയാൽ എല്ലാ സഹായവും നമുക്ക് വാഗ്ദത്തം ചെയ്തിട്ടുണ്ട്. ഇപ്പോൾ ഇലക്ഷൻ സമയമാകയാൽ ആദ്യ ഭവനത്തിന്റെ കല്ലിടുവാൻ മന്ത്രിയെ ലഭിക്കുകയില്ലെങ്കിലും, വീടിന്റെ താക്കോൽ കൊടുക്കുന്ന സമയത്ത്, പണ്ട് ആന്ധ്രാപ്രദേശത്ത് അവിടുത്തെ മന്ത്രിയും ചീഫ് മിനിസ്റ്ററും വന്നതുപോലെ ഇവിടേയും വരുമെന്ന് നമുക്ക് പ്രതീക്ഷിക്കാം.

ഗ്രഹാംസ്റ്റെയിൻസിനേയും മക്കളേയും ചുട്ടെരിച്ചതിന് ശിക്ഷയാണ് ഈ ചുഴലിക്കാറ്റിനെ വിമർശിക്കുന്നവർ അവരുടെ മനസലിവ് ഇല്ലായ്മ കാണിക്കുന്നു എന്നു മാത്രമേ പറയുവാൻ കഴിയുന്നുള്ളു. വി. ലൂക്കോ 13-ൽ പറയുന്നതുപോലെ ശീലോഹോംഗോപുരം വീണ് 18 പേർ മരിച്ചത് അവർ നമ്മെപ്പോലെ പാപികളായിട്ടല്ല. നാം മാനസാന്തരപ്പെട്ട് മനസ്സലിവ് ഉള്ളവരായിത്തീരണമെന്ന് ദൈവോദ്ദേശ്യം. ഒറീസ്സായിൽ മരിച്ച 25,000 പേരും മുൻ ജന്മത്തിൽ ഒരുപോലെ പാപം ചെയ്തവരായിരിക്കുകയില്ലല്ലോ. കൂടാതെ ഗ്രഹാംസ്റ്റെയിൻസ്, ഫാ. അരുൾദാസ് എന്നിവരെ കൊന്നവർ ചുഴലിക്കാറ്റിൽ മരിച്ചിട്ടുമില്ല.

യഥാർത്ഥമിഷൻ ദൈവം സ്നേഹമാകുന്നു എന്നതാണ്. ആദ്യത്തെ രണ്ട് സഹസ്രാബ്ദം സ്വജനപക്ഷപാതമായി നാം ജീവിച്ചു എന്നത് നിഷേധിക്കാവുന്നതല്ല. പുതിയ സഹസ്രാബ്ദം, വാങ്ങിക്കുന്നതുപോലെ കൊടുക്കുന്നത് സന്തോഷം എന്ന കർത്തൃവചനം അനുഭവവേദ്യമായിരിക്കട്ടെ. പ. ബാവാതിരുമേനിയുടെ കല്പന എല്ലാ പള്ളികളിലും വായിച്ചുകഴിഞ്ഞുവെന്ന് പ്രതീക്ഷിക്കുന്നു. ഇത് മലങ്കരസഭയിലെ ഏറ്റവും വലിയ മിഷനറി പ്രവർത്തനമാണ്. സഭയുടെ എമർജൻസി ഫണ്ടിൽ ബാക്കിയുണ്ടെങ്കിൽ അതും തരാമെന്ന് പ. ബാവാതിരുമേനി കല്പിച്ചിട്ടുണ്ട്. നമ്മുടെ സഭയുടെ പരമാധികാരിയുടെ കല്പനയിൽ ആവശ്യപ്പെട്ടിരിക്കുന്നതുപോലെ ഒറീസാ പിരിവിന്റെകൂടെ പള്ളികളിൽനിന്നുള്ള സംഭാവനകൂടി ചേർത്ത് മിഷൻ ബോർഡ് പ്രസിഡന്റ്, സെന്റ് പോൾസ് എം.റ്റി.സി., മാവേലിക്കര-3 എന്ന വിലാസത്തിൽ അയയ്ക്കണമെന്ന് പ്രത്യാശിക്കുന്നു.

വിദേശത്തുള്ള അനേകരും അതാതു സ്ഥലത്തുതന്നെ പിരിവ് നടത്തിക്കൊണ്ടിരിക്കുന്നു എന്നും എനിക്കറിയാം. മുൻസൂചിപ്പിച്ചതുപോലെ ഓരോ വീടിനും ആവശ്യമായ 40,000 രൂപാവച്ച് എന്റെ പേർക്കോ, ട്രഷറാർ, പി.സി. കുര്യൻ, എന്ന പേരിൽ മുൻ മേൽവിലാസത്തിൽത്തന്നെ അയയ്ക്കാൻ കർത്തൃനാമത്തിൽ അപേക്ഷിക്കുന്നു. രസീത് ലഭിക്കാത്തവർ ആ വിവരവും അറിയിക്കണം. നവവത്സരാശംസകളോടും പ്രാർത്ഥനയോടുംകൂടി ഈ ചെറിയ ലേഖനം ഉപസംഹരിക്കുന്നു. □


**40-ാം ചരമദിനം**

**31-1-2000**



മരണം: 25-11-1999

**M.K. GEORGE**

Madappallil House
Kumbazha, Pathanamthitta

*By Sorrowing Family members*



**വിദ്യാഭ്യാസസഹായം**

കോളേജിൽ പഠിക്കുന്ന സാമ്പത്തികമായി പിന്നോക്കം നില്ക്കുന്ന കുട്ടികളിൽനിന്നും വിദ്യാഭ്യാസസഹായത്തിനുള്ള അപേക്ഷകൾ ക്ഷണിക്കുന്നു. ഇടവക വികാരിയുടെ സാക്ഷ്യപത്രം അപേക്ഷയോടൊപ്പം ഉണ്ടായിരിക്കണം. 2000 മാർച്ച് 15-ാം തീയതിക്കുശേഷം ലഭിക്കുന്ന അപേക്ഷകൾ പരിഗണിക്കുന്നതല്ല.

അപേക്ഷ അയയ്ക്കേണ്ട വിലാസം:
The Vicar
Mar Gregorios Orthodox Church
P.O. Box 984, P.C. 113.
Muscat, Sultanate of Oman

# പേരിനെ അന്വർത്ഥമാക്കിയ മാർ അന്തോണിയോസ്

വെരി. റവ. കെ.ജെ. കുര്യാക്കോസ് കോർ എപ്പിസ്ക്കോപ്പാ, മുളന്തുരുത്തി



**പൗരോഹിത്യ രജതജൂബിലി അനാർഭാടമായി കടന്നുപോയ കൊച്ചി ഭദ്രാസനാധിപൻ അഭി. സഖറിയാസ് മാർ അന്തോണിയോസ്. 'അന്തോണിയോസ്' എന്ന താപസശ്രേഷ്ഠന്റെ ജീവിതത്തെ സ്വജീവിതത്തിൽ സ്വാംശീകരിച്ച വന്ദ്യദേഹമാണദ്ദേഹം. വിദേശയാത്ര നടത്തിയിട്ടില്ല എന്നു മാത്രമല്ല ഇന്നുവരെ പാസ്പോർട്ടുപോലും എടുത്തിട്ടില്ല എന്നതാണ് ആ ലാളിത്യത്തിന്റെ മുഖമുദ്ര.**

അത്യുജ്ജ്വലനേതൃത്വങ്ങളിലൂടെയും, അതിവിശിഷ്ടസംഭാവനകളിലൂടെയും മലങ്കര സഭാചരിത്രത്തെ പ്രകാശപൂരിതമാക്കിയ കൊച്ചി ഭദ്രാസനാധിപനായ അഭിവന്ദ്യ സഖറിയാസ് മാർ അന്തോണിയോസ് തിരുമേനി പൗരോഹിത്യത്തിന്റെ രജതജൂബിലി ആഘോഷിയ്ക്കുന്നു.

നിഷ്ഠാപൂർണ്ണമായ ജീവിതചര്യ, കൃത്യനിഷ്ഠ, സമയനിഷ്ഠ, സ്നേഹപൂർവ്വമായ സമീപനം എന്നിവയിലൂടെ ജനഹൃദയങ്ങളെ തന്നിലേയ്ക്ക് ആകർഷിയ്ക്കുന്ന ഒരു മാസ്മാരിക വ്യക്തിത്വത്തിന്റെ ഉടമയാണ് അഭി. തിരുമേനി.

നിറകുടം തുളുമ്പുകയില്ലയെന്ന ആപ്തവാക്യം അന്വർത്ഥമാകുംവിധം പാണ്ഡിത്യവും, ദൈവഭക്തിയും, ഭരണനൈപുണ്യവും നിറഞ്ഞ ആ വ്യക്തിത്വം ഒരിക്കലും തുളുമ്പിയിട്ടില്ല.

1946 ജൂലൈ 19–ന് പുനലൂർ വളക്കോട് ആറ്റുമാലിൽ വരമ്പത്ത് കെ.സി. ഏബ്രഹാമിന്റെയും മറിയാമ്മയുടെയും മകനായി ജനിച്ച സഖറിയ കൊല്ലം ഫാത്തിമ മാതാ നാഷണൽ കോളേജിൽനിന്നും ഇക്ണോമിക്സിൽ ബിരുദവും ഓർത്തഡോക്സ് സെമിനാരിയിൽനിന്നും G.S.T.യും സെറാമ്പൂർ സർവകലാശാലയിൽനിന്നും ദൈവശാസ്ത്രത്തിൽ B.D.യും കരസ്ഥമാക്കി.

1972 മെയ് 15–ന് ശെമ്മാശസ്ഥാനവും, 1974 ഫെബ്രുവരി 2–ന് കശീശസ്ഥാനവും സ്വീകരിച്ച് അച്ചൻ 18 വർഷക്കാലം കൊല്ലം ഭദ്രാസന അരമനയുടെ മാനേജർ ആയി വിശ്വസ്തസേവനം കാഴ്ചവച്ചു. 1989 ഡിസംബർ 27–ന് കൂടിയ മലങ്കര അസോസിയേഷനിൽവച്ച് മേൽപ്പട്ടസ്ഥാനത്തേക്ക് തിരഞ്ഞെടുക്കുകയും ചെയ്തു. 1991 ഏപ്രിൽ 10–ന് പ. ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് ദ്വിതീയൻ കാതോലിക്കാബാവ മാർ അന്തോണിയോസ് എന്ന പേരിൽ കൊച്ചി ഭദ്രാസനത്തിനുവേണ്ടി വാഴിച്ചു. അന്നുമുതൽ ഇന്നുവരെയും ഭദ്രാസനത്തിന്റെ അങ്ങോളമിങ്ങോളം ഓടിനടന്ന് ഭദ്രാസനവളർച്ചയ്ക്കുവേണ്ടി പ്രയത്നിച്ചുകൊണ്ടിരിയ്ക്കുന്നു.

പൗരാണികസഭയിലെ അതിശ്രേഷ്ഠനും താപസനുമായ അന്തോണിയോസിന്റെ പേര് അന്വർത്ഥമാക്കി ജീവിയ്ക്കുന്ന ശ്രേഷ്ഠാചാര്യനായ തിരുമേനി, തപശ്ചര്യംകൊണ്ടും പ്രാർത്ഥനാജീവിതംകൊണ്ടും ശ്രേഷ്ഠമായ ആരാധന വഴിയായി അന്തോണിയോസ് എന്ന പുരാതന താപസശ്രേഷ്ഠന് പുനർജന്മം നല്കിവരുന്നു.

മുറതെറ്റാതെ നടത്തുന്ന യാമപ്രാർത്ഥനകളിലെ കുമ്പിടീലും, ഉപവാസവും, നോമ്പും തന്റെ ആരോഗ്യത്തെ സാരമായി ബാധിച്ച് ഹൃദ്രോഗബാധിതനായിട്ടും സ്ഥിരചിത്തനായി ജീവിക്കുന്ന തിരുമേനിയുടെ ജീവിതം ഏവർക്കും മാതൃകതന്നെയാണ്.

സമൂഹത്തിലെ സമ്പന്നരുടെയും, ദരിദ്രരുടെയും മനസ്സുകളിൽ ഒരുപോലെ സ്ഥാനം നേടിക്കൊടുത്ത് മഹത്വത്തിന്റെ വലുപ്പം അറിയിയ്ക്കാതെ വലിയവനിൽ ചെറിയവനായി ജീവിയ്ക്കുന്നു.

വിദേശയാത്ര അലങ്കാരമായി സ്വീകരിയ്ക്കുന്ന ബിഷപ്പുമാരുടെ ഗണത്തിൽ ഏകനായി കഴിയുന്ന അഭിവന്ദ്യപിതാവിന്, ഒരു പാസ്പോർട്ട് പോലുമില്ല എന്നുള്ള കാര്യം പ്രത്യേകം പ്രസ്താവ്യമത്രെ. വിദേശത്തു പോയാൽ തിരുമേനി നേതൃത്വം നല്കുന്ന വിവിധ സാമൂഹ്യസേവനപദ്ധതികൾക്ക് പണം സ്വരൂപിയ്ക്കാമെന്നുള്ള തന്റെ സഹപ്രവർത്തകരുടെ നിർബന്ധത്തെ അതിജീവിച്ച് തന്റെ നിശ്ചയദാർഢ്യത്തിൽ ഉറച്ചു നില്ക്കുന്നു.

അഭി. തിരുമേനി ഭരണ സാരഥ്യം ഏറ്റെടുക്കുമ്പോൾ ഒരു യു.പി.സ്കൂൾ മാത്രമല്ലാതെ മറ്റ് പൊതു സ്ഥാപനങ്ങൾ ഒന്നും ഭദ്രാസനത്തിൽ ഉണ്ടായിരുന്നില്ല. എന്നാൽ, ഇപ്പോൾ സമൂഹത്തിലെ നിരാലംബർക്കും, വൃദ്ധരായ സ്ത്രീജനങ്ങൾക്കുംവേണ്ടി കൊരട്ടിയിലെ "ഹന്നാ" വൃദ്ധമന്ദിരം, ഇരിങ്ങാലക്കുടയിലെ "സമാധാനഭവനം" എന്നിവ ആരംഭിച്ചു.

5 വർഷക്കാലം സ്ലീബാ ദാസസമൂഹം പ്രസിഡന്റായി, സ്തുത്യർഹമായ സേവനം അനുഷ്ഠിച്ച് സഭയിലെ മുഴുവൻ ദളിത് കുടുംബങ്ങളും സന്ദർശിച്ച് അവരുടെ ക്ഷേമം അന്വേഷിച്ച്, അത്യാവശ്യ ഉപദേശങ്ങളും സഹായങ്ങളും നല്കിയ മറ്റൊരു

ശേഷം 26–ാം പേജിൽ



# VALUES OF A MATURE PERSONALITY

DR. YAKOB MAR IRENAIOS METROPOLITAN

"Just as you want men to do to you, you also do to them likewise" (St. Luke 6:31)

We expect people to be nice to us, don't we? But we know everybody is not so nice to us always as we expect! The quantum of pleasant treatment that we receive from others is usually one of the determinants of our mental health and happiness. However we know that no one is so fortunate as to get pleasant treatment from those around all the time. Even our Lord Jesus Christ, who went about doing good to all, was scoffed and treated with contempt by some people. And that is the way of the world!

We all like good personalities and we also wish to posses a pleasant and attractive personality. For many people, personality is your external form - how you appear to be before others; fair, tall, smart, well-attired and so on. Psychologically speaking, however, personality is not limited to mere "good looks.", but something basically different. Personality is all that you are. In social situations, personality development is a significant concomitant along with intellectual accumen. We are nearer truth if we say that personality is closely related to our spiritual existence also if we care to listen to our Lord who is always for the proper upkeep of relationships not only among humans, but also the relationship which we should essentially have with God.

It is really astounding how psychological our Lord sounds when he gives us a lesson in practical human relationships. Reciprocatity and mutuality constitute the central phenomenon in meanigful and healthy relationships. Just as we expect others to be nice to us, we have to develop the same capacity consciously to be nice to those around us. Good manners are contagious and sometimes we tend to forget that bad manners also tend to generate the same in others. If we are a bit conscientious and careful as to how our demeanour and dealings influence others, we would rather try to organize our general behaviour so that it would only be congenial to prosper relationships and cause least damage, when it becomes extremely inevitable. It all depends upon our personality make up and how we organize and refurbish our style in relating to others. Although we are born with a host of characteristics and potentialities as part of our heredity, the environment exercises an equal amount of influence on our person. Thus some of the details of a good personality could be consciously cultivated, which in the long run will certainly prove to be an asset to our well being, and contribute to a proper level of mental health as well.

One of our areas of interest in the development of personality is the attainment of a level which psychologists term as "mature personality" We usually tend to adduce to `maturity', a reasonable level of mental balance, considered opinions, judicious discernment of personal and social problems and a cluster of other desirable factors which are of value in our lives. So our aim in the understanding and nourishment of personality is the state of "mature personality". Such a state was given the appellation, "Sthitha prajna" by ancient Indian seers. Such a personality is not easily carried away by fleeting emotions or the changes that occur in the convironment. He will not be off his feet by the tides of successive gains and losses or the Kaleidoscopic variations in his relationship with the individuals around. On any serious endeavour in life, mostly we are on the lookout for mature persons who are better poised than others. E.A. Peel the renowned Psychologist and author has made a list of four major characterstics which constitute a mature personality. They are

Self extension

Self Objectification

Self feeling, and self consistency

Each of these charactersistics in its excess, and carried to extremities will not contribute to the total definition of a mature personality. However, they are mutually corrective and complementary to the extend that woven together into the texture of personality, they constitute a balanced and productive person in society.

a) Self-extension

For some individuals, it is really a challenge to get involved in different areas of activities at the same time. This extension of functioncing to diverse fields means functioning at different levels, expending one's time and resources maximally, not only for one's own benefit, but for the welfare of many others. Instead if one confines his movements entirely to a single area, a lot of latent energy would remain unutilised and dormant. Therefore, it is a sure sign of a live and productive personality that it would be maximally useful in personal and social situations. It is interesting in this context to read (1Cor. 9:22, where St. Paul makes an unusual claim that he became everything to everybody.'

b) Self objectification

It is a noted feature of a mature and attractive personality that it periodically resorts to self-criticism and assessment. It is this one factor which enables a person to restrucure and "reform" his way and behaviour. Thus it may be said that a wise man is not tolerant to legtimate and reasonable criticism because it helps him to assess where actually he stands in the eyes of the world. Even Jesus was no exception to this is seen in his enquiry to his disciples "who do men say that I, the Son of man am? who do you say that I am? (Matt. 16:13-15)

If we can stand outside ourselves and objectively look at ourselves, and sometimes laugh at our foibles and and that is a significant means of self-correction. One who does not evaluate oneself objectively would never learn lessons from experience and this is demied and opportunity for replenishing life. Such a personality is a poor specimen studies relating to a mature personality.

c) Self-feeling

A third feature of a mature and reliable personality is self-feeling, which is a counter balance for exessive self-criticism. Self-feeling a strong and balanced awareness of one's own strengths and weaknesess. It provides power and bite to one's self-awareness and convictions. It adds increments of realism to assessment of situations and initiatives. Self-feeling in proper doses is so necessary to avoid excessive and highly improper goal-setting. Unrealistic goal-setting leads to invariable results in disappointment, lack of faith in ourself. A person with reasonable self-feeling is not easily moved by external challenges to his capabilities or unfair criticism of accomplishments.

d) Self-consistency

Usually a person with excessive self-feeling stands on prestige and proves to be `a hard nut' to crack. However too much of self-feeling needs to be corrected by self-consistency. It means being steady in one's opinions and viewpoints, and to be largely dependent on one's ability to form a considered opinion on any issue under consideration. If one is not consistent in his views and decisions, it will not be easy for him to implement his own decisions, and he will not be taken as trust worthy by others.

It is interesting and rewarding to study mature and lovable features of Jesus personality and learn practical lessons from it. It was easy for our Lord to spread his activities to many fields, and he could move from one to another without straining his nerves. He was also careful to know as to how people would assess his life and mission. Self feeling and self-consistency are equally marked features in our Lord's personality. St. John clearly states that Jesus knew that "he came from God and was going to God" (John 13:3). So he never wanted anyone's endorsement for himself or for his actions, and there was a consistancy in all his words and dealings and was contantly aware of his life and mission.

Young people who are generally self-conscious about their `appearance' and `performance' may do well in appreciabiy examing the granderar and myriad shades of the beauty of the personality of our Lord! And just as you want men to do to you, you also do to them likewise." ◆




John & Family
Eranakulam



K.P. Mathew
Kallely



P.K. James & Family
Banglore



Stephen
Pallatt

ഉദ്ദിഷ്ടകാര്യസാദ്ധ്യത്തിന്



മോളിക്കുട്ടി
തിരുവനന്തപുരം



Mrs. Alice
Thevalakara



Idichandy & Family
Baroda



Jolly Sajan
Padi

പ. കന്യക മറിയാമിന്റേയും, വി. യൂദാശ്ലീഹായുടെയും പ. പരുമല തിരുമേനിയുടെയും, തേവോദോസിയോസ് തിരുമേനിയുടെയും മദ്ധ്യസ്ഥപ്രാർത്ഥനയാൽ ഉദ്ദിഷ്ടകാര്യം സാധിച്ചതിന്

ഒരു വിശ്വാസി




# The Mystery of Time

## Mathews Mar Barnabas Metropolitan

The world is full of mysteries. God is mystery, life is a mystery and time also is a mystery. On the threshold of the New Millenium which is a landmark in history, let us try to understand the value of time and How to make the best use of it.

It is time that gives value to anything. Everything is useless if there is no time to realize it. The utmost benefit of anything depends on the maximum effort that we devote in the use of time. God wants us to do our best in everything. "What ever thy hand findeth to do, do it with thy might." (Eccl. 9:10), says Solomon the Wise. About loving God, it is written, "And thou shalt love the Lord thy God with all thy heart and with all thy soul and with all thy mind and with all thy strength." (St. Mark 12:30). Loving the neighbor must also be at the maximum. Hence it is written, "Thou shalt love thy neighbor as thyself." (St. Mark 12:31). Jesus Christ did the maximum good to the society by obeying His Father in every thing. So He was able to say, "It is finished". (St. John 19:30), before He breathed His last. He is our example in everything.

1. "He went about doing good." (Acts. 10:38)
2. "He did everything well." (St. Mark 7:37)
3. "My food is to do the will of Him who sent me and to accomplish His work." (St. John 4:34)
4. "We must do the work of Him who sent me while it is day, night comes when no one can work." (St. John 9:4)

There is a saying "Catch the time by forlock". The idea is that like catching the forelock of a man with a head bald all over, except the forelock, as he runs by our side, we have to plan ahead and make the best use of the present tense, before it passes on to the past tense.

Some people are scared that the Second Coming of our Lord is at hand and that this world is coming to an end. If this is going to happen in the immediate future, the best way to prepare for that is to abide in the Lord. St. John says "And now little children, abide in Him, that when He shall appear, we have confidence and not be ashamed before Him at His coming" (1 John 2:28). Our death may also be considered as our Lord's Second Coming to each one of us, and the end of the world to each one of us. Hence it is our duty to abide in the Lord irrespective of time. ◆


6-ാം ചരമവാർഷികം (18-2-2000)



പി.വി. ജോസഫ്

വട്ടശ്ശേരിൽ പൊയ്കുടിയിൽ, ചെങ്ങന്നൂർ

*Inserted by:* സന്തപ്ത കുടുംബാംഗങ്ങൾ

പ. പരുമല തിരുമേനിയുടെ
മദ്ധ്യസ്ഥതയിൽ അഭയംപ്രാപിച്ചുകൊണ്ട്



KUNJAMMA
ORISSA



# ക്രിസ്തീയ സന്യാസവും ഭാരതീയ മൂല്യങ്ങളും!!! മൂന്നാം സഹസ്രാബ്ദത്തിൽ!!!

ഫാ. രാജു തോമസ് കൈതവന, ഭിലായ്

ക്രിസ്തീയ ജീവിതാവസ്ഥകളിൽ പ്രത്യേക പ്രാധാന്യമർഹിക്കുന്ന ഒന്നാണ് സന്യാസം. ഓർത്തഡോക്സ് സഭകളുടെ ചിന്തയിലും ജീവിതത്തിലും പ്രവർത്തനങ്ങളിലും വലിയ സ്വാധീനം ചെലുത്താൻ സന്യാസികൾക്ക് കഴിഞ്ഞിട്ടുണ്ട്.

ഇന്ന് പാശ്ചാത്യനാടുകളിൽ സന്യാസം ഒരു പ്രത്യേക പ്രതിസന്ധിയിലൂടെ കടന്നുപോവുകയാണ്. ഈ കാലഘട്ടത്തിൽ ക്രിസ്തീയ സന്യാസത്തെ എങ്ങനെ ഭാരതീയവത്ക്കരിക്കാം എന്നാണ് ഈ നൂറ്റാണ്ടിൽ നാം ചിന്തിക്കേണ്ടത്. ഭാരതം സന്യാസത്തിന്റെ ജന്മഭൂമിയാണ് ഈജിപ്തിലും, സിറിയായിലുമൊക്കെ ക്രിസ്തീയ സന്യാസികൾ ഉണ്ടാകുന്നതിനു വളരെ മുമ്പു തന്നെ സർവ്വപരിത്യാഗികളും ദൈവാന്വേഷികളുമായ വ്യക്തികൾ ഭാരതത്തിലുണ്ടായിരുന്നു. ദൈവാനുഭവത്തിന്റെ ജീവിതമാണ് ഭാരതീയ സന്യാസം, ദൈവാനുഭവമില്ലാത്ത ഒരാളെ സന്യാസിയെന്നു വിളിക്കാൻ സാധിക്കുകയില്ല. ഇന്ത്യയുടെ

ഭാരതത്തിൽ ഒരു സന്യാസി ദാരിദ്ര്യത്തിന്റെ പ്രതീകമാണ്. ഞാനും എന്റേതും എന്ന ചിന്ത ഒരു യാഥാർത്ഥസന്യാസിക്കില്ല. എല്ലാം ഉപേക്ഷിച്ച് പരിവ്രാജകനായി ജീവിക്കാൻപോലും അയാൾ ഇഷ്ടപ്പെടുന്നു. ലാളിത്യം അയാളുടെ മുഖമുദ്രയാണ്. സമ്പത്തിൽനിന്നും സ്ഥാനമാനങ്ങളിലും നിന്നും സ്വതന്ത്രനായ അയാൾ ജീവൻമുക്താവസ്ഥവരെ എത്തിയെന്നുവരാം. സങ്കീർണ്ണതകളുടെ കലവറയായ യൂറോപ്പിന്, ഭാരതത്തിൽനിന്നും പഠിക്കാനുള്ള വലിയകാര്യങ്ങളിലൊന്നു ലാളിത്യമെന്ന സത്യമാണ്.

ധ്യാനത്തിന്റെ മനുഷ്യനാണ് സന്യാസി ദൈവവാക്യത്തിന്റെ ഉള്ളറകളിലേക്ക് സന്യാസി കടക്കുന്നത് ധ്യാനത്തിലൂടെയാണ്. അന്തരികവും ബാഹ്യവുമായ ശുദ്ധിയാണ് മറ്റൊരു പ്രത്യേകത. യോഗികൾ യോഗാഭ്യാസംകൊണ്ടും സാധിക്കുന്ന ശുചിത്വവും ശുദ്ധീകരണവും പ്രത്യേകം ശ്രദ്ധേയമാണ്. യോഗാഭ്യാസത്തിന് ഇന്നു ക്രിസ്തീയവൃത്തങ്ങളിൽ കൂടുതൽ അംഗീ

**ദൈവത്തിന്റെ വെളിച്ചം കണ്ടവനും കിട്ടിയവനും, കൊടുക്കുന്നവനുമാണ് സന്യാസി. ബാക്കിയുള്ളവർ പഠിപ്പിക്കുന്നതു മാത്രമല്ല അദ്ദേഹത്തിന്റെ ജീവിതപ്രമാണം. ആത്മാവിന്റെ ഭാഷയിൽ വിശാരദനാണ് സന്യാസി. അദ്ദേഹം ആന്തരിക നിയമങ്ങളിൽ നയിക്കപ്പെടുന്നു.**

അദ്ധ്യാത്മിക പൈതൃകം പ്രധാനമായി സാക്ഷാത്ക്കരിച്ചിരിക്കുന്നത് സന്യാസികളിലാണ്.

ദൈവാനുഭവത്തിന്റെ പ്രഭ വിതറി ജീവിച്ച അനേകം ദിവ്യാത്മാക്കളെ ഇന്ത്യയിൽ പല കാലഘട്ടങ്ങളിലായി നമുക്കു കണ്ടുമുട്ടുവാൻ സാധിക്കും. ശ്രീബുദ്ധൻ, ശങ്കരാചാര്യർ മീരാഭായി, ശ്രീരാമകൃഷ്ണ പരമഹംസൻ, രമണമഹർഷി, അബിന്ദോ, മഹാത്മാഗാന്ധി എന്നിങ്ങനെ ഒട്ടേറെ മഹാന്മാക്കൾ. ദൈവാനുഭവത്തിന്റെ കയങ്ങളിൽ നീന്തിത്തുടിച്ചതാണ് ഇവരിൽ പലരും. പാശ്ചാത്യസന്യാസികളോടൊപ്പം തലയുയർത്തി നില്ക്കാൻ കെല്പുള്ളവരാണെന്നു മാത്രമല്ല. ജീവിതദർശനത്തിലും സന്യാസനിഷ്ഠയിലും പടിഞ്ഞാറിനു പോലും സമാദരണീയരാണിവർ.

ചെയ്യുക എന്നതിനേക്കാൾ "ആയിരിക്കു" എന്നതിന് പൊതുവെ ഭാരതീയ സന്യാസികൾ തല്പരരാണ്.

കാരം ലഭിച്ചുവരുന്നു. ജീവിതത്തിന്റെ ആഴവും അർത്ഥവും ദൈവത്തിൽമാത്രം കണ്ടെത്തുന്ന മാനസികാവസ്ഥയാണ് സന്യാസിമാരുടേത് ദൈവം സത്യം, ലോകം മിഥ്യ, എന്നു ശങ്കരാചാര്യർ പഠിപ്പിക്കുന്നു. മനുഷ്യന്റെ സാമൂഹ്യവും രാഷ്ട്രീയവും അദ്ധ്യാത്മികവുമായ സർവ്വപ്രവർത്തനങ്ങളുടേയും അന്തിമലക്ഷ്യം ദൈവപ്രാപ്തിയാണെന്നു വിനോബാജി അഭിപ്രായപ്പെടുന്നു.

ദൈവത്തിന്റെ വെളിച്ചം കണ്ടവനും കിട്ടിയവനും, കൊടുക്കുന്നവനുമാണ് സന്യാസി. ബാക്കിയുള്ളവർ പഠിപ്പിക്കുന്നതു മാത്രമല്ല അദ്ദേഹത്തിന്റെ ജീവിതപ്രമാണം. ആത്മാവിന്റെ ഭാഷയിൽ വിശാരദനാണ് സന്യാസി. അദ്ദേഹം ആന്തരിക നിയമങ്ങളിൽ നയിക്കപ്പെടുന്നു. കേവലം ബാഹ്യനിയമങ്ങളുടെ അടിമയല്ല. ആന്തരിക സ്വാതന്ത്ര്യം ഹൃദയത്തിന്റെ അഗാധതയിൽ ആസ്വദിക്കാൻ അദ്ദേഹത്തിന് കഴിയുന്നു.

പരുപൂർണ്ണതകളുടെ ഉടമയാകാൻ സന്യാസി പരിശ്രമിക്കുന്നു. ഈ ലോകത്തിൽ നവീകൃതമായ മനുഷ്യാസ്തിത്വത്തിന്റെ അടയാളം കൂടിയാണ് സന്യാസമെന്നു ചിലർ അവകാശപ്പെടുന്നു.

സന്യാസം ഒരു പ്രേഷിതജീവിതമാണ്. ദൈവപിതാവിനാൽ അയയ്ക്കപ്പെട്ട ദൈവസുതന്റെ കാലടിപ്പാടുകളെ അനുധാവനം ചെയ്തു ദൈവരാജ്യം മെനയാൻ യേശുവിനാൽ അയയ്ക്കപ്പെട്ടവർ. ദൈവരാജ്യനിർമ്മിതിക്കായി അദ്ധ്വാനിക്കുക എന്ന കൃത്യം അതിനാൽ അനുസ്യൂതം അവർ തുടരണം.

മൂന്നാം സഹസ്രാബ്ദത്തിലെത്തിയ നമുക്ക് സന്യാസത്തിന്റെ അന്തർധാരയെക്കുറിച്ച് ആഴമായി ചിന്തിക്കുന്നത് ആവശ്യമാണ്. അനേകം നൂറ്റാണ്ടുകളുടെ പാരമ്പര്യവും പൈതൃകവും അവകാശപ്പെടുന്ന സന്യാസവും അതിനെ അഭിമുഖീകരിക്കാൻ പോകയാണ്. കഴിഞ്ഞ കാലങ്ങളിൽ സന്യാസത്തിനുണ്ടായിരുന്ന സ്വാധീനമൊന്നും ഇപ്പോൾ ജനജീവിതത്തിൽ അതിനില്ലെന്നു പറയുന്നവരുണ്ട്. മാത്രമല്ല സന്യാസസ്വാധീനം കുറഞ്ഞുകൊണ്ടിരിക്കയും പല രംഗങ്ങളിൽനിന്നും നിഷ്കാസിതമായികൊണ്ടിരിക്കുന്നുവത്രേ. ഓർത്തഡോക്സ് സഭയുടെ പല ആശ്രമങ്ങളുടെ കവാടങ്ങൾ അടയാൻ പോകുന്നു. കാരണം ഈ നിഷ്ഠജീവിതത്തോട് മനുഷ്യൻ ഇഷ്ടപ്പെടുന്നില്ല. ഇതിന് കാരണം സന്യാസത്തിന്റെ ദൗർബല്യമോ സന്യാസത്തിന്റെ വൈകല്യമോ? കാലഹരണപ്പെട്ടതായി വഴിമുടക്കിയായി പലർക്കും തോന്നുന്നുണ്ടെങ്കിൽ അതിനുള്ള കാരണങ്ങൾ കണ്ടെത്തി സന്യാസം അതിന്റെ തനിമയോടെ അവതരിപ്പിക്കാൻ നാം ശ്രമിക്കണം.

വിശ്വാസ്യത നഷ്ടപ്പെട്ട കുറെപ്പേരുടെ കൈയ്യാങ്കളിയാണ് അധികാരം. സന്യാസത്തിലെ അധികാരം എങ്ങനെയായിരിക്കണം. ആത്മാവിൽ സ്ഫുടം ചെയ്യപ്പെട്ട ആദ്ധ്യാത്മികവും ദൈവികവും വിശുദ്ധവും ദൈവജീവദായകവുമാകണം. ആത്മീയ ഉണർവ്വിന്റെയും ആന്തരിക ഉണർത്തലിന്റെയും ശുശ്രൂഷയാകണം. 21-ാം നൂറ്റാണ്ടിലെ സന്യാസജീവിതം. ആദിമ നൂറ്റാണ്ടുകളിലെ സന്യാസം ആദ്ധ്യാത്മിക പ്രചരിമാരുടെ ഉറവിടമായിരുന്നു ആത്മികപ്രബുദ്ധതകളുടെ നിരന്തര സ്രോതസുകളും സുവിശേഷചൈതന്യത്തിന്റെ പ്രവാഹങ്ങളുമായി സന്യാസ സമൂഹങ്ങൾ അന്ന് ജനതയെ ആത്മീയസമ്പന്നമാക്കി.

അന്ന് അധികാരം കേന്ദ്രീകൃതമായിരുന്നില്ല. പ്രത്യുത ആത്മാർപ്പണാധിഷ്ഠിതമായിരുന്നു. അന്നത്തെ സന്യാസികൾ സ്ഥാനമാനങ്ങളുടെ പിന്നാലെ പരക്കം പാഞ്ഞിരുന്നില്ല. സഹാനുഭൂതി, പരപരിഗണന, പരപരിചരണം, ധാരണ, എന്നിവ ക്രിയാത്മകമായി വർത്തിക്കുക സന്യാസ ദൗത്യം തന്നെ. പേരുമാറ്റംകൊണ്ടു പെരുമാറ്റം നന്നാകണമെന്നില്ല. ജീവിതാന്തസ്സുകളുടെ വിലാസം മാത്രം മാറിയാൽ പോരെന്ന് അർത്ഥം. മൗലികമായ മാറ്റങ്ങളുടെ സമരകാഹളമാണ് സന്യാസം. ഇരുട്ടിന്റെ ചേരുവകൾ അപഗ്രഥിച്ചിരുന്നതുകൊണ്ടു വലിയ മെച്ചമൊന്നുമില്ല. ഇരുട്ടിനെ പഴിക്കുന്നതിനേക്കാൾ ഒരു ചെറുതിരിയെങ്കിലും കത്തിക്കു. ഈ ദൗത്യം തുടരാൻ സന്യാസികൾ തയ്യാറാകുമോ. എങ്കിൽ മൂന്നാം സഹസ്രാബ്ദം രക്ഷപ്പെട്ടു. ഭ്രാന്തൻ സ്വപ്നങ്ങളിലും വിധികളുടെ തുറകളിലും ജീവിതം ചെലവഴിക്കുന്നവരിലേയ്ക്കു പ്രഭാതവും, പ്രകാശവും ചൊരിയണം. സാധാരണയിൽനിന്നും സന്യാസികൾ ഉണരേണ്ട കാലം അതിക്രമിച്ചു. പരമ്പരാഗത താവളങ്ങളിൽ മാത്രം അള്ളിപ്പിടിച്ചിരുന്നാൽ കാലത്തിന്റെ സ്പന്ദനങ്ങളും ചുവരെഴുത്തുകളും നമുക്കന്യമാകും. നിലമറിഞ്ഞു വിത്തെറിയണം. സാഹചര്യങ്ങൾക്കനുസൃതമായി വെളിച്ചം പകരാനാണ് സന്യാസികൾ തുനിയേണ്ടത്. സർവ്വാംഗപരിത്യാഗികളായ സന്യാസികളുടെ ലളിത ജീവിതം പുത്തൻ സഹസ്രാബ്ദത്തിന്റെ പൂനിലാവാകട്ടെ.

സമഗ്രവിമോചനത്തിന്റെ ജീവവാക്യം താപസജീവിതമാണ് നമുക്ക് ഇന്ന് ആവശ്യം. കൺഫ്യൂഷൻകൊണ്ട് മുഖരിതമാകുന്ന ഒരു ദിശാസന്ധി നമ്മെ കാത്തിരിക്കുന്നു. നമുക്കെന്തെങ്കിലും നിവാരണ മാർഗ്ഗമായി വച്ചുനീട്ടാനാകുമോ?

പരിഹാരത്തിന്റെയും പ്രായശ്ചിത്തത്തിന്റെയും ജീവിതത്തിലൂടെ നേടുന്ന ജീവിത പ്രതിഭയിലൂടെ ഈ ലോകത്തെ സാത്വികതയിലേയ്ക്ക് തിരിച്ചുവിടാൻ സന്യാസികൾ യത്നിക്കുകതന്നെ വേണം. ആസക്തികളിലും ആർത്തികളിലും മുഴുകി മരണസംസ്കാരത്തിലേക്കും നിരാശാബോധത്തിലേയ്ക്കും വഴുതിവീഴുന്ന തലമുറകൾക്ക് അത്താണിയാകാൻ നാം ശ്രമിക്കണം. മൂന്നാം സഹസ്രാബ്ദം നമുക്ക് ഒരു വെല്ലുവിളിയാണ്. പുതിയതുടിപ്പിന്റെ വെല്ലുവിളി സമഗ്രപരിവർത്തനവും, സമൂലപരിഷ്ക്കരണവും സന്യാസ ജീവിതത്തിന് ഇന്ന് ആവശ്യം നവസമൂഹം ദൈവരാജ്യനിർമ്മിതിയിലൂടെ മാത്രമേ രൂപാന്തരപ്പെടു. മൂന്നാം സഹസ്രാബ്ദം ദൈവരാജ്യയുഗമാക്കേണ്ട ചുമതല നമ്മുടേതാണ്. ദൈവത്തിൽ പ്രതീക്ഷകൾ അർപ്പിച്ച് യേശുവിനെ മാതൃകയാക്കി മുന്നേറാം. അവിടുന്ന് നമ്മിലൂടെ പ്രവർത്തിക്കും. ഒരു പുതിയ ജനതയുടെ ആദ്ധ്യാത്മിക ഉണർവ്വിന്റെ ഉടമസ്ഥാവകാശം നമുക്ക് ഏറ്റെടുത്ത് പ്രവർത്തിക്കാം. നമ്മുടെ മുൻഗാമികളുടെ പർണ്ണശാലകൾ നമുക്ക് ഉത്തേജനമാകണം. ത്യാഗജീവിതത്തിലൂടെ സന്യാസം വിശുദ്ധ കുർബ്ബാനയാകണം. കാൽവരിയിലെ മഹായജ്ഞം താപസരിലൂടെ തുടരാം.

For The Blessed Memory of
MAR GABRIEL
United in the Lord
at Kottayam Cheriapally
K. PAULOSE JACOB





# "എല്ലാവരേയും തന്നെക്കാൾ ശ്രേഷ്ഠരായി എണ്ണുവിൻ" (ഫിലി. 2:3)

ഡീ. തോംസൺ റോബി

താഴ്മയോടെ ഓരോരുത്തർ മറ്റുള്ളവരെ തന്നെക്കാൾ ശ്രേഷ്ഠൻ എന്ന് എണ്ണിക്കൊൾവിൻ." ഓരോരുത്തർ സ്വന്ത ഗുണമല്ല, മറ്റുള്ളവന്റെ ഗുണവും കൂടെ നോക്കേണം. (ഫിലി. 2:3,4). ബൈബിളിലെ വളരെ ശ്രദ്ധേയമായ ഒരു വാക്യമാണിത്. പൗലോസ്ശ്ലീഹാ തന്റെ കാരാഗൃഹവാസത്തിൽ ഫിലിപ്പിയർക്ക് വിശ്വാസവർദ്ധനവിനായി എഴുതുകയാണ്. തന്റെ ബലഹീനതയെക്കുറിച്ച് എപ്പോഴും ബോധവാനായിരുന്ന പൗലോസ് ശ്ലീഹാ പറയുന്നു: "എനിക്ക് ജീവിക്കുന്നത് ക്രിസ്തുവും മരിക്കുന്നത് ലാഭവുമാകുന്നു" (ഫിലി. 1:21).

പരസ്പരം അംഗീകരിക്കുവാനോ, സഹകരിക്കുവാനോ മറന്നുപോകുന്ന ഇന്നിന്റെ നേരെയുള്ള പ്രതികരണമായി ഈ വാക്യത്തിനെ നമുക്കു കാണാം. "എല്ലാവരേയും തന്നെക്കാൾ ശ്രേഷ്ഠരായി എണ്ണുവിൻ." ഈ വാക്കുകൾ ഇന്നും പ്രതിധ്വനിയ്ക്കുകയാണ്. തങ്ങൾ ശ്രേഷ്ഠരെന്നും മറ്റുള്ളവർ മോശക്കാരെന്നും കരുതുന്നത് തെറ്റാണെന്ന് പഠിപ്പിക്കുകയാണ് ഈ വേദവാക്യം. ദൈവം തന്റെ സ്വന്ത സ്വരൂപത്തിലും സാദൃശ്യത്തിലും മനുഷ്യനെ സൃഷ്ടിച്ചു. (ഉല്പ. 1:27). അവിടെ ദൈവം വേർതിരിവ് കാട്ടിയില്ല. ദൈവത്തിന് മുഖപക്ഷമില്ല. (എഫേ. 6:9).

എല്ലാവരേയും ബഹുമാനിപ്പിൻ (1 പത്രോ. 2:17)യ എല്ലാവരും പരസ്പരം സഹോദരി സഹോദരങ്ങൾ ആണെന്നും, ദൈവദൃഷ്ടിയിൽ പൂർണ്ണരാണെന്നും അറിയണം. നിങ്ങൾ ദൈവത്തിന്റെ മന്ദിരം എന്നും, ദൈവത്തിന്റെ ആത്മാവ് നിങ്ങളിൽ വസിക്കുന്നു എന്നും അറിയുന്നില്ലയോ? (1 കൊരി. 3:16). ഇവിടെ ദൈവം വസിക്കുന്ന ആലയത്തിന് വേർതിരിവ് കാട്ടുന്നില്ല. എല്ലാ മനുഷ്യരിലും ദൈവാത്മാവ് വസിക്കുന്നു എന്നു കാണാൻ സാധിക്കും. അപ്പോൾ എല്ലാ മനുഷ്യരും തുല്യരല്ലേ? പണ്ഡിതനെന്നോ, പാമരനെന്നോ, പണക്കാരനെന്നോ, ദരിദ്രനെന്നോ ദൈവത്തിന് ഇല്ല. മനുഷ്യൻ തമ്മിലുള്ള ഈ വിഭജനം എന്തിനുവേണ്ടിയാണ്!

റോമർ 14:1-4 വരെ ഇപ്രകാരം പറയുന്നു. "സംശയവിചാരങ്ങളെ വിധിക്കാതെ വിശ്വാസത്തിൽ ബലഹീനരായവരെ ചേർത്തുകൊൾവിൻ. തിന്നുന്നവൻ തിന്നാത്തവരെ ധിക്കരിക്കരുത്. തിന്നാത്തവൻ തിന്നുന്നവനെ വിധിക്കരുത്. ദൈവം അവനെ കൈക്കൊണ്ടിരിക്കുന്നുവല്ലോ. മറ്റൊരുത്തന്റെ ദാസനെ വിധിപ്പാൻ നീ ആർ? അവൻ നില്ക്കുന്നതോ, വീഴുന്നതോ, സ്വന്തയജമാനനത്രേ. അവൻ നില്ക്കും താനും. അവരെ നില്ക്കുമാറാക്കുവാൻ കർത്താവിന് കഴിയുമല്ലോ." മനുഷ്യന് മറ്റു സൃഷ്ടിയെ സ്നേഹിപ്പാനല്ലാതെ വിധിപ്പാൻ അധികാരം ഇല്ല. എല്ലാ മനുഷ്യരിലും ബലഹീനതയും, കുറവും പൂർണ്ണതയും ഉണ്ട്. പക്ഷേ, ഒരുവനുള്ള നന്മയല്ല, മറ്റൊരുവന്. എല്ലാവരിലും വ്യത്യസ്തമായിരിക്കും കഴിവുകൾ. എന്നാൽ തെറ്റിനെ മാത്രം പർവ്വതികരിച്ചു കാണുകയാണ് നാം ചെയ്യുന്നത്. ഇത് ദൈവികമല്ല, പൈശാചികമാണ്.

ഇന്ന് രാഷ്ട്രീയത്തിലായാലും, മതങ്ങളിലായാലും നയിക്കുന്നവർ മറ്റുള്ളവരെ വിധിക്കുവാനാണ് ശ്രമിക്കുന്നത്. എന്നാൽ കുറ്റമില്ലാത്തവർ ക്രിസ്തുമാത്രമാണ്. സ്വന്തം കുറവുകളെ ഓർത്താൽ മറ്റുള്ളവരുടെ കുറവുകൾ ഒന്നുമല്ല. "സ്വന്ത കണ്ണിലെ കോൽ കളയാതെ, സഹോദരന്റെ കണ്ണിലെ കരട് നോക്കുന്നവർ എത്ര ബുദ്ധിഹീനനാണ്." കപടഭക്തിക്കാരോ, മുമ്പെ സ്വന്ത കണ്ണിൽനിന്ന് കോൽ എടുത്തു കളക. പിന്നെ സഹോദരന്റെ കണ്ണിൽ നിന്ന് കരട് എടുത്തുകളവാൻ വെടിപ്പായി കാണും. (വി. മത്തായി. 7: 3-5)

ഏതു വ്യക്തിയും ചിലപ്പോൾ തെറ്റിലേയ്ക്ക് വീഴാം. ആ വ്യക്തിയെ തള്ളിക്കളയുവാനാണോ നാം ശ്രമിക്കേണ്ടത്. വിധിയ്ക്കാനായിരുന്നെങ്കിൽ പൗലോസ് ശ്ലീഹായെ സഭയുടെ ചിന്താധാരയിൽ കൊണ്ടുവരാൻ കഴിയുമായിരുന്നോ? ഏതു പാപിയേയും സ്വീകരിക്കുവാൻ ദൈവം തയ്യാറാണ്. പശ്ചാത്തപിക്കുന്ന പാപിയെ (എത്ര തെറ്റുകൾ ചെയ്തവനായാലും) ദൈവം സ്വീകരിക്കും. ഇന്ന് ഏത് മതനേതാക്കന്മാർക്കും ഇത് ചെയ്യുവാൻ സാധിക്കും?

യോഹ. 3:18-ൽ പറയുന്നത് "നാം വാക്കിനാലും, നാവിനാലും, പ്രവൃത്തിയാലും, സത്യത്തിലും അത്രേ ദൈവത്തെ കാട്ടിക്കൊടുക്കേണ്ടത്. ഗാന്ധിജിയുടെ പ്രവർത്തനമാണ് അവനെ വലിയവനാക്കിയത്. അർത്ഥവത്തായി, യോഗ്യമായി ജീവിക്കണം എന്ന് പ്രസംഗിച്ചതുകൊണ്ടോ, മൈക്കിൽകൂടി ഘോരഘോരം വാചാലതയിൽ കൂടി ദൈവിക സ്നേഹം വിളമ്പിയിട്ടോ, പ്രവൃത്തിയിൽ അത് കാട്ടിയില്ലെങ്കിൽ വിശ്വാസം നിർജ്ജീവമത്രേ. ക്രിസ്തു തന്റെ സൃഷ്ടിയെ സ്നേഹിച്ചത് തന്റെ ജീവൻ നല്കിയത്. (1 യോഹ. 3:16), ആ സ്നേഹപൂർത്തീകരണം കാൽവറിയിൽ നാം കാണുന്നു. ക്രിസ്തു വിധിക്കുവാനല്ല പ്രത്യുത വിധിക്കപ്പെടുവാനാണ് തയ്യാറായത്."

ശരീരത്തിൽ മാത്രം കുറഞ്ഞവ എന്നു തോന്നുന്ന അവയവങ്ങൾ തന്നെ ആവശ്യമുള്ളവയാകുന്നു. (1 കൊരി. 12:22). ശരീരത്തിലെ ചെറിയ അവയവംപോലും വിലപ്പെട്ടതാകുന്നു. നൂറ് ആടുള്ളവൻ തൊണ്ണൂറ്റൊൻപതിനേയും വിട്ട് നഷ്ടപ്പെട്ടതിനെ നേടിയത് അത് നഷ്ടപ്പെടാതിരിക്കുന്ന ആഗ്രഹം മൂലമാണ്. നാമും മറ്റുള്ളവരെ കരുതുന്നവരായിരിക്കണം. സഹോദരന്മാരെ ബുദ്ധിയിൽ കുഞ്ഞുങ്ങൾ ആകരുത്. തിന്മയ്ക്കു ശത്രുക്കൾ ആയിരിപ്പിൻ. ബുദ്ധിയിലോ മുതിർന്നവരാകുവിൻ (1 കൊരി. 14:20)

അതുകൊണ്ട് സഹോദരപ്രീതിയിൽ തമ്മിൽ സ്ഥായിപൂണ്ട് ബഹുമാനിക്കുന്നതിൽ അന്യോന്യം മുന്നിട്ടുകൊൾവിൻ. (റോമ. 12:10). ദൈവസ്നേഹത്തിനെതിരായി പ്രവൃത്തിക്കാതെ സ്നേഹംകാട്ടാനുള്ള ഹൃദയമാണ് നമുക്കാവശ്യം. ഭൗതിക നേട്ടങ്ങളാണ് നാം മുതലായി കരുതുന്നതെങ്കിൽ ദൈവം ഹൃദയത്തെ മാനിക്കുന്നവനാണ്, അളക്കുന്നവനാണ്. അതു മറക്കരുത്.

മറ്റുള്ളവർ തങ്ങളെക്കാൾ താഴ്ന്നവരല്ല എന്ന ബോധം ഉണ്ടാകുന്നത് ദൈവിക സ്നേഹത്തിൽ കൂടിയാണ്. ഉള്ളൂർ എസ്. പരമേശ്വരൻ തന്റെ 'പ്രേമസംഗീതം' എന്ന കാവ്യത്തിൽ പാടുന്നു.

അടുത്തു നില്പ്പോരനുജനെ
നോക്കാൻ അക്ഷികലില്ലാത്തോർ
ക്കരൂപനിശൻ അദൃശ്യനായാൽ അതി
ലെന്നാസ്ചര്യം.

### വേദപുസ്തക വ്യാഖ്യാനപരമ്പര:

# "ശൂന്യമാക്കുന്ന മ്ലേച്ഛത – വാല്യം VII, VIII"

**ഗ്രന്ഥകർത്താവ് ശ്രീ. ഇ.എസ്. ജോൺ, ഇലവുനില്ക്കുന്നതിൽ, പ്രക്കാനം പി.ഒ. പത്തനംതിട്ട.**

ശ്രീ. ഇ.എസ്. ജോൺ രചിച്ച വേദപുസ്തക വ്യാഖ്യാനപരമ്പരയായ 'ശൂന്യമാക്കുന്ന മ്ലേച്ഛത' ഏഴും എട്ടും വാല്യങ്ങൾ വായിച്ചു. വളരെ ഹൃദ്യമായി അനുഭവപ്പെട്ടു. മനുഷ്യനെ സംബന്ധിച്ച് കാലികപ്രാധാന്യമുള്ള വിഷയങ്ങൾ വേദപുസ്തകവെളിച്ചത്തിൽ വ്യാഖ്യാനിക്കുകയാണ് ഗ്രന്ഥകാരൻ ചെയ്തിരിക്കുന്നത്.

ധാരാളം പീഡനങ്ങൾ സഹിക്കേണ്ടിവന്ന പൂർവ്വപൗരസ്ത്യ സഭകളുടെ ആചാരാനുഷ്ഠാനങ്ങളെ പ്രശംസിക്കുന്ന ഗ്രന്ഥകാരൻ, ക്രൈസ്തവ സഭയിലെ നോമ്പ്, ധ്യാനം, വി. കുമ്പസാരം, വി. കുർബാനാനുഭവം, മതപരമായ മറ്റനുഷ്ഠാനങ്ങൾ ഇവയുടെ മഹത്വം ചൂണ്ടിക്കാട്ടുന്നു. ഏഴാം വാല്യത്തിൽ "പരിശുദ്ധ ഓർത്തഡോക്സ്" സഭയെ സംബന്ധിച്ചും എട്ടാം വാല്യത്തിൽ "ലോകാവസാനം" എന്ന വിഷയത്തെ സംബന്ധിച്ചും സരളവും ലളിതവുമായ ഭാഷയിൽ പ്രതിപാദിച്ചിരിക്കുന്നു. പൗരസ്ത്യ ഓർത്തഡോക്സ് സഭാപാരമ്പര്യത്തിന്റെ വക്താവായ ഗ്രന്ഥകർത്താവ് വിശ്വാസം, പാരമ്പര്യം മുതലായ കാര്യങ്ങൾ സവിസ്തരം പ്രതിപാദിക്കുന്നു.

ഏകദേശം കാൽ നൂറ്റാണ്ടുകാലം ആസ്ത്രേലിയായിൽ അദ്ധ്യാപകനായിരുന്ന ഗ്രന്ഥകാരൻ ഇതിനകംതന്നെ മികവുറ്റ അനേകം ഗ്രന്ഥങ്ങളുടെ രചയിതാവാണ്. ഇലവുനില്ക്കുന്നതിൽ ബുക്സ് പ്രസിദ്ധീകരിച്ചിട്ടുള്ള 188 പേജുള്ള ഈ പുസ്തകത്തിന്റെ വില 35 രൂപയാണ്. വേദപുസ്തകസത്യങ്ങളെ ഉൾക്കൊള്ളാനും വിശദീകരിക്കാനും ശ്രമിയ്ക്കുന്ന ഒരൽമായ പ്രതിഭയായ ഇ. എസ്. ജോണിന് എല്ലാ ഭാവുകങ്ങളും നേരുന്നു.

*ഫാ. മാത്യൂസ് തരകൻ*
*നെല്ലിമൂട്ടിൽ*

---

സഹോദരനെ സ്നേഹിക്കുന്നതിലൂടെ ദൈവികസ്നേഹം പങ്കിടാൻ സാധിക്കണം. അവസരം കിട്ടുംപോലെ നാം എല്ലാവർക്കും വിശേഷാൽ സഹവിശ്വാസികൾക്കും നന്മ ചെയ്യുക (എഫേ. 6:10). നമ്മുടെ അടുത്തുള്ള സഹോദരനെ സ്നേഹിക്കാൻ കഴിയുന്നില്ലെങ്കിൽ കാണപ്പെടാത്ത ദൈവത്തെ എങ്ങനെ സ്നേഹിക്കുവാൻ കഴിയും.

മറ്റുള്ളവരുടെ നന്മ കാണാനും, മറ്റുള്ളവർ ശ്രേഷ്ഠരെന്ന് എണ്ണുവാനും നമുക്കു കഴിയണം. അത് മഷികൊണ്ടല്ല, ജീവനുള്ള ദൈവത്തിന്റെ ആത്മാവിനാൽ കല്പ്പലകയിലല്ല, ഹൃദയമെന്ന മാംസപ്പലകയിൽ തന്നെ എഴുതണം. (2 കൊരി. 3:3). നമ്മുടെ ഹൃദയത്തിൽ ദൈവികസ്നേഹം തളിരിടണം. അപ്പോൾ മറ്റുള്ളവരുടെ വേദന നമ്മുടേതായി തോന്നും. മറ്റുള്ളവരിൽ ദൈവികത ദർശിക്കുവാൻ ഇടയാകും. എല്ലാവരും തന്നെക്കാൾ ശ്രേഷ്ഠരെന്ന് എണ്ണുവിൻ."

---

*18-ാം പേജിന്റെ തുടർച്ച*

മെത്രാപ്പോലീത്ത പത്രോസ് മാർ ഒസ്താത്തിയോസ് മാത്രമാണ്.

അഖില മലങ്കര മർത്തമറിയം വനിതാസമാജം പ്രസിഡന്റ് ആയും ഭദ്രാസനത്തിലെ വിവിധ പോഷകസംഘടനകളുടെ പ്രസിഡന്റായും പ്രവർത്തിച്ച് ആയവ ക്രമമായും ചിട്ടയായും പ്രവർത്തനങ്ങളിലൂടെ നയിക്കുവാൻ അഭി. തിരുമേനി പ്രത്യേക ശ്രദ്ധ പതിപ്പിച്ചിട്ടുണ്ട്. ഇങ്ങനെ ബഹുമുഖ പ്രവർത്തനങ്ങളിലൂടെ സമൂഹത്തിലെ ഇന്നത്തെ പ്രസിഡന്റ് സ്ഥാനങ്ങൾ കേവലം അലങ്കാരത്തിനുള്ളതല്ലയെന്നും പ്രവർത്തനത്തിനുള്ളതാണെന്നും അദ്ദേഹം തെളിയിച്ചു.

ആരെയും വിമർശിയ്ക്കാതെ വിമർശനങ്ങൾ ഉണ്ടാകുമ്പോൾ ദൈവസന്നിധിയിൽ തേങ്ങുന്ന ഹൃദയത്തിന്റെ ഉടമയാവുകയാണ് അദ്ദേഹം. നല്ലൊരു ഭരണകർത്താവ്, ആത്മീയ ഗുരു എന്നീ നിലകളിൽ ശോഭിയ്ക്കുന്ന തിരുമേനിയ്ക്ക് പൗരോഹിത്യജൂബിലി ആഘോഷിയ്ക്കുന്ന ഈയവസരത്തിൽ സർവ്വവിധ മംഗളങ്ങളും ആശംസിയ്ക്കുന്നു.

## ആനുകാലികം




ഡീക്കൺ കോശി വൈദ്യൻ





# പ. ബാവാതിരുമേനി നന്മയുടെ നിറകുടം: ആർച്ച് ബിഷപ്പ് മാർ പൗവ്വത്തിൽ



അനുമോദനയോഗത്തിൽ മാർ പൗവ്വത്തിൽ പ്രസംഗിക്കുന്നു. ഇൻസൈറ്റിൽ പ. കാതോലിക്കാ ബാവാ ജന്മദിനകേക്ക് മുറിക്കുന്നു.

**കോട്ടയം:** ജനുവരി 30– "ഓർത്തഡോക്സ് സഭയുടെ പരമാദ്ധ്യക്ഷൻ പ. ബസ്സേലിയോസ് മാർത്തോമ്മാ മാത്യൂസ് ദ്വിതീയൻ കാതോലിക്കാബാവാ ഈ നൂറ്റാണ്ടിന്റെ അസാമാന്യ തേജസ്സാണ്. അദ്ദേഹം നന്മയുടെ നിറകുടമാണ്. കേരള ക്രിസ്തീയ സഭയുടെ അനിഷേധ്യനേതാവാണ്." ദേവലോകം കാതോലിക്കേറ്റ് അരമനയിൽ കൂടിയ ബാവ തിരുമേനിയുടെ 86-ാം ജന്മദിന സമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു ആർച്ച് ബിഷപ്പ് മാർ പൗവ്വത്തിൽ.




ജന്മദിനത്തോടനുബന്ധിച്ചുള്ള വിവാഹ സഹായ ധനം പ. ബാവാ തിരുമേനി വിതരണം ചെയ്യുന്നു

ഞായറാഴ്ച രാവിലെ പ. ബാവാ തിരുമനസ്സുകൊണ്ട് വി. കുർബാന അനുഷ്ഠിച്ചതിനു ശേഷം ജന്മദിനസ്തോത്ര ശുശ്രൂഷയും നടന്നു.

അനുമോദനയോഗത്തിൽ ചങ്ങനാശ്ശേരി ആർച്ചു ബിഷപ്പ് മാർ പൗവ്വത്തിൽ അദ്ധ്യക്ഷത വഹിച്ചു. എബ്രഹാം മാർ സേവേറിയോസ്, തെയഫോറോസ് റമ്പാൻ, പി.സി. എബ്രഹാം പടിഞ്ഞാറേക്കര, എ.കെ. തോമസ്, പ്രൊഫ. ഇ. ജെ. ജോൺ എന്നിവർ പ്രസംഗിച്ചു.

## വിശ്വാസികൾ പ്രലോഭനങ്ങൾക്ക് അടിമപ്പെടരുത്: പ. കാതോലിക്കാബാവ

**അടൂർ:** വിശ്വാസികൾ ക്രൈസ്തവ ജീവിതത്തിന് തടസ്സമാകുന്ന പ്രലോഭനങ്ങൾക്ക് അടിമപ്പെടരുതെന്ന് പരിശുദ്ധ കാതോലിക്കാ ബാവാ ഉദ്ബോധിപ്പിച്ചു. അടൂർ ഓർത്തഡോക്സ് കൺവൻഷന്റെ സമാപനം കുറിച്ച് ജനുവരി 9-ന് നടന്ന സഹസ്രാബ്ദജൂബിലി സമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു പ. കാതോലിക്കാ ബാവാ.



അടൂർ കൺവൻഷൻ ഉദ്ഘാടനം പ. കാതോലിക്കാ ബാവാ നിർവ്വഹിക്കുന്നു. സമീപം ക്രിസോസ്റ്റം മാർത്തോമ്മാ മെത്രാപ്പോലീത്ത, മാത്യൂസ് മാർ എപ്പിഫാനിയോസ്, സഭാ സെക്രട്ടറി എ.കെ. തോമസ്, ഫാ. സി. തോമസ് അറപ്പുരയിൽ, പ്രൊഫ. ഡി.കെ. ജോൺ, ഫാ. വി.ജി. ജോൺ, വർഗീസ് പേരയിൽ, അടൂർ സുഭാഷ്, ചെറിയാൻ

വിശ്വാസികൾ പ്രലോഭനങ്ങൾക്ക് വഴങ്ങി അധർമ്മ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നത് ദുഃഖകരമാണ്. ജീവിതം ഒന്നേയുള്ളു. ആ ജീവിതം ദൈവസന്നിധിയിൽ സമർപ്പിച്ച് ലോകരക്ഷയ്ക്കായി പ്രവർത്തിക്കുവാൻ നമ്മൾ തയ്യാറാകണം. കാപട്യത്തിലും വഞ്ചനയിലും അകപ്പെടാതെ പുതിയ സഹസ്രാബ്ദത്തിൽ പ്രകാശിതരായി തീരുവാൻ വിശ്വാസിസമൂഹം ജാഗരൂഗരായിരിക്കണം. പ. കാതോലിക്കാ ബാവാ ഓർമ്മിപ്പിച്ചു.

ലോകത്തിൽ സന്തോഷവും സമാധാനവും പ്രദാനം ചെയ്യുവാൻ ക്രിസ്തുവിനെ ഹൃദയത്തിൽ സ്വീകരിക്കണമെന്ന് സഹസ്രാബ്ദസന്ദേശം നല്കി ഫീലിപ്പോസ് മാർ ക്രിസോസ്റ്റം മാർത്തോമ്മാ മെത്രാപ്പോലീത്താ പറഞ്ഞു.

മാത്യൂസ് മാർ എപ്പിഫാനിയോസ് അദ്ധ്യക്ഷത വഹിച്ചു. ഭദ്രാസന സെക്രട്ടറി ഫാ. ജോൺ പണിക്കർ, സഭാ സെക്രട്ടറി എ.കെ. തോമസ്, ഫാ. സി. തോമസ് അറപ്പുരയിൽ, ഫാ. വി.ജി. ജോൺ, ഫാ. ജോർജ് വർഗീസ്, പ്രൊഫ. സി.കെ. ജോൺ എന്നിവർ പ്രസംഗിച്ചു.

ഉച്ചയ്ക്ക് മൂന്നിന് കരുവാറ്റ സെന്റ് മേരീസ് പള്ളിയിൽനിന്ന് ആയിരങ്ങൾ പങ്കെടുത്ത പ്രേഷിതറാലി നടന്നു.

ജനുവരി 5-ന് കൺവൻഷൻ ഉദ്ഘാടനം മാത്യൂസ് മാർ എപ്പിഫാനിയോസ് തിരുമേനി നിർവഹിച്ചു. ഡോ. യൂഹാനോൻ മാർ മിലിത്തിയോസ് തിരുമേനി പ്രസംഗിച്ചു. തുടർന്നുള്ള ദിവസങ്ങളിൽ ഫാ. വർഗീസ് വർഗീസ്, ഫാ. റ്റി.ജെ. ജോഷ്വാ, ഫാ. സി.ഡി. രാജൻ, പ്രൊഫ. എം. വൈ. യോഹന്നാൻ എന്നിവർ പ്രസംഗിച്ചു. 8-ന് മദ്യവർജ്ജന സമ്മേളനത്തിൽ ഡോ. സിസ്റ്റർ ജോവാൻ ചുങ്കപ്പുര പ്രസംഗിച്ചു.

## ഓർമ്മപ്പെരുന്നാൾ കൊണ്ടാടി

**മുളന്തുരുത്തി:** പത്രോസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്തായുടെ 32-ാം ശ്രാദ്ധപ്പെരുന്നാൾ കണ്ടനാട് കർമ്മേൽ ദയറായിൽ 2000 ജനുവരി 30 മുതൽ ഫെബ്രുവരി 2 വരെ വിവിധ പരിപാടികളോടെ നടത്തപ്പെട്ടു.

പ. കാതോലിക്കാബാവായും, ഡോ. മാത്യൂസ് മാർ സേവേറിയോസ് മെത്രാപ്പോലീത്തായും പരിപാടികൾക്ക് നേതൃത്വം നല്കി.

## 14-ാം ചരമവാർഷികം
## 18-2-2000



പെരുനാട് ബഥനി ആശ്രമാംഗവും കുന്നംകുളം ബഥനി ഇംഗ്ലീഷ് മീഡിയം സ്കൂൾ സ്ഥാപകനും ആൻഡമാൻസ്, ആസ്സാം, നാഗാലാൻഡ് മുതലായ ഭാരതത്തിലെ വടക്കുകിഴക്കൻ ഇടവകകളുടെ വികാരിയുമായി സേവനം അനുഷ്ഠിച്ച

## റവ. ഫാ. ഗീവർഗീസ് ഒ.ഐ.സി.



# ക്രൈസ്തവ വിവാഹമോചനം: നിയമഭേദഗതി ഉടൻ വേണമെന്നു ലോ കമ്മീഷൻ

**ന്യൂഡൽഹി:** ക്രൈസ്തവ സമുദായത്തിലെ സ്ത്രീകളോടുള്ള വിവേചനം ഒഴിവാക്കും വിധം ഇന്ത്യൻ വിവാഹമോചന നിയമം (1869) ഉടൻ ഭേദഗതി ചെയ്യണമെന്നും ദേശീയ ലോ കമ്മീഷൻ കേന്ദ്ര സർക്കാരിനോടു ശുപാർശ ചെയ്തു.

നിലവിലുള്ള നിയമമനുസരിച്ചു ഭർത്താവ് വിവാഹമോചനത്തിന് അപേക്ഷിച്ചാൽ ഭാര്യയ്ക്ക് അവിഹിതബന്ധമുണ്ടെന്നു മാത്രം തെളിയിച്ചാൽ മതി. എന്നാൽ ഭാര്യ അപേക്ഷിക്കുമ്പോൾ ഭർത്താവിന്റെ അവിഹിതബന്ധം മാത്രം തെളിയിച്ചാൽ പോരാ. അഗമ്യഗമനം, ബഹുഭാര്യാത്വം, പ്രകൃതിവിരുദ്ധ ലൈംഗിക ബന്ധം, മതം മാറ്റം, അകാരണമായി ഉപേക്ഷിച്ചുപോക്ക് തുടങ്ങിയവയിൽ ഏതെങ്കിലുമൊന്നുകൂടി തെളിയിക്കണം. പ്രധാനമായും ഈ വിവേചനം ഇല്ലാതാക്കാനാണു കമ്മീഷന്റെ 164-ാം റിപ്പോർട്ട് ശുപാർശ ചെയ്യുന്നത്.

# മാർ വർക്കിവിതയത്തിൽ — മേജർ ആർച്ചുബിഷപ്പ്

കേരളത്തിലെ സീറോ മലബാർ കത്തോലിക്കാ സഭയുടെ മേജർ ആർച്ചുബിഷപ്പായി മാർ വർക്കി വിതയത്തിൽ നിയമിതനായി. നാല് അതിരൂപതകളും 24 രൂപതകളും ഏകദേശം നാല്പതു ലക്ഷത്തോളം വിശ്വാസികളുമാണ് സീറോ മലബാർ സഭയിലുള്ളത്.

# ഓർത്തഡോക്സ് സഭ 13 ലക്ഷം രൂപ വിവാഹസഹായം നല്കും

**കോട്ടയം:** പരി. ബസ്സേലിയോസ് മാർത്തോമ്മാ മാത്യൂസ് ദ്വിതീയൻ കാതോലിക്കാ ബാവായ്ക്ക് 85 വയസ്സ് തികയുന്ന ജനുവരി മാസം 30-ാം തീയതി 85 പെൺകുട്ടികളുടെ വിവാഹത്തിന് സഹായധനമായി മൊത്തം 12,75,000 രൂപാ വിതരണം ചെയ്യുന്നതാണ്.

ദേവലോകം കാതോലിക്കേറ്റ് അരമനയിൽവച്ച് നിയുക്ത കാതോലിക്കാ തോമസ് മാർ തീമോത്തിയോസ് മെത്രാപ്പോലീത്തായുടെ അദ്ധ്യക്ഷതയിൽ ചേർന്ന സമൂഹവിവാഹപദ്ധതി കേന്ദ്ര കമ്മറ്റിയാണ് ഈ തീരുമാനം എടുത്തത്.

കൂടാതെ 2000-ാമാണ്ടിൽ സഹായധനം നല്കുന്നതിലേക്കായി പുതിയ അപേക്ഷകൾ ഇടവക വികാരിയുടെ ശുപാർശ കത്തോടുകൂടി ഫെബ്രുവരി 15നകം ദേവലോകം കാതോലിക്കേറ്റ് ഓഫീസിൽ സ്വീകരിക്കുന്നതാണ്.

# സഹസ്രാബ്ദ ആഘോഷങ്ങൾ

**മുംബെയ്:** ദാദർ സെന്റ് മേരീസ് ഓർത്തഡോക്സ് ഇടവകയിൽ വിവിധ ആത്മീയ സംഘടനകളും, പ്രാർത്ഥനാ യോഗങ്ങളും സംയുക്തമായി സഹസ്രാബ്ദ പുതുവത്സര ആഘോഷങ്ങൾ നടത്തുകയുണ്ടായി. ജനുവരി രണ്ടാം തീയതി ഞായറാഴ്ച വൈകിട്ട് അഞ്ച് മണിമുതൽ നടന്ന ആഘോഷപരിപാടികളിൽ ഇടവകയിലെ 65 വയസ്സിനുമേൽ പ്രായമുള്ള സ്ഥാപക അംഗങ്ങളെ പൊന്നാട അണിയിച്ച് അനുമോദിച്ചു. സൺഡേ സ്കൂൾ, യൂത്ത്ലീഗ്, എം.ജി.ഒ.സി.എസ്.എം., സി.ജി.എസ്. Area പ്രാർത്ഥനായോഗം, ഇടവക ഗായകസംഘം എന്നിവ സംഗീതാലാപനവും (കരോൾ) മറ്റ് കലാപരിപാടികൾക്കും നേതൃത്വംനല്കി. പള്ളി സെക്രട്ടറി ജോയി കെ.ജി. വർഗ്ഗീസ് യോഗത്തിൽ സ്വാഗതം ആശംസിച്ചു. 7 മണിക്ക് നടന്ന അനുമോദനയോഗത്തിൽ വികാരി ഫാ. കുര്യാക്കോസ് തണ്ണിക്കോട്ട് അദ്ധ്യക്ഷത വഹിച്ചു.

# പ. കാതോലിക്കാ ബാവാ പ്രധാനമന്ത്രിയെ സന്ദർശിച്ചു

ഡൽഹി സന്ദർശനത്തിന് ഡിസം. 11-ന് എത്തിച്ചേർന്ന പ. ബാവാ തിരുമേനി ഡിസം. 14-ന് ഇന്ത്യൻ പ്രധാനമന്ത്രി ശ്രീ. എ.ബി. വാജ്പേയിയെ അദ്ദേഹത്തിന്റെ വസതിയിൽ സന്ദർശിച്ച് അരമണിക്കൂർ സംഭാഷണം നടത്തി. ഭാരതത്തിലെ അതിപുരാതനായ സഭയുടെ തലവനെ സ്വീകരിക്കുന്നതിൽ അതിയായ സന്തോഷമുണ്ട് എന്ന മുഖവുരയോടുകൂടിയാണ് സംഭാഷണം ആരംഭിച്ചത്. സംഭാഷണത്തിൽ ദളിത് ക്രൈസ്തവരുടെ പ്രശ്നങ്ങൾക്ക് എത്രയുംവേഗം പരിഹാരം കാണണമെന്നാവശ്യപ്പെടുന്ന നിവേദനം പ. ബാവാ പ്രധാനമന്ത്രിക്ക് നല്കുകയുണ്ടായി. ഭാരതസർക്കാരിന് എല്ലാ ആശംസകളും പ. ബാവാ നേരുകയും ചെയ്തു. കേന്ദ്ര പാർലമെന്റ് നിയമകാര്യ മന്ത്രി ശ്രീ. ഒ. രാജഗോപാൽ ഈ മീറ്റിംഗിൽ ആദ്യാവസാനം ഉണ്ടായിരുന്നു. അഭി. ഇയ്യോബ് മാർ പീലക്സിനോസ്, ഫാ. എം.സി. പൗലൂസ്, വെരി.റവ. ജോൺ വി. ജോൺ കോർ എപ്പിസ്കോപ്പാ, ശ്രീ. എം.ജി. ജോർജ് മുത്തൂറ്റ്, ശ്രീ. ജോർജ് വർഗീസ് എന്നിവർ ഈ മീറ്റിംഗിൽ സംബന്ധിച്ചു.

# സ്റ്റാമ്പ് പ്രസിദ്ധീകരണത്തിൽ എതിർപ്പ്



First Day Cover



ക്രിസ്തുജയന്തിയോടനുബന്ധിച്ച് പോസ്റ്റൽ ഡിപ്പാർട്ട്മെന്റ് പുറത്തിറക്കിയ സ്റ്റാമ്പ്

ക്രിസ്തുജയന്തിയോടനുബന്ധിച്ച് പുറത്തിറക്കിയ സ്റ്റാമ്പിനെ സംബന്ധിച്ച് ചില വിവാദങ്ങൾ ഉണ്ടായതായി പറയപ്പെടുന്നു. യേശുക്രിസ്തുവിന്റെ ചിത്രം അച്ചടിക്കാനായിരുന്നു ഉദ്ദേശമെങ്കിലും ആർ.എസ്.എസിന്റെ എതിർപ്പിനെ തുടർന്ന് അത് ഉപേക്ഷിക്കുകയായിരുന്നു.

## രചനകൾ ക്ഷണിക്കുന്നു

മലങ്കരസഭ മാസികയിലേക്ക് ലേഖനങ്ങൾ, കഥകൾ, കവിതകൾ, കാർട്ടൂണുകൾ തുടങ്ങിയവ ക്ഷണിക്കുന്നു. പ്രസിദ്ധീകരണയോഗ്യമല്ലാത്ത മാറ്ററുകൾ തിരികെ വേണമെന്നാഗ്രഹിക്കുന്നവർ മതിയായ സ്റ്റാമ്പൊട്ടിച്ച കവർ സഹിതം അയയ്ക്കേണ്ടതാണ്.

അയയ്ക്കേണ്ട വിലാസം: മാനേജിംഗ് എഡിറ്റർ
മലങ്കരസഭ, ദേവലോകം പി.ഒ., കോട്ടയം-38

## ഭദ്രാസന പൊതുയോഗവും തെരഞ്ഞെടുപ്പും

ഭിലായ്: കൽക്കട്ടാ ഭദ്രാസന വാർഷിക പൊതുയോഗവും തെരഞ്ഞെടുപ്പും ഒക്ടോ. 28-ാം തീയതി ഭദ്രാസന മെത്രാപ്പോലീത്താ സ്തേഫാനോസ് മാർ തേവോദോസിയോസ് മെത്രാപ്പോലീത്തായുടെ അദ്ധ്യക്ഷതയിൽ ഭദ്രാസന കേന്ദ്രമായ ഭിലായിൽവച്ച് കൂടി.

ഭദ്രാസന സെക്രട്ടറി ആയി ഫാ. ജോർജ് മാത്യു തൈക്കൂട്ടത്തിലും കൗൺസിൽ അംഗമായി ഫാ. ശാമുവേൽ ജോൺ (പ്രിൻസിപ്പൽ, എം.ജി.എം. ഹയർ സെക്കണ്ടറി സ്കൂൾ കോർബാ), ഫാ. ഏബ്രഹാം തോമസ് (പ്രിൻസിപ്പൽ എം.ജി.എം. ഹൈസ്കൂൾ ഇറ്റാർസി), ജി. ബേബി ഭിലായ്, സി.കെ. വറുഗീസ് റൂർക്കലാ, പി.ജി. കോശി കൽക്കട്ട, പി. വറുഗീസ് ഇൻഡോർ എന്നിവരും, ഓഡിറ്ററായി പി.കെ.ജി. വറുഗീസ് നാഗപ്പൂർ തെരഞ്ഞെടുക്കപ്പെട്ടു. വൈദിക ശമ്പളം പരിഷ്ക്കരിച്ചു. തുടക്കത്തിൽ 7000/- രൂപാ ആയി ഉയർത്തി. എൽ.ഐ.സി.യുമായി സഹകരിച്ചു വൈദികർക്കു പെൻഷൻ പദ്ധതിയും അംഗീകരിച്ചു. എഴുപതാം ജന്മദിനവും മേല്പട്ട രജത ജൂബിലിയും ആഘോഷിക്കുന്ന ഇടവക മെത്രാപ്പോലീത്തായെ യോഗം പ്രത്യേകം അഭിനന്ദിച്ചു.

## വിവാഹ സഹായധന വിതരണം

അബുദാബി സെന്റ് ജോർജ് ഓർത്തഡോക്സ് പള്ളിയുടെ മുപ്പതാമത് വാർഷികം പ്രമാണിച്ച് രൂപം കൊടുത്തിട്ടുള്ള വിവാഹസഹായ പദ്ധതിയുടെ ഔപചാരിക വിതരണോദ്ഘാടനം കോട്ടയത്ത് ദേവലോകം കാതോലിക്കേറ്റ് അരമനയിൽവച്ച് പരിശുദ്ധ ബസ്സേലിയോസ് മാർത്തോമ്മാ മാത്യൂസ് ദ്വിതീയൻ കാതോലിക്കാ ബാവാ നിർവ്വഹിക്കുകയുണ്ടായി. മൊത്തം 54 അപേക്ഷകർക്ക് 16 ലക്ഷത്തിൽപരം രൂപയാണ് ഈ വർഷം വിതരണം ചെയ്തത്.

## വിദ്യാഭ്യാസ മാർഗ്ഗ നിർദ്ദേശക്യാമ്പ്

പത്താം സ്റ്റാൻഡാർഡിലേക്ക് പ്രവേശിക്കുന്ന വിദ്യാർത്ഥികൾക്കുള്ള ഈ വർഷത്തെ ക്യാമ്പ് കോട്ടയത്ത് പഴയ സെമിനാരിയിലെ സോഫിയ സെന്ററിൽ 2000 ഏപ്രിൽ 24 മുതൽ മെയ് 1 വരെ നടക്കും. കുട്ടികളുടെ താമസം, ഭക്ഷണം, നോട്ട്ബുക്ക്, ഗ്രൂപ്പ്ഫോട്ടോ എന്നിവയോടൊപ്പം പരിശീലനം നല്കുന്നവരുടെ യാത്രയ്ക്കും മറ്റുമായി ശരാശരി 1000 രൂപയാണ് ചിലവ് പ്രതീക്ഷിക്കുന്നത്. എന്നാൽ ക്യാമ്പിൽ പങ്കെടുക്കുന്നവർ 600 രൂപ വീതം നല്കിയാൽ മതി. സാമ്പത്തിക പ്രയാസമുള്ളവർക്ക് ഇടവക വികാരിയുടെയും സ്കൂൾ ഹെഡ്മാസ്റ്റർമാരുടെയും ശുപാർശകൾ പരിഗണിച്ച് പരമാവധി സൗജന്യം അനുവദിക്കുന്നു.

ഓണം ക്രിസ്തുമസ്സ് പരീക്ഷകളിൽ 70% മാർക്ക് നേടിയ ഓർത്തഡോക്സ് സഭാംഗങ്ങളായ കുട്ടികൾക്ക് പ്രവേശനത്തിനായി അപേക്ഷിക്കാം. പൂരിപ്പിച്ച അപേക്ഷകൾ 2000 മാർച്ച് 15നുമുമ്പ് പ്രസ്ഥാനം കേന്ദ്ര ഓഫീസിൽ എത്തിക്കണം. തെരഞ്ഞെടുക്കപ്പെടുന്നവരെ യഥാസമയം അറിയിക്കുന്നതാണ്.

അപേക്ഷാഫാറത്തിനും കൂടുതൽ വിവരങ്ങൾക്കും മറുപടിയ്ക്കുള്ള തപാൽ സ്റ്റാമ്പു സഹിതം ജനറൽ സെക്രട്ടറി, സ്റ്റുഡന്റ് സെന്റർ, പി.ബി. 610, കോട്ടയം-686 001 എന്ന വിലാസത്തിൽ എഴുതുക.

## "ഊർ" പട്ടണം പുനരുദ്ധരിക്കുന്നു

അബ്രഹാമിന്റെ ജന്മനാടായ മെസോപ്പൊട്ടോമിയായിലെ 'ഊർ' പട്ടണം പുനരുദ്ധരിക്കാൻ ഇറാക്ക് പ്രസിഡന്റ് സദാം ഹുസ്സൈൻ കല്പനയിട്ടതായി റിപ്പോർട്ട്. വിശുദ്ധനാടു സന്ദർശിക്കാനൊരുങ്ങുന്ന ജോൺ പോൾ രണ്ടാമൻ മാർപ്പാപ്പ 'ഊർ' സന്ദർശിക്കുമെന്ന് ഉറപ്പായ സാഹചര്യത്തിലാണു സദ്ദാമിന്റെ നടപടി. ഗവണ്മെന്റ് തലത്തിൽ കമ്മിറ്റി രൂപീകരിച്ചാണ് 'ഊർ' പട്ടണത്തെ മോടിപിടിപ്പിക്കുന്നത്. ബാഗ്ദാദിൽനിന്നും 240 മൈൽ അകലെയാണ് 'ഊർ'.

## രണ്ടാം റാങ്ക്



അയ്യമ്പള്ളി സെന്റ് ജോൺസ് ഓർത്തഡോക്സ് ഇടവകയിൽപ്പെട്ട പുതുശ്ശേരിയിൽ പി.എ. ജോണിന്റെയും സൂസി ജോണിന്റെയും മകൾ കുമാരി ആനി ജോൺ, കോയമ്പത്തൂർ ഭാരതിയാർ സർവ്വകലാശാലയിൽനിന്നും M.Sc മൈക്രോബയോളജിയിൽ രണ്ടാം റാങ്കുനേടി.

## ശതാബ്ദി ആഘോഷം

പുനലൂർ: ചെമ്മണ്ണൂർ സെന്റ് ജോൺസ് ഓർത്തഡോക്സ് പള്ളിയുടെ ശതാബ്ദി ആഘോഷം വിപുലമായ പരിപാടികളോടെ 2000 ജനുവരി 16 മുതൽ 21 വരെ നടന്നു. ശതാബ്ദി കൺവൻഷന് പത്തനംതിട്ട സെന്റ് ബേസിൽ ഗോസ്പൽ ടീം നേതൃത്വം നല്കി. ഫാ. ടി.എ. ഇടയാടി, ഫാ. സജി തോമസ് തറയിൽ, ഫാ. ചെറിയാൻ ടി. സാമുവേൽ എന്നിവർ പ്രസംഗിച്ചു.

ശതാബ്ദി സമാപനസമ്മേളനത്തിന് മാത്യൂസ് മാർ എപ്പിഫാനിയോസ് മെത്രാപ്പോലീത്ത അദ്ധ്യക്ഷനായിരുന്നു. പ. കാതോലിക്കാബാവാ സമ്മേളനം ഉദ്ഘാടനം ചെയ്തു. വികാരി ഫാ. സി.ഡി. തോമസ് വടകോട് സ്വാഗതം ആശംസിച്ചു.

## തെരഞ്ഞെടുത്തു



മലങ്കര ഓർത്തഡോക്സ് ബത്തേരി ഭദ്രാസന മെത്രാപ്പോലീത്താ അഭിവന്ദ്യ കുര്യാക്കോസ് മാർ ക്ലിമ്മീസ് തിരുമേനിയുടെ അദ്ധ്യക്ഷതയിൽ നിർമ്മലഗിരി അരമനയിൽ കൂടിയ ഭദ്രാസന പൊതുയോഗം ഭദ്രാസന സെക്രട്ടറിയായി ഫാദർ തോമസ് പി. യോഹന്നാനേയും ഭദ്രാസന കൗൺസിലേക്ക് ഫാദർ റ്റി.പി. മാത്യൂസ്, ഫാദർ. എം.ഐ. വറുഗീസ്, കെ.കെ. വറുഗീസ്, പി.റ്റി. സ്കറിയാ, എം.കെ. പാപ്പച്ചൻ എന്നിവരെ തെരഞ്ഞെടുത്തു. 1998-99-ലെ വരവുചിലവു കണക്കുകളും 1999-2000 ലേക്കുള്ള ബഡ്ജറ്റും അംഗീകരിച്ചു. ബത്തേരി Y.M.C.A. പ്രസിഡന്റായും ബത്തേരി ഭദ്രാസന യുവജന പ്രസ്ഥാനം വൈസ്പ്രസിഡന്റായും കോഴിക്കോട് യൂണിവേഴ്സിറ്റി അക്കാഡമിക് കൗൺസിൽ അംഗമായും ഫാ. തോമസ് പി. യോഹന്നാൻ പ്രവർത്തിച്ചിട്ടുണ്ട്. ഇപ്പോൾ ബത്തേരി സെന്റ് മേരീസ് കോളേജ് അദ്ധ്യാപകനാണ് അച്ചൻ.





## മദ്ധ്യതിരുവിതാംകൂർ ഓർത്തഡോക്സ് കൺവൻഷൻ 2000 ഫെബ്രുവരി 11 മുതൽ 16 വരെ

ക്രിസ്തുജയന്തി 2000 ആഘോഷിക്കുന്ന ഈ വർഷം വിപുലമായ പരിപാടികളോടെയാണ് കൺവൻഷൻ നടത്തപ്പെടുന്നത്. തുമ്പമൺ ഭദ്രാസനത്തിൽ സൺഡേസ്കൂൾ കുട്ടികൾക്കും യുവജനപ്രസ്ഥാനം അംഗങ്ങൾക്കുമായി ഫെബ്രുവരി 13-ന് ബാല-യുവജനസംഗമം, ഭദ്രാസനത്തിലെ മുഴുവൻ സ്ത്രീസമാജത്തിന്റെയും യുവതി സമാജത്തിന്റെയും പ്രവർത്തകർക്കായി ഫെബ്രു. 12-ന് മഹാജൂബിലി വനിതാസമ്മേളനം ഭദ്രാസനത്തിലെ മുഴുവൻ സുവിശേഷസംഘം പ്രവർത്തകരേയും സംഘടിപ്പിച്ച് ഫെബ്രുവരി 16-ന് സുവിശേഷ സംഗമം എന്നിവ നടത്തുന്നു. കൂടാതെ ധ്യാനസുവിശേഷയോഗങ്ങൾ, വി. അഞ്ചിന്മേൽ കുർബാന, കൗൺസലിംഗ്, മദ്ധ്യസ്ഥപ്രാർത്ഥന, കുടുംബ നവീകരണസമ്മേളനം, കൺവൻഷൻ ക്വയറിന്റെ ഗാനശുശ്രൂഷ എന്നിവ നടക്കും. കൺവൻഷന് പ. ബസ്സേലിയോസ് മാർത്തോമ്മാ മാത്യൂസ് ദ്വിതീയൻ കാതോലിക്കാ ബാവായെ കൂടാതെ അഭി. ഡോ. തോമസ് മാർ മക്കാറിയോസ്, അഭി. ഫിലിപ്പോസ് മാർ യൗസേബിയോസ്, അഭി. കുറിയാക്കോസ് മാർ ക്ലീമ്മീസ്, അഭി. പൗലോസ് മാർ പക്കോമിയോസ്, അഭി. യൂഹാനോൻ മാർ മിലിത്തിയോസ് എന്നീ മെത്രാപ്പോലീത്താമാരും നേതൃത്വം നല്കുന്നു.

## സൺഡേസ്കൂൾ വിജ്ഞാനി



ഓർത്തഡോക്സ് സൺഡേസ്കൂൾ അഖില മലങ്കര മത്സരത്തിൽ 'സൺഡേസ്കൂൾ വിജ്ഞാനി' യായി തെരഞ്ഞെടുക്കപ്പെട്ട ബിന്ദു പി.റ്റി. മാർ ഗ്രീഗോറിയോസ് സൺഡേസ്കൂൾ മാമാങ്കര.

## സൺഡേസ്കൂൾ പ്രവീൺ



ഓർത്തഡോക്സ് സൺഡേസ്കൂൾ അഖില മലങ്കര മത്സരത്തിൽ 'സൺഡേസ്കൂൾ പ്രവീൺ' ആയി തെരഞ്ഞെടുക്കപ്പെട്ട ആൻസി സാറാ ഫിലിപ്പ്. സെന്റ് ഇഗ്നേഷ്യസ് സൺഡേസ്കൂൾ ചെങ്ങന്നൂർ.

## ആശുപത്രിവാർഡ് ഉദ്ഘാടനം

കോയമ്പത്തൂർ: തടാകം ക്രിസ്തു ശിഷ്യ ആശ്രമത്തോടനുബന്ധിച്ചുള്ള ബിഷപ്പ് വാൽഷ് ആശുപത്രിയിലെ പുതിയ വാർഡ് ജനുവരി 8-ന് വിസിറ്റർ മെത്രാപ്പോലീത്ത അഭി. ഫീലിപ്പോസ് മാർ യൗസേബിയോസ് ഉദ്ഘാടനംചെയ്തു. വാർഡിനു അഞ്ചുലക്ഷത്തിൽപരം രൂപ ചെലവായി. ഡോക്ടർമാർക്കുള്ള ക്വാർട്ടേഴ്സിന്റെ ശിലാസ്ഥാപനവും മെത്രാപ്പോലീത്ത നിർവഹിച്ചു.

ബിഷപ്പ് വാൽഷിന്റെ 41-ാം ചരമവാർഷികം പ്രമാണിച്ചു ജനുവരി 9-നു മെത്രാപ്പോലീത്ത തടാകം ആശ്രമം ചാപ്പലിൽ വിശുദ്ധ കുർബാനയും കബറിങ്കൽ പ്രത്യേക ധൂപപ്രാർത്ഥനയും അർപ്പിച്ചു. കെ.വി. മാമ്മൻ അനുസ്മരണപ്രസംഗം ചെയ്തു.

## ഒന്നാം സ്ഥാനം നേടി



കോട്ടയം: അഖില മലങ്കര സൺഡേസ്കൂൾ സെൻട്രൽ സോൺ സീനിയർ സംഗീതത്തിൽ ഒന്നാം സ്ഥാനം നേടിയ ശീതൾ ഏബ്രഹാം പള്ളം സെന്റ് പോൾസ് സൺഡേസ്കൂൾ

## യാത്ര അയപ്പും ചിത്രാനാച്ഛാദനവും

കോട്ടയം: മാങ്ങാനം എബ്നേസർ ഓർത്തഡോക്സ് പള്ളി വികാരിയായി 1971 മുതൽ 1999 വരെ സേവനമനുഷ്ഠിച്ചശേഷം റിട്ടയർ ചെയ്ത ദേവലോകം അരമന മാനേജർ റവ. ഫാ. റ്റി. ജി. സഖറിയായ്ക്ക് മാങ്ങാനം പള്ളിയിൽ കൂടി നടക്കുന്നവരുടേതായി ജനുവരി 9-ാം തീയതി ഒരു യാത്രയയപ്പു നല്കി. ഇടവകയുടെ പെരുന്നാളിനോടനുബന്ധിച്ച് പരുമല സെമിനാരി മാനേജർ വെരി. റവ. പി.എം. ഗീവർഗീസ് റമ്പാൻ വി. കുർബാന അർപ്പിച്ചു. തുടർന്ന് നടന്ന യാത്രയയ്പ്പു സമ്മേളനത്തിൽ റമ്പാച്ചൻ അദ്ധ്യക്ഷത വഹിച്ചു. സി.കെ. ചാക്കോ, അലക്സാണ്ടർ എന്നിവർ ആശംസാ പ്രസംഗം നടത്തി. സഖറിയാ അച്ചന്റെ എണ്ണഛായാ ചിത്രം ബ. റമ്പാച്ചൻ അനാവരണം ചെയ്തു. അച്ചന്റെ സ്തുത്യർഹമായ സേവനത്തിന്റെ സ്മരണയ്ക്കായി ഇടവകയിലെ സീനിയർ മെമ്പർ മി. ജോയി പാറേക്കുളം പാരിതോഷികവും ട്രസ്റ്റി പി.സി. ശമുവേൽ മൊമന്റേയും നല്കി. വികാരി റവ.ഫാ. ഏബ്രഹാം കോര സ്വാഗതവും ബോബി ജോൺ കൃതജ്ഞതയും പറഞ്ഞു.



കാലംചെയ്ത മാർത്തോമ്മാ വലിയ മെത്രാപ്പോലീത്തായ്ക്ക് മലങ്കര സഭയുടെ ആദരാഞ്ജലി

# 32-ാം ഓർമ്മപ്പെരുന്നാൾ

## 2-2-20000



സ്ലീബാദാസ സമൂഹാദ്ധ്യക്ഷനായിരുന്ന അഭിവന്ദ്യ പത്രോസ്
മാർ ഒസ്താത്തിയോസ് തിരുമനസ്സിലെ പാവന സ്മരണയ്ക്കു
മുമ്പിൽ ആദരാഞ്ജലികൾ

**C.THOMAS & FAMILY**

EDMONTON, CANADA



## ക്രൈസ്തവ പ്രസിദ്ധീകരണങ്ങൾ പ്രതിസന്ധിയിൽ

തിരുവല്ല: വർഷങ്ങളായി ക്രൈസ്തവ പ്രസിദ്ധീകരണങ്ങൾക്ക് ലഭ്യമായിരുന്ന പോസ്റ്റൽ സൗജന്യം യാതൊരു തത്വദീക്ഷയുമില്ലാതെ നിർത്തലാക്കിയതിൽ വമ്പിച്ച പ്രതിഷേധം തിരുവല്ല പുലാത്തീൻ അരമനയിൽ കൂടിയ ക്രൈസ്തവ പ്രസിദ്ധീകരണങ്ങളുടെ എഡിറ്റർമാരുടെ സമ്മേളനം രേഖപ്പെടുത്തി. ഫിലിപ്പോസ് മാർ ക്രിസോസ്റ്റം മാർത്തോമ്മാ മെത്രാപ്പോലീത്താ അദ്ധ്യക്ഷം വഹിച്ച സമ്മേളനത്തിൽ ബിഷപ്പ് ഡോ. സാം മാത്യു, ഡോ. തോമസ് മാർ അത്താനാസ്യോസ് തുടങ്ങിയവർ സംബന്ധിച്ചു. എഡിറ്റേഴ്സ് ഗിൽഡിന്റെ സെക്രട്ടറി പ്രൊഫ. മാത്യു കോശി പുന്നക്കാട് വിഷയാവതരണം നടത്തി.

ന്യൂനപക്ഷ അവകാശങ്ങളിൽമേലുള്ള ഗവണ്മെന്റിന്റെ കടന്നുകയറ്റമായി മാത്രമേ ഇതിനെ കാണാൻ പറ്റുകയുള്ളു. 1898-ൽ രൂപീകൃതമായ പോസ്റ്റൽ നിയമത്തിന്റെ ഒരു ഭാഗമാണ് ഗവണ്മെന്റ് ഇപ്പോൾ പോസ്റ്റൽ സൗജന്യം നിർത്തിയതിന് കാരണമായി പറയുന്നത്. "ഒരു പ്രസിദ്ധീകരണത്തിന് പോസ്റ്റൽ സൗജന്യം അനുവദിക്കണമെങ്കിൽ അതിൽ ഭൂരിഭാഗവും രാഷ്ട്രീയവും ശേഷം ആനുകാലികവുമായ വാർത്തകളായിരിക്കണം ഉള്ളടക്കം." ക്രൈസ്തവ പ്രസിദ്ധീകരണങ്ങളെ സംബന്ധിച്ച് സഭാപരമായ വാർത്തകൾ കൂടുതൽ പ്രസിദ്ധീകരിക്കുന്നു.

ബി.ജെ.പി. ഗവണ്മെന്റ് അധികാരത്തിൽ വന്നതിനു ശേഷം പോസ്റ്റൽ നിരക്ക് കുത്തനെ ഉയർത്തുകയും പോസ്റ്റൽ സൗജന്യം നിർത്തലാക്കുകയും ചെയ്തതിന്റെ പിന്നിൽ ആർ.എസ്.എസിന്റെ രഹസ്യ അജണ്ഡയാണെന്ന് പരസ്യമായ രഹസ്യമാണ്.

### പാരിഷ്മിഷൻ

**കോട്ടയം: വൈദിക സെമിനാരി അദ്ധ്യാപകരുടേയും വിദ്യാർത്ഥികളുടെയും നേതൃത്വത്തിൽ മദ്ധ്യവേനൽ അവധിക്കാലത്ത് ഇടവകകളെ കേന്ദ്രീകരിച്ച് പാരിഷ്മിഷൻ നടത്തുന്നു. താല്പര്യമുള്ള ഇടവകകൾ ബന്ധപ്പെടുക.**

**ദിനേഷ് പാറക്കടവിൽ**
**പാരിഷ്മിഷൻ സെക്രട്ടറി**
**ഓർത്തഡോക്സ് തിയോളജിക്കൽ സെമിനാരി**
**പി.ബി. നമ്പർ 98**
**കോട്ടയം-686 001**

## ഗിവ്സൈറ്റ് / ഗിവ് ലൈഫ് പ്രോജക്ട്

**സെന്റ് ഗ്രീഗോറിയോസ് മിഷൻ ഹോസ്പിറ്റൽ, പരുമല, മാന്നാർ. പിൻ 689 626 ഫോൺ: 0479-312266, 312465**

**ഗിവ്സൈറ്റ് പ്രോജക്ട്**

പരുമല സെന്റ് ഗ്രീഗോറിയോസ് മിഷൻ ആശുപത്രിയിലെ നേത്രചികിത്സ വിഭാഗവുമായി ബന്ധപ്പെട്ട് കഴിഞ്ഞ വർഷം ആരംഭിച്ചതാണ് `Give Sight Project'.

സന്മനസ്സുള്ള ആർക്കും `Give Sight Project'-ൽ 1000/- (ആയിരം രൂപ) നല്കി അംഗമാകാം. ഇൻട്രാ ഓക്കുലർ ലെൻസ് (IOL) വച്ചുള്ള നൂതന ശസ്ത്രക്രിയ, പദ്ധതിയിൽ അംഗങ്ങളാകുന്നവരുടെ പേരിൽ ഒരു പാവപ്പെട്ട അന്ധന് ഞങ്ങൾ ചെയ്തുകൊടുക്കും. ഓപ്പറേഷൻ സംബന്ധിച്ച് വരുന്ന മറ്റ് ചിലവുകൾ ആശുപത്രി വഹിക്കും. നിങ്ങളുടെ സഹായത്താൽ കാഴ്ച ലഭിച്ച രോഗിയെ സംബന്ധിച്ച വിവരങ്ങൾ യഥാവസരം നിങ്ങളെ അറിയിക്കുന്നതാണ്.

നേത്രചികിത്സാക്യാമ്പ്: ക്രിസ്റ്റഫൽ ബ്ലൈൻഡൻ മിഷൻ, ജർമ്മനിയുടെ സഹായത്താൽ എല്ലാ വ്യാഴാഴ്ചകളിലും സൗജന്യ നേത്രചികിത്സാക്യാമ്പുകൾ ആശുപത്രിയുടെ ആഭിമുഖ്യത്തിൽ നടത്തിവരുന്നുണ്ട്. താല്പര്യമുള്ളവർ നേത്രചികിത്സാവിഭാഗവുമായി ബന്ധപ്പെട്ടാൽ സൗജന്യ നേത്രചികിത്സാക്യാമ്പുകൾ നടത്തികൊടുക്കുന്നതാണ്.

**ഗിവ് ലൈഫ് പ്രോജക്ട്:**

പരുമല സെന്റ് ഗ്രീഗോറിയോസ് ആശുപത്രിയോട് ചേർന്ന് ഒരു അത്യാധുനിക ലഹരിവിമുക്ത ചികിത്സാകേന്ദ്രം കൂടി ആരംഭിച്ചിട്ടുണ്ട്. ലഹരി വസ്തുക്കൾക്ക് അടിമപ്പെടുക എന്നുള്ളത് ശാരീരികവും മാനസികവുമായ രോഗമാണ്. വിദഗ്ദ്ധചികിത്സയും കൗൺസലിംഗുംകൊണ്ട് ഈ രോഗത്തെ നിയന്ത്രണവിധേയമാക്കാവുന്നതാണ്. ലഹരിക്കടിമയായ ഒരാൾ രക്ഷനേടുമ്പോൾ ഒരു തലമുറയാണ് നന്നാവുന്നത്. ആസക്തി മൂലം സാമ്പത്തികമായി തകർന്ന ഒരാൾക്ക് ആശുപത്രിയിലെ ചികിത്സ ചിലവുകൾ വഹിക്കുവാൻ പ്രയാസമുണ്ട്.

തകർന്ന കുടുംബങ്ങളെ നേർവഴിക്ക് നടത്തുവാനുള്ള ഞങ്ങളുടെ പ്രയത്നത്തിൽ താങ്കൾക്കും പങ്കാളിയാകാം. ലഹരി വിമുക്ത ചികിത്സയ്ക്ക്, രണ്ടാഴ്ചത്തെ ആശുപത്രിയിൽ കിടത്തിയുള്ള ചികിത്സയും തുടർന്ന് ഒരു വർഷത്തെ തുടർപരിപാടികൾക്കുംകൂടി ഏകദേശം 2500/- രൂപ ചിലവുവരും. 2500/- രൂപാ നല്കി താങ്കൾക്ക് ഒരു തലമുറയെ രക്ഷപ്പെടുത്തുവാൻ സാധിക്കും. ഈ തുക ഗഡുക്കളായും അടയ്ക്കാവുന്നതാണ്. സൈക്കോതെറാപ്പി കൗൺസലിംഗ് തുടങ്ങിയ മേഖലകളിൽ പ്രഗത്ഭരായ മനോരോഗ-മനഃശാസ്ത്ര വിദഗ്ദ്ധരുടെ സേവനം ഈ സെന്ററിൽ ലഭ്യമാണ്.

**M.O. / D.D. / Cheque to Give Sight / Give Life Project C/o. Executive Officer, St. Gregorios Hospital, Parumala - 689 626**

# സൺഡേസ്കൂൾ വാർത്തകൾ

2000-ാമാണ്ട് 8-ാം തീയതി ശനിയാഴ്ചദേവലോകത്ത് സൺഡേസ്കൂൾ കേന്ദ്ര ആഫീസിൽവച്ച് മൂന്നു സ്ഥാനങ്ങളിലേക്കുള്ള മത്സരം നടന്നു.

**1. സൺഡേസ്കൂൾ പ്രതിഭ:** 1998-ൽ സൺഡേസ്കൂൾ അസ്സോസിയേഷൻ പുതുതായി ആരംഭിച്ച ഒരു മത്സരവും അതിലെ ഒന്നാം സ്ഥാനക്കാർക്ക് സൺഡേസ്കൂൾ പ്രതിഭയും എന്നാണ് നാമകരണം ചെയ്തത്. സോണൽ സഹപാഠ്യമത്സരങ്ങളിൽ ഒന്നും രണ്ടും സ്ഥാനങ്ങൾ കരസ്ഥമാക്കുന്നവർക്കായിരുന്നു ആ മത്സരം. 1999-ലെ മത്സരത്തിൽ കുന്നംകുളം ഭദ്രാസനത്തിൽപ്പെട്ട ആർത്താറ്റ് സെന്റ് മേരീസിലെ മാസ്റ്റർ അനീഷ് ചാക്കോ സൺഡേസ്കൂൾ 'പ്രതിഭ'യായി തെരഞ്ഞെടുക്കപ്പെട്ടു. ഈയാൾ കുന്നംകുളം സബ്ജില്ലാ വിദ്യാഭ്യാസജില്ലയിലെ യുവജനകലോത്സവത്തിലെ പ്രതിഭ കൂടിയാണെന്നുള്ളത് പ്രത്യേകം പ്രസ്താവയോഗ്യമാണ്.

**2. സൺഡേസ്കൂൾ 'വിജ്ഞാനി':** 1999-ൽ വീണ്ടും ഒരു സ്ഥാനിയെ കൂടി കണ്ടെത്തുവാൻ അസ്സോസിയേഷൻ മുതിർന്നു. അതാണ് 'സൺഡേസ്കൂൾ വിജ്ഞാനി' മലബാർ ഭദ്രാസനത്തിലെ മാമാടങ്കര മാർ ഗ്രീഗോറിയോസ് സൺഡേസ്കൂളിലെ ബിന്ദു പി.റ്റി.യാണ് സൺഡേസ്കൂൾ വിജ്ഞാനി.

സോണൽമത്സരത്തിലെ പൊതുവിജ്ഞാനത്തിലെ ഓരോ സോണിലെയും ഒന്നും രണ്ടും സ്ഥാനങ്ങൾ ലഭിച്ചവരാണം ഈ മത്സരത്തിൽ പങ്കെടുത്തത്.

**3. സൺഡേസ്കൂൾ പ്രവീൺ:** ഈ സ്ഥാനവും 1999-ലാണ് ആരംഭിച്ചത്. 11, 12 ക്ലാസ്സ് വിദ്യാർത്ഥികൾക്കായി മുൻവർഷങ്ങളിൽ നടന്നുവന്നിരുന്ന ഉപന്യാസമത്സരത്തിനുപുറമെ ഒരു പൊതുവിജ്ഞാനമത്സരം കൂടി 1999-ൽ ആരംഭിച്ചു. ഇതിലെ സോണൽ തല വിജയികളാണ് സൺഡേസ്കൂൾ പ്രവീൺ സ്ഥാനത്തേക്ക് മത്സരത്തിനുവന്നത്. ചെങ്ങന്നൂർ ഭദ്രാസനത്തിലെ സെന്റ് ഇഗ്നേഷ്യസ് സൺഡേസ്കൂൾ വിദ്യാർത്ഥിനി ആൻസി സാറാ ഫിലിപ്പാണ് സൺഡേസ്കൂൾ പ്രവീൺ ആയി പ്രഖ്യാപിക്കപ്പെട്ടിരിക്കുന്നത്.

വിജയികൾക്കുള്ള ഫലകങ്ങളും സമ്മാനങ്ങളും സൺഡേസ്കൂൾ അസ്സോസിയേഷന്റെ വാർഷികപൊതുയോഗത്തിൽ വച്ച് പ. കാതോലിക്കാബാവാ പ്രഖ്യാപനം നടത്തി പാരിതോഷികങ്ങൾ സമ്മാനിയ്ക്കുന്നതാണ്.

ഇവയ്ക്ക് ആവശ്യമായ സാമ്പത്തിക സഹായം നല്കുന്നത് പന്തളം ആലുംമൂട്ടിൽ റവ. ഫാ. എ.എം. വറുഗീസ് ആഞ്ഞിലിത്താനം റവ. ഫാ. ജയിക്കബ് തര്യനും. അവർ ഇരുവരോടും അസ്സോസിയേഷന്റെ നന്ദിയും അറിയിക്കുന്നു.

*യോശുവാ അച്ചൻ*
*ഡയറക്ടറർ ജനറൽ*


**M.O.S.C. Medical Mission Eye Hospital**
**Kariambadi P.O., Wayanad, Kerala-673 591**

## ഒപ്താൽ മോളജിസ്റ്റിനെ ആവശ്യമുണ്ട്

മലങ്കരസഭ വകയായ കാര്യമ്പാടി കണ്ണാശുപത്രിയിലേക്ക് M.S. (OR) DO (ophthal) പരിചയസമ്പന്നരായ ഡോക്ടേഴ്സിനെ ആവശ്യമുണ്ട്. ഫേക്കോ ഉപയോഗിച്ചുള്ള താക്കോൽദ്വാരതിമിര ശസ്ത്രക്രിയയും ലേസർ ട്രീറ്റുമെന്റും അറിയുന്നവർക്ക് മുൻഗണന. DO പാസ്സായവർ ഇവിടെ രണ്ടുവർഷത്തെ സേവനം കഴിഞ്ഞു ബോണ്ടു നല്കാൻ തയ്യാറാണെങ്കിൽ C.B.M.സഹായത്തോടെ M.S.-ന് സ്പോൺസർ ചെയ്തയയ്ക്കാനും സാധ്യതയുണ്ട്. എല്ലാ ആധുനിക നേത്രചികിത്സാ സൗകര്യങ്ങളുമുള്ള ഒരു സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രിയാണിത്. ഇപ്പോൾ 3 വിദഗ്ദ്ധ ഡോക്ടർമാർ സേവനം അനുഷ്ഠിച്ചു വരുന്നു.

ഉടനെ അപേക്ഷിക്കുകയോ നേരിട്ട് ബന്ധപ്പെടുകയോ ചെയ്യുക.

സെക്രട്ടറി
ഫോൺനമ്പർ: (Off.) 0493-648034
(Res.) 0493-647912



**V^th Death Anniversary**
**27-2-2000**

## LUKOSE PODIYAN

**Nellivila House, Elampal, Punalur**




"They who served and died in hope.
Trusting in Thy mercy, Lord may Thy living voice
them raise from their graves to Paradise."

*By Sorrowing family*
Leelamma Podiayn, Shibu Podiyan, Viji Podiyan, Aaron Luke Podiyan




## മലങ്കരസഭാ ഭാസുരൻ വട്ടശ്ശേരിൽ ഗീവർഗീസ് മാർ ദിവന്നാസ്യോസ് മലങ്കര മെത്രാപ്പോലീത്തായുടെ 66-ാം ഓർമ്മ

(കോട്ടയം പഴയ സെമിനാരി ചാപ്പൽ)




*Licence No. 475, 11th April 1946. Registered No. KL KTM-38*

**THE MALANKARA SABHA**

CATHOLICATE OFFICE, KOTTAYAM-686 038

## 5-ാം ചരമവാർഷികം

## 19-2-2000



# REV. FR. JOHN MATHEW

## U.S.A.

*Inserted by:*

**MRS. GRACY MATHEW & FAMILY**

**NEW JERSEY, U.S.A.**

Printed and Published by Fr. T.G. Zacharia for Orthodox Viswasa Paripalana Samithy, Kottayam at the Catholicate Press, Kottayam-38. Chief Editor Rev. Dr. Jacob Kurian.

Rs. 5/-